# കേരള സർക്കാർ

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

## ചങ്ങരോത്ത് ഗ്രാമപഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

2024-2025

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
കോഴിക്കോട്-673020

ഇ-മെയിൽ: dokkd.ksad@kerala.gov.in

ഫോൺ : 0495-2371012

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: KSA/KKD/C1/1843 /2025

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
കോഴിക്കോട്-673020
തീയ്യതി: 07/10/2025
ഇ-മെയിൽ: dokkd.ksad@kerala.gov.in
ഫോൺ: 0495-2371012

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
ചങ്ങരോത്ത് ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : ചങ്ങരോത്ത് ഗ്രാമപഞ്ചായത്തിന്റെ 2024-2025 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം ചങ്ങരോത്ത് ഗ്രാമപഞ്ചായത്തിന്റെ 2024-2025 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1ലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/ തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) ജോയിന്റ് ഡയറക്ടർ, തദ്ദേശ സ്വയംഭരണ വകുപ്പ്, കോഴിക്കോട്.
3) കാര്യാലയ പകർപ്പ്.

നമ്പർ: KSA/KKD/C1/1843 /2025 തീയ്യതി: 07/10/2025

## കോഴിക്കോട് ജില്ലയിലെ ചങ്ങരോത്ത് ഗ്രാമപഞ്ചായത്തിന്റെ 2024-2025 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

കോഴിക്കോട് ജില്ലയിലെ ചങ്ങരോത്ത് ഗ്രാമപഞ്ചായത്തിന്റെ 2024-2025 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 07-08-2024 മുതൽ 29-08-2025 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, 07-08-2024 മുതൽ 31-03-2025 വരെ വിവിധ അക്കൗണ്ടുകളിൽ നിന്നും നടത്തിയിട്ടുള്ള പണം പിൻവലിക്കൽ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 29 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 2 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/ പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

## (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീ.ബിജേഷ്.എ.എസ് (കെ.എ.എസ്) | ഡെപ്യൂട്ടി ഡയറക്ടർ | 22-08-2025 | 29-08-2025 |

ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി (മുതൽ) | തീയതി (വരെ) |
|---|---|
| 22-08-2025 | 29-08-2025 |

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

ശ്രീമതി.ശ്രീജ തെക്കൻ, ഓഡിറ്റ് ഓഫീസർ(ഹ.ഗ്രേ)
ശ്രീ.വിനോദ് പി.എ, ഓഡിറ്റ് ഓഫീസർ
ശ്രീമതി.ദിശ ആർ.കെ, അസി.ഓഡിറ്റ് ഓഫീസർ
ശ്രീ.ജാസിർ.സി.എം, സീനിയർ ഗ്രേഡ് ഓഡിറ്റർ
ശ്രീ.മുഹമ്മദ് ജയ്സൽ കെ, ഓഡിറ്റർ

## (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീ.ഉണ്ണി വേങ്ങേരി | പ്രസിഡന്റ് | 01-04-2024 | 31-03-2025 |
| ശ്രീ.ഷാജി എം സ്റ്റീഫൻ | സെക്രട്ടറി | 01-04-2024 | 31-03-2025 |

## നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീമതി.സോണി എം | അസി.എഞ്ചിനീയർ | 01-04-2024 | 26-05-2024 |
| ശ്രീ.അനീഷ് എസ് | അസി.എഞ്ചിനീയർ(ഇൻ ചാർജ്) | 27-05-2024 | 01-09-2024 |
| ശ്രീ.ഷാജി എം സ്റ്റീഫൻ(സെക്രട്ടറി) | അസി.എഞ്ചിനീയർ(ഇൻ ചാർജ്) | 02-09-2024 | 31-03-2025 |
| ശ്രീമതി.അഞ്ചു തോമസ് | കൃഷി ഓഫീസർ | 01-04-2024 | 31-03-2025 |
| ഡോ.ആനന്ദ് ഇ.വി | മെഡിക്കൽ ഓഫീസർ(എഫ്.എച്.സി) | 01-04-2024 | 31-03-2025 |
| ഡോ.സൌമ്യ എം | മെഡിക്കൽ ഓഫീസർ(ആയുർവേദം) | 01-04-2024 | 31-03-2025 |
| ശ്രീമതി.പ്രമീള കെ | ഹെഡ്മിസ്ട്രസ് | 01-04-2024 | 12-06-2024 |
| ശ്രീമതി.ബിന്ദു പി | ഹെഡ്മിസ്ട്രസ് | 14-06-2024 | 31-03-2025 |
| ഡോ.അശ്വതി എസ്,ആർ | വെറ്റിനറി സർജൻ | 01-04-2024 | 28-02-2025 |
| ഡോ.ജിത്തു കെ.എസ് | വെറ്റിനറി സർജൻ | 01-03-2025 | 31-03-2025 |
| ശ്രീമതി.ധന്യ മാധവൻ | വി.ഇ.ഒ(ചങ്ങരോത്ത് സർക്കിൾ) | 01-04-2024 | 31-03-2025 |
| ശ്രീമതി.ധന്യ മാധവൻ | വി.ഇ.ഒ(പാലേരി സർക്കിൾ)-ഇൻചാർജ് | 01-04-2024 | 08-10-2024 |
| ശ്രീമതി.മഞ്ജുഷ ടി | വി.ഇ.ഒ(പാലേരി സർക്കിൾ) | 09-10-2024 | 31-03-2025 |
| ശ്രീമതി.മോനിഷ എം | ഐ.സി.ഡി.എസ് സൂപ്പർവൈസർ | 01-04-2024 | 22-07-2024 |

| | | | |
|---|---|---|---|
| ശ്രീമതി.നിഷ പി | ഐ.സി.ഡി.എസ് സൂപ്പർവൈസർ | 01-08-2024 | 31-03-2025 |
| ശ്രീ.അർജ്ജുൻ കെ പി | ഡയറി ഫാം ഇൻസ്ട്രക്ടർ | 01-04-2024 | 31-03-2025 |
| ശ്രീ.ശ്രീജിത്ത്.പി.എം | അസി.സെക്രട്ടറി | 01-04-2024 | 18-09-2024 |
| ശ്രീ.ഗിരീഷൻ പി.എം | അസി.സെക്രട്ടറി | 18-09-2024 | 31-03-2025 |

## ഉള്ളടക്കം


| ക്രമ നം | ഭാഗം 1 | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ഓഡിറ്റ് സർട്ടിഫിക്കറ്റ് | 1-1 |
| 2 | അക്കൗണ്ടിങ്-പൊതു പരാമർശങ്ങൾ | 1-1-1 |
| 3 | ഡിമാന്റ് എൻട്രികൾ സമയബന്ധിതമായി രേഖപ്പെടുത്തുന്നില്ല | 1-1-2 |
| 4 | വിവിധ ചെലവുകൾക്ക് ബാലൻസ് ഷീറ്റിൽ പ്രൊവിഷൻ രേഖപ്പെടുത്തിയിട്ടില്ല | 1-1-3 |
| 5 | ആസ്തി സൃഷ്ടിച്ച ചെലവുകൾ റവന്യൂ ചെലവായി ബുക്ക് ചെയ്യുന്നു | 1-1-4 |
| 6 | Stale Cheque-ബാധ്യതയിൽ നിന്നും വരുമാന ശീർഷകത്തിലേയ്ക്ക് മാറ്റിയിട്ടില്ല. | 1-1-5 |
| 7 | അവശേഷിക്കുന്ന ഗ്രാന്റ് തുക ബാങ്ക് ബാലൻസുമായി പൊരുത്തപ്പെടുന്നില്ല | 1-1-6 |
| 8 | ഡിപ്രിസിയേഷൻ ആസ്തിയേക്കാൾ അധികരിക്കുന്നു | 1-1-7 |
| 9 | ഡെപ്പോസിറ്റ് പ്രവൃത്തിക്ക് നൽകിയ തുകകൾ ശരിയായ ശീർഷകത്തിൽ ഉൾപ്പെടുത്തിയില്ല. | 1-1-8 |
| 10 | പെർമിറ്റ് റീഫണ്ട് തുകകൾ തെറ്റായ ഹെഡിൽ രേഖപ്പെടുത്തുന്നു | 1-1-9 |
| 11 | തൊഴിലുറപ്പ് പദ്ധതി - ചെലവ് ഹെഡ് മാറി പോസ്റ്റ് ചെയ്യുന്നു | 1-1-10 |
| 12 | തെറ്റായ ഹെഡ്ഡിൽ ചെലവ് ബുക്ക് ചെയ്യുന്നു. | 1-1-11 |
| 13 | ഡെപ്പോസിറ്റ് പ്രവൃത്തിക്കായി സ്വീകരിച്ച തുക നാളിതുവരെയും ക്രമീകരിച്ചില്ല | 1-1-12 |
| 14 | Other Deposits എന്ന ഹെഡിൽ വരവായി രേഖപ്പെടുത്തിയ തുക സംബന്ധിച്ച് വ്യക്തതയില്ല. | 1-1-13 |
| 15 | പണമാകാത്ത ചെക്കുകൾ Stale Cheque ശീർഷകത്തിലേയ്ക്ക് മാറ്റിയിട്ടില്ല. | 1-1-14 |
| 16 | Cheque Deposited But Not Cleared ഇനത്തിലെ തുകകൾ ക്രമീകരിക്കുന്നില്ല | 1-1-15 |
| 17 | Directly Debited By Bank തുകകൾ ക്രമീകരിച്ചില്ല | 1-1-16 |
| 18 | ലേല തുകകളുടെ ആധികാരികത ബോധ്യപ്പെട്ടില്ല | 1-1-17 |
| 19 | ഡെപ്രിസിയേഷൻ രേഖപ്പെടുത്തിയതിലെ അപാകതകൾ | 1-1-18 |
| 20 | ഓഡിറ്റ് റിക്കവറി-ഈടാക്കിയ തുക തനത് ഫണ്ടിൽ സൂക്ഷിക്കുന്നു | 1-1-19 |
| 21 | ദുരിതാശ്വാസനിധി സൂക്ഷിക്കുന്നതിനായി പ്രത്യേകം ബാങ്ക് അക്കൗണ്ട് ആരംഭിച്ചില്ല. | 1-1-20 |
| 22 | ബജറ്റ് | 1-2 |
| 23 | സാമ്പത്തിക വിശകലനം (റസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ് പ്രകാരം) | 1-3 |
| 24 | ഫണ്ട് വിനിയോഗം | 1-4 |
| 25 | പദ്ധതി അവലോകനം | 1-5 |
| 26 | ക്ഷേമ പദ്ധതികൾ | 1-6 |
| 27 | ക്യാഷ് ബാലൻസ് പരിശോധന | 1-7 |
| 28 | അഡ്വാൻസ്,ഡെപ്പോസിറ്റ് തുകകൾ ക്രമീകരിക്കുന്നില്ല | 1-8 |

| | | |
|---|---|---|
| 29 | വസ്തു നികുതി പരിഷ്കരണം പൂർത്തിയാക്കിയില്ല | 1-9 |
| 30 | ഒക്യുപ്പൻസിയ്ക്ക് ശേഷം കെട്ടിടത്തിൽ മാറ്റം വരുത്തി | 1-10 |
| 31 | ട്യൂട്ടോറിയൽ സ്ഥാപനങ്ങൾ രജിസ്ട്രേഷൻ ഇല്ലാതെ പ്രവർത്തിക്കുന്നു | 1-11 |
| 32 | വളർത്തുനായകൾക്ക് ലൈസൻസ് നൽകൽ-അപാകതകൾ | 1-12 |
| 33 | വാണിജ്യ വ്യാപാര സ്ഥാപനങ്ങൾ ലൈസൻസ് ഇല്ലാതെ പ്രവർത്തിക്കുന്നു | 1-13 |
| 34 | പാരാമെഡിക്കൽ സ്ഥാപനങ്ങൾ രജിസ്ട്രേഷൻ പുതുക്കുന്നില്ല | 1-14 |
| 35 | മഹാത്മാ ഗാന്ധി തൊഴിലുറപ്പ് പദ്ധതി - വിജിലൻസ് റിപ്പോർട്ടിന്റെ തുടർനടപടികൾ ലഭ്യമല്ല | 1-15 |
| 36 | അനുപൂരക പോഷകാഹാരം പദ്ധതി നടത്തിപ്പിലെ അപാകതകൾ | 1-16 |
| 37 | വാഹന വാടക- സ്രോതസ്സിൽ നിന്നും ആദായ നികുതി കുറവ് ചെയ്തില്ല | 1-17 |
| 38 | ധനകാര്യ കമ്മീഷൻ ഗ്രാന്റ് ഉപയോഗിച്ച് പഞ്ചായത്തിന്റെ ഇലക്ട്രിസിറ്റി ചാർജ്ജ് അടച്ചു. | 1-18 |
| 39 | പ്രൊവിഷൻ രേഖപ്പെടുത്താതെയും മുൻപ് ചെലവ് ചെയ്തതാണോ എന്ന് ഉറപ്പാക്കാതെയും തുക നൽകി | 1-19 |
| 40 | പട്ടികജാതി വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് - പ്രോജക്ട് നിർവ്വഹണത്തിലെ അപാകതകൾ | 1-20 |
| 41 | കോക്ലിയാർ ഇംപ്ലാന്റ് മെയിന്റനൻസ് - തെറ്റായ അക്കൗണ്ടിലേക്ക് തുക കൈമാറിയതും മറ്റ് അപാകതകളും | 1-21 |
| 42 | പൊതുമരാമത്ത് വകുപ്പിൽ തുക ഡെപ്പോസിറ്റ് ചെയ്തു - പ്രവൃത്തികൾ നാളിതുവരെ ആരംഭിച്ചിട്ടില്ല. | 1-22 |
| 43 | എം.സി.എഫ് കെട്ടിടത്തിന് വാടക നൽകൽ -വാടക നിരക്ക് നിശ്ചയിച്ചതിന്റെ രേഖകൾ ലഭ്യമല്ല. | 1-23 |
| 44 | ക്ഷീര കർഷകർക്ക് ഇൻസെന്റീവ്- രേഖകൾ ലഭ്യമല്ല | 1-24 |
| 45 | പ്രൊജക്റ്റുകൾ പ്രകാരം തുക കൈമാറി - കെ.എം.എസ്.സി.എൽ/ഹോംകോ എന്നിവയിൽ നിന്നും മരുന്ന് , ഉപകരണങ്ങൾ എന്നിവ ലഭ്യമായില്ല. | 1-25 |
| 46 | അജൈവ മാലിന്യം കയറ്റി അയക്കൽ- തൂക്കം പരിശോധിച്ച് ഉറപ്പു വരുത്തിയില്ല | 1- 26 |
| 47 | കൃത്യമായ പരിശോധന നടത്താതെ വർഷം തോറും പൊതു ടാപ്പുകളുടെ വെള്ളക്കരമിനത്തിൽ ഭീമമായ സംഖ്യ ചെലവഴിക്കുന്നു. | 1-27 |
| 48 | സ്ട്രക്ച്ചറൽ ഡിസൈനിങ്ങിന് തുക നൽകൽ - പണം മുടക്കിയെങ്കിലും നിർമ്മാണങ്ങൾ ആരംഭിച്ചിട്ടില്ല. | 1-28 |
| 49 | സബ്സെന്റർ നിർമ്മാണ പ്രവൃത്തി ആരംഭിക്കാത്തതിനാൽ ഹെൽത്ത് ഗ്രാന്റ് തിരിച്ചടവാക്കി. | 1-29 |
| 50 | ആർ ട്രാക്ക് പദ്ധതി നടപ്പിലാക്കിയില്ല | 1-30 |
| 51 | ചെറിയകുമ്പളം ജി .എൽ. പി സ്കൂൾ - മേൽക്കൂര മാറ്റൽ പദ്ധതി നടത്തിപ്പിലെ അപാകതകൾ | 1-31 |
| 52 | അഗതി -ആശ്രയ അനർഹരെ കണ്ടെത്തുന്നതിന് നടപടികൾ സ്വീകരിച്ചില്ല | 1- 32 |

| | | |
|---|---|---|
| 53 | ബഡ്സ് റിഹാബിലിറ്റേഷൻ സെന്റർ മതിയായ രജിസ്ട്രേഷൻ ഇല്ലാതെ പ്രവർത്തിക്കുന്നു. | 1-33 |
| 54 | ജലജീവൻ മിഷൻ | 1-34 |
| 55 | ഹെൽത്ത് ഗ്രാന്റ് അവലോകനം | 1- 35 |
| | ഭാഗം **2** | |
| | --- No Records Found --- | |
| | ഭാഗം **3** | |
| | --- No Records Found --- | |
| | ഭാഗം **4** | |
| 1 | മെഡിസെപ് പ്രീമിയം ഒടുക്ക് സംബന്ധിച്ച പരിശോധന | 4-1 |
| 2 | വാർഷിക ധനകാര്യ പത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം | 4-2 |
| 3 | സംയുക്ത പ്രൊജക്ടുകൾക്ക ലഭിച്ച ഫണ്ട് വിനിയോഗം | 4-3 |
| 4 | മൊബിലൈസേഷൻ അഡ്വാൻസ് | 4-4 |
| 5 | ഡെപ്പോസിറ്റ് വർക്കുകൾക്ക് നൽകിയ തുകയുടെ വിവരം | 4-5 |
| 6 | വായ്പ / വായ്പ തിരിച്ചടവ് | 4-6 |
| 7 | സ്ഥിര നിക്ഷേപം | 4-7 |
| 8 | ഓഡിറ്റ് റിക്കവറി | 4-8 |
| 9 | സമാഹൃത ഓഡിറ്റ് റിപ്പോർട്ട് | 4-9 |
| 10 | ചാർജ് /സർചാർജ് നടപടികളുടെ വിവരം | 4-10 |
| 11 | ഓഡിറ്റ് പ്രത്യവലോകനം | 4-11 |
| 12 | തീർപ്പാക്കാൻ അവശേഷിക്കുന്നഓഡിറ്റ് റിപ്പോർട്ടുകൾ | 4-12 |
| | അനുബന്ധം | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം | |

# ഭാഗം -1

## പൊതു അവലോകനം

### 1-1 ഓഡിറ്റ് സർട്ടിഫിക്കറ്റ്

1. ചങ്ങരോത്ത് ഗ്രാമപഞ്ചായത്തിന്റെ 2025 മാർച്ച് 31-ന് അവസാനിച്ച വർഷത്തെ റസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ്, ഇൻകം & എക്സ്പെൻഡിച്ചർ അക്കൗണ്ട് എന്നിവയും 31.03.2025 തീയതി പ്രകാരമുള്ള ആസ്തി ബാധ്യതാ സ്റ്റേറ്റ്മെന്റും ഉൾപ്പെടുന്ന ധനകാര്യ പത്രികകളും പ്രസ്തുത ധനകാര്യ പത്രികകൾക്ക് അനുബന്ധമായി ഉൾപ്പെടുത്തിയിട്ടുള്ള ഫോറങ്ങളും ഭരണസമിതിയുടെ 02.06.2025 തീയതിയിലെ 1/1 നമ്പർ തീരുമാനപ്രകാരം തയ്യാറാക്കി 03.06.2025 തീയതിയിൽ എയിംസിലൂടെ സമർപ്പിച്ചിട്ടുണ്ട്. പ്രസ്തുത വാർഷിക ധനകാര്യ പത്രികകളും അനുബന്ധ ഫോറങ്ങളും ഇവ വെളിപ്പെടുത്തുന്ന സാമ്പത്തിക നിലയും 1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം വകുപ്പ് 215(4), 2011 ലെ കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്) ചട്ടങ്ങൾ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് ബാധകമായ ഓഡിറ്റ് മാന്വൽ അദ്ധ്യായം 4.2.1, 11.3 എന്നിവയിലെ വ്യവസ്ഥകൾ പ്രകാരവും കേന്ദ്ര/സംസ്ഥാന സർക്കാർ മാർഗ്ഗ നിർദ്ദേശങ്ങൾ, ധനകാര്യ കമ്മീഷൻ, മറ്റ് ഫണ്ടിങ് ഏജൻസികൾ എന്നിവ കാലാകാലങ്ങളിൽ പുറപ്പെടുവിക്കുന്ന മാർഗ്ഗനിർദ്ദേശങ്ങൾ എന്നിവ പാലിച്ചും ഞാൻ ഓഡിറ്റിന് വിധേയമാക്കിയിട്ടുണ്ട്. ഈ അക്കൗണ്ടുകൾ തയ്യാറാക്കുന്നത് പഞ്ചായത്ത് രാജ് സ്ഥാപന മാനേജ്മെന്റിന്റെ ഉത്തരവാദിത്തമാണ്. ഫിനാൻഷ്യൽ ഓഡിറ്റിനെ അടിസ്ഥാനമാക്കി ഈ അക്കൗണ്ടുകളെ കുറിച്ച് അഭിപ്രായം പ്രകടിപ്പിക്കുക എന്നതാണ് എന്റെ ഉത്തരവാദിത്തം.

2. സി. & എ. ജി. ഓഫ് ഇന്ത്യ പുറപ്പെടുവിച്ചിട്ടുള്ള ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾ, പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഫിനാൻഷ്യൽ ഓഡിറ്റിന് വേണ്ടിയുള്ള മാർഗ്ഗനിർദ്ദേശങ്ങൾ എന്നിവ അനുസരിച്ചാണ് വാർഷിക ധനകാര്യപത്രികകളിന്മേൽ ഞാൻ ഫിനാൻഷ്യൽ ഓഡിറ്റ് നടത്തിയത്. വാർഷിക ധനകാര്യപത്രികകൾ വസ്തുതാപരമായ തെറ്റുകളിൽ നിന്ന് മുക്തമാണോ എന്ന് ന്യായമായ ഉറപ്പ് ലഭിക്കുന്നതിന് ഞാൻ ഓഡിറ്റ് ആസൂത്രണം ചെയ്ത് നടപ്പിലാക്കേണ്ടതുണ്ട് എന്ന് ഈ മാനദണ്ഡങ്ങൾ/ മാർഗ്ഗനിർദ്ദേശങ്ങൾ ആവശ്യപ്പെടുന്നു. വാർഷിക ധനകാര്യ പത്രികകൾ വെളിപ്പെടുത്തുന്ന തുകകളെ പിന്തുണയ്ക്കുന്ന തെളിവുകളുടെ പരിശോധന ഓഡിറ്റിൽ ഉൾപ്പെടുന്നു. കൂടാതെ പഞ്ചായത്ത് രാജ് സ്ഥാപനം പാലിച്ചിട്ടുള്ള അക്കൗണ്ടിങ് തത്വങ്ങളും തയ്യാറാക്കപ്പെട്ട സുപ്രധാനമായ എസ്റ്റിമേറ്റുകളും വിലയിരുത്തുന്നതും അക്കൗണ്ടുകളുടെ മൊത്തത്തിലുള്ള അവതരണം വിലയിരുത്തുന്നതും ഓഡിറ്റിൽ ഉൾപ്പെടുന്നു. എന്റെ അഭിപ്രായത്തിന് ന്യായമായ അടിസ്ഥാനം എന്റെ ഓഡിറ്റ് നൽകുമെന്ന് ഞാൻ വിശ്വസിക്കുന്നു.

3. എനിക്ക് ആവശ്യമായതും ലഭിച്ചതുമായ വിവരങ്ങളുടെയും വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും അക്കൗണ്ടുകളുടെ ഫിനാൻഷ്യൽ ഓഡിറ്റിന്റെ ഫലമായി എനിക്ക് ലഭിച്ച ഏറ്റവും വിശ്വസനീയമായ വിവരങ്ങളുടെയും സ്ഥാപനം ലഭ്യമാക്കിയ വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും അനുബന്ധ റിപ്പോർട്ടിലെ എന്റെ നിരീക്ഷണങ്ങൾക്ക് വിധേയമായി ഞാൻ ഇപ്രകാരം സാക്ഷ്യപ്പെടുത്തുന്നു.

#### വിശേഷണങ്ങളോട് കൂടിയ അഭിപ്രായം

അനുബന്ധ റിപ്പോർട്ടിലെ യോഗ്യമായ അഭിപ്രായത്തിന്റെ അടിസ്ഥാനത്തിൽ അതിൽ വിവരിച്ചിരിക്കുന്ന കാര്യങ്ങൾ ഒഴികെ, അതിലെ മറ്റ് നിരീക്ഷണങ്ങൾക്ക് വിധേയമായി, ചങ്ങരോത്ത് ഗ്രാമപഞ്ചായത്തിന്റെ 2024-25 വർഷത്തേയ്ക്കുള്ള വാർഷിക ധനകാര്യപത്രികകൾ 31.03.2025 ൽ അവസാനിച്ച സാമ്പത്തിക വർഷത്തെ സാമ്പത്തിക ഇടപാടുകളുടെയും 31.03.2025 ലെ സാമ്പത്തിക നിലയുടെയും സത്യസന്ധവും ന്യായവുമായ ചിത്രം നൽകുന്നു.

സ്ഥലം : കോഴിക്കോട്

തീയതി: 07.10.2025 ഡെപ്യൂട്ടി ഡയറക്ടർ

### 1-1-1 അക്കൗണ്ടിങ്-പൊതു പരാമർശങ്ങൾ

A)മുഴുവൻ പത്രികകളും സമർപ്പിച്ചില്ല

2011-ലെ കേരള പഞ്ചായത്ത് രാജ് അക്കൗണ്ട് ചട്ടങ്ങൾ ചട്ടം 62-2(ഇ) പ്രകാരമുള്ള അക്കൗണ്ടിൻമേലുള്ള കുറിപ്പുകൾ, ചട്ടം 62-2 (എഫ്) പ്രകാരമുള്ള വാർഷിക അനുപാതങ്ങൾ, എന്നിവ തയ്യാറാക്കി വാർഷിക ധനകാര്യ പത്രികക്കൊപ്പം സമർപ്പിച്ചിട്ടില്ല.

തൻവർഷത്തെ വരവ് ചെലവ് ക്രമീകരിച്ചതിന്റെ (പഞ്ചായത്ത് ഫണ്ട്) കണക്ക് ഉൾപ്പെടുത്തിയ B1 ഷെഡ്യൂൾ വാർഷികധനകാര്യ പത്രികയൊടൊപ്പം ലഭ്യമാക്കിയിട്ടില്ല.

B)ക്യാഷ് ഫ്ലോ സ്റ്റേറ്റ്മെന്റിലെ ക്യഷ് ഫ്ലോ തുകയും മുന്നിരിപ്പ് നീക്കിയിരിപ്പ് തുകകളുടെ വ്യത്യാസവും പൊരുത്തപ്പെടുന്നില്ല.

ക്യാഷ് ഫ്ലോ പത്രികയിലെ തൻവർഷത്തെ ആകെ ക്യാഷ് ഫ്ലോയും (2,14,91,686) പത്രികയിൽ മുന്നിരിപ്പും നീക്കിയിരിപ്പും തമ്മിലുള്ള വ്യത്യാസമായി ചേർത്തിരിക്കുന്ന തുകയും (2,01,11,690) തമ്മിൽ പൊരുത്തപ്പെടുന്നില്ല.

1-1-2 ഡിമാന്റ് എൻട്രികൾ സമയബന്ധിതമായി രേഖപ്പെടുത്തുന്നില്ല

കേരള പഞ്ചായത്ത് രാജ് അക്കൗണ്ട് ചട്ടങ്ങൾ, ചട്ടം 17(2) പ്രകാരം ഗ്രാമപഞ്ചായത്തിന്റെ അക്രൂവൽ അടിസ്ഥാനത്തിലുള്ള വരവിനങ്ങളുടെ ഡിമാന്റ് എൻട്രികൾ പ്രതിമാസം ജേണൽ എൻട്രി മുഖേന രേഖപ്പെടുത്തേണ്ടതാണ്. എന്നാൽ വിവിധ വരുമാനങ്ങളുടെ ലെഡ്ജർ പരിശോധിച്ചതിൽ, ഗ്രാമപഞ്ചായത്തിൽ 2024-25 സാമ്പത്തിക വർഷാവസാനം മാത്രമാണ് ഡിമാന്റ് എൻട്രി രേഖപ്പെടുത്തിയിട്ടുള്ളത്. ഉദാഹരണം ചുവടെ ചേർക്കുന്നു.

| ഹെഡ് | ഇനം | ഡിമാന്റ് രേഖപ്പെടുത്തിയ തീയതി |
|---|---|---|
| 110100101 | Property Tax On Residential Building | 31.03.2025 |
| 110100102 | Property Tax On Non Residential Building | |
| 110200101 | Profession Tax Institution | |
| 110200105 | Profession Tax Traders | |

1-1-3 വിവിധ ചെലവുകൾക്ക് ബാലൻസ് ഷീറ്റിൽ പ്രൊവിഷൻ രേഖപ്പെടുത്തിയിട്ടില്ല

2024-25 സാമ്പത്തിക വർഷത്തിനുള്ളിൽ പൂർത്തീകരിക്കാനാവാത്ത വിവിധ ചെലവുകൾക്ക് (ഉദാഹരണമായി ജനപ്രതിനിധികളുടെ ഓണറേറിയം, ഇന്ധനചെലവ്) ബാലൻസ് ഷീറ്റ് ബി 9 ഷെഡ്യൂളിൽ പ്രൊവിഷൻ രേഖപ്പെടുത്തിയിട്ടില്ല.

1-1-4 ആസ്തി സൃഷ്ടിച്ച ചെലവുകൾ റവന്യൂ ചെലവായി ബുക്ക് ചെയ്യുന്നു

വിവിധ ഫണ്ടുകളിൽ നിന്നും (വികസന ഫണ്ട്, സി.എഫ്.സി ഗ്രാന്റ്, മെയിന്റനൻസ് ഗ്രാന്റ്,തനത് ഫണ്ട്) ആസ്തി സൃഷ്ടിക്കുന്നതിനായി ചെലവഴിക്കുന്ന തുകകൾ B3 ഷെഡ്യൂളിൽ അക്കൗണ്ട് ചെയ്യേണ്ടതാണ്. എന്നാൽ ബാലൻസ് ഷീറ്റിലെ B11(e) ഷെഡ്യൂൾ പ്രകാരം ആസ്തികൾ സൃഷ്ടിക്കപ്പെട്ടിട്ടുണ്ടെങ്കിലും B3 ഷെഡ്യൂളിൽ പ്രസ്തുത ചെലവുകൾ അക്കൗണ്ട് ചെയ്യപ്പെട്ടിട്ടില്ല. മുൻ

വർഷത്തെ അതേ തുകകൾ തന്നെയാണ് തൻവർഷവും നീക്കിയിരിപ്പായി എടുത്തിട്ടുള്ളത്. ആസ്തി സൃഷ്ടിക്കുന്ന ചെലവുകൾ റവന്യു ചെലവായാണ് വാർഷിക കണക്കിൽ ബുക്ക് ചെയ്യുന്നത്.

ഉദാ. ഹയർ സെക്കന്ററി സ്കൂളിലേക്ക് സാനിറ്ററി പാഡ് ഡിസ്പോയർ (പ്രൊ.നം.126/25)-Cfc-127350, പഞ്ചായത്ത് ഓഫീസ് ഇൻവെർട്ടർ സ്ഥാപിക്കൽ (പ്രൊ.നം236/25)-Dev Fund-11500.

### 1-1-5 Stale Cheque-ബാധ്യതയിൽ നിന്നും വരുമാന ശീർഷകത്തിലേയ്ക്ക് മാറ്റിയിട്ടില്ല.

വാർഷിക കണക്ക് B9 ഷെഡ്യൂൾ പ്രകാരം Liability In Respect Of Stale Cheque ശീർഷകത്തിൽ 2802/- രൂപ മുൻ വർഷങ്ങളിലേത് പോലെ തൻവർഷവും നീക്കിയിരിപ്പായി തുടരുന്നു. ആയത് നാളിതുവരെയും വരുമാന ശീർഷകത്തിലേക്ക് മാറ്റിയിട്ടില്ല.

### 1-1-6 അവശേഷിക്കുന്ന ഗ്രാന്റ് തുക ബാങ്ക് ബാലൻസുമായി പൊരുത്തപ്പെടുന്നില്ല

വാർഷിക കണക്കിൽ വിവിധ ഗ്രാന്റുകളുടെ/ഫണ്ടുകളുടെ നീക്കിയിരിപ്പായി കാണിച്ചിട്ടുള്ള തുകകൾ അനുബന്ധ ബാങ്ക് ബുക്കിലെ നീക്കിയിരിപ്പുമായി പൊരുത്തപ്പെടുന്നില്ല. വിശദാംശം ചുവടെ ചേർക്കുന്നു.

| ഗ്രാന്റ്/ഫണ്ട് ഇനം | B4/B2 പ്രകാരമുള്ള നീക്കിയിരിപ്പ് | ബാങ്കിലെ നീക്കിയിരിപ്പ് |
|---|---|---|
| MNREGS | 7,63,170/- | 7,66,972/- |
| ശുചിത്വ മിഷൻ ഗ്രാന്റ് | 9,59,790/ | 0/- |

### 1-1-7 ഡിപ്രിസിയേഷൻ ആസ്തിയേക്കാൾ അധികരിക്കുന്നു

വാർഷിക കണക്ക് B11 ഷെഡ്യൂൾ പ്രകാരം Other Fixed Assets ഇനത്തിൽ 4,90,168/-രൂപയുടെ ആസ്തി നീക്കിയിരിപ്പാണുള്ളത്. എന്നാൽ പ്രസ്തുത ആസ്തിക്ക് B11(a) ഷെഡ്യൂളിൽ 1,49,36,269/- രൂപയുടെ തേയ്മാന ചെലവ് കാണിച്ചിരിക്കുന്നു. ആസ്തിയേക്കാൾ കൂടുതൽ തേയ്മാന ചെലവ് രേഖപ്പെടുത്തിയിരിക്കുന്നു.

### 1-1-8 ഡെപ്പോസിറ്റ് പ്രവൃത്തിക്ക് നൽകിയ തുകകൾ ശരിയായ ശീർഷകത്തിൽ ഉൾപ്പെടുത്തിയില്ല.

മുതുവണ്ണാച്ച കുടിവെള്ള പദ്ധതിയ്ക്ക് ലൈൻ വലിക്കുന്നതിനായി 1,15,000/- രൂപ കെ.എസ്.ഇ.ബിയ്ക്കും, പഞ്ചായത്ത് ഓഫീസിൽ നെറ്റ് വർക്ക് വയറിങ് പുതുക്കൽ, പഞ്ചായത്ത് മീറ്റിങ് ഹാളിൽ നെറ്റ് വർക്ക് സൗണ്ട് സിസ്റ്റം സ്ഥാപിക്കൽ എന്നീ പദ്ധതികൾക്കായി യഥാക്രമം 4,99,700/-, 4,65,000/- രൂപ പി.ഡബ്ല്യൂ.ഡിയ്ക്കും ഡെപ്പോസിറ്റ് വർക്കിനായി നൽകിയിട്ടുണ്ട്. എന്നാൽ ടി ചെലവ് അഡ്വാൻസ് ഹെഡ്ഡിൽ രേഖപ്പെടുത്തുകയോ ബാലൻസ്ഷീറ്റിൽ 4 ൽ തുടങ്ങുന്ന Advance To Implementing Agency എന്ന ആസ്തി ശീർഷകത്തിൽ ഉൾപ്പെടുത്തുകയോ ചെയ്തിട്ടില്ല.

### 1-1-9 പെർമിറ്റ് റീഫണ്ട് തുകകൾ തെറ്റായ ഹെഡിൽ രേഖപ്പെടുത്തുന്നു

പെർമിറ്റ് ഇനത്തിൽ മുൻവർഷം അധിക നിരക്കിൽ ഈടാക്കിയ തുകയിൽ തൻവർഷം തിരിച്ച് നൽകിയ തുകകൾ Prior Period Expenditure ഹെഡിൽ രേഖപ്പെടുത്തിയിട്ടുണ്ടെങ്കിലും ആയതിൽ 10,000/- രൂപ തെറ്റായി Prior Period Income-Other Income എന്ന ഹെഡിൽ നെഗറ്റീവ്/ഡെബിറ്റ് ആയി രേഖപ്പെടുത്തിയിരിക്കുന്നു.

### 1-1-10 തൊഴിലുറപ്പ് പദ്ധതി - ചെലവ് ഹെഡ് മാറി പോസ്റ്റ് ചെയ്യുന്നു

തൊഴിലുറപ്പ് പദ്ധതിയുടെ "തൊഴിലാളികൾക്ക് നൽകുന്ന വേതനം" എന്ന ഇനത്തിൽ വരുന്ന ചെലവ് POVERTY ALLEVIATION എന്ന ഹെഡിൽ I-14(C) യിലും അഡ്മിനിസ്ട്രേറ്റീവ് എക്സ്പെൻസ് I-14 (F) ലുമായിരുന്നു രേഖപ്പെടുത്തേണ്ടിയിരുന്നത്. ഇതിനു പകരം മുഴുവൻ ചെലവ് തുകയും അഡ്മിനിസ്ട്രേറ്റീവ്

എക്സ്പെൻസായി I-14 (F) എന്ന ഹെഡിൽ ആണ് രേഖപ്പെടുത്തിയിരിക്കുന്നത്.

1-1-11 തെറ്റായ ഹെഡ്ഡിൽ ചെലവ് ബുക്ക് ചെയ്യുന്നു.

ജി.എൽ.പി.എസ് കുന്നശ്ശേരിയിൽ വാട്ടർടാങ്ക് സ്ഥാപിച്ചതിന്റെ ചെലവായ 10,900/-രൂപ I-14 ഷെഡ്യൂളിൽ ബുക്ക് ചെയ്യുന്നതിന് പകരം I-13 ഷെഡ്യൂളിലെ 0ther Finance Expenses എന്ന തെറ്റായ ഹെഡ്ഡിലാണ് രേഖപ്പെടുത്തിയിട്ടുള്ളത്.

1-1-12 ഡെപ്പോസിറ്റ് പ്രവൃത്തിക്കായി സ്വീകരിച്ച തുക നാളിതുവരെയും ക്രമീകരിച്ചില്ല

ബാലൻസ് ഷീറ്റ് B8 ഷെഡ്യൂൾ പ്രകാരം Deposit Work-Electricalഎന്ന ഹെഡിൽ 11,960/-രൂപ മുൻവർഷങ്ങളിലേത് പോലെ തൻവർഷവും ബാധ്യതയായി തുടർന്നിട്ടുണ്ട്. ഏതെങ്കിലും പ്രവൃത്തി പഞ്ചായത്ത് ചെയ്ത് നൽകുന്നതിനായി വ്യക്തികളോ സ്ഥാപനങ്ങളോ പഞ്ചായത്തിൽ നിക്ഷേപിക്കുന്ന തുകയാണ് ടി ഹെഡിൽ രേഖപ്പെടുത്തുന്നത്. പ്രസ്തുത ലെഡ്ജർ പരിശോധിച്ചതിൽ നിന്നും ടി തുക ILGMS-ന്റെ ആരംഭത്തിൽ മുന്നിരിപ്പായി രേഖപ്പെടുത്തിയതായാണ് കാണുന്നത്. എന്നാൽ ഇലക്ട്രിക്കൽ വർക്കിനായി പഞ്ചായത്തിൽ തുക നിക്ഷേപിക്കാൻ സാധ്യതയില്ലാത്തതിനാൽ തുക തെറ്റായി ടി ഹെഡിൽ രേഖപ്പെടുത്തിയതാകാവുന്നതാണ്. പ്രസ്തുത തുക നാളിതുവരെയും ക്രമീകരിച്ചിട്ടില്ല.

1-1-13 Other Deposits എന്ന ഹെഡിൽ വരവായി രേഖപ്പെടുത്തിയ തുക സംബന്ധിച്ച് വ്യക്തതയില്ല.

പഞ്ചായത്തിന്റെ SBIയുടെ തനത് ഫണ്ട് അക്കൗണ്ടിൽ 7,43,382/-രൂപ 28.2.25 തിയ്യതിയിൽ ക്രെഡിറ്റ് ആയിട്ടുണ്ട്. പ്രസ്തുത തുക വാർഷികകണക്കിൽ RP-33 ഷെഡ്യൂളിൽ OTHER DEPOSITS എന്ന ഹെഡിൽ ബാധ്യതയായി ബുക്ക് ചെയ്തതായും കാണുന്നു. എന്നാൽ ടി തുക ഏത് ഇനത്തിലുള്ളതാണെന്ന് വ്യക്തമല്ല.

1-1-14 പണമാകാത്ത ചെക്കുകൾ Stale Cheque ശീർഷകത്തിലേയ്ക്ക് മാറ്റിയിട്ടില്ല.

സ്ഥാപനത്തിന്റെ തനത് ഫണ്ട് നിക്ഷേപിക്കുന്ന ചങ്ങരോത്ത് സർവ്വീസ് കോപ്പറേറ്റീവ് ബാങ്കിന്റെ (അക്കൗണ്ട് നം.001001005503) 2025 മാർച്ച് മാസത്തിലെ റീകൺസിലിയേഷൻ പത്രിക പ്രകാരം Cheque Issued But Not Presented ഇനത്തിൽ 129,754/- രൂപ ക്രമീകരിക്കാൻ അവശേഷിക്കുന്നുണ്ട്. നൽകി മൂന്നുമാസത്തിൽ കൂടുതലായിട്ടും പണമാക്കാത്ത ടി ചെക്കുകൾ Stale Cheque എന്ന ശീർഷകത്തിലേയ്ക്ക് മാറ്റിയിട്ടില്ല.

1-1-15 Cheque Deposited But Not Cleared ഇനത്തിലെ തുകകൾ ക്രമീകരിക്കുന്നില്ല

സ്ഥാപനത്തിന്റെ ചങ്ങരോത്ത് സർവ്വീസ് കോപ്പറേറ്റീവ് ബാങ്ക് അക്കൗണ്ടിൽ (അക്കൗണ്ട് നം.001001005503) 2,50,920/- രൂപയും, SBI തനത് ഫണ്ട് അക്കൗണ്ടിൽ (നം.30722064267) 852/- രൂപയും, SBI ഇ-പേയ്മെന്റ് അക്കൗണ്ടിൽ (നം.67388816474) 6,646/- രൂപയും Cheque Deposited But Not Cleared ഇനത്തിൽ ക്രമീകരിക്കാൻ അവശേഷിക്കുന്നു.

1-1-16 Directly Debited By Bank തുകകൾ ക്രമീകരിച്ചില്ല

SBI തനത് ഫണ്ട് അക്കൌണ്ടിൽ (നം.30722064267) 28946/- രൂപയും, ചങ്ങരോത്ത് സർവ്വീസ് കോപ്പറേറ്റീവ് ബാങ്ക് അക്കൌണ്ടിൽ (അക്കൗണ്ട് നം.001001005503) 3176/- രൂപയും Directly Debiteed By Bank ഇനത്തിൽ ക്രമീകരിക്കാൻ അവശേഷിക്കുന്നു.

1-1-17 ലേല തുകകളുടെ ആധികാരികത ബോധ്യപ്പെട്ടില്ല

ലേല ഇനത്തിൽ Receipts From Auction Of Obsolet Assets, Receipts From Sale Of Scrap എന്നീ ഹെഡുകളിലായി യഥാക്രമം 46000/-, 37272/-എന്നിങ്ങനെ വരവ് രേഖപ്പെടുത്തിയിട്ടുണ്ട്. എന്നാൽ

പ്രസ്തുത ലെഡ്ജർ പരിശോധിച്ചതിൽ നിന്നും ടി തുക ഏതൊക്കെ ഇനങ്ങളിലുള്ളവയാണെന്ന് വ്യക്തമല്ല. ലേല രജിസ്റ്ററിൽ യാതൊരു രേഖപ്പെടുത്തലുകളും വരുത്തിയിട്ടില്ലാത്തതിനാൽ വരവായി രേഖപ്പെടുത്തിയ തുകയുടെ ആധികാരികത ബോധ്യപ്പെട്ടിട്ടില്ല.

### 1-1-18 ഡെപ്രിസിയേഷൻ രേഖപ്പെടുത്തിയതിലെ അപാകതകൾ

മുൻവർഷത്തെ വാർഷികകണക്ക് പ്രകാരം 3,96,23,483/-രൂപ കമ്മിയായിരുന്ന പഞ്ചായത്തിന്റെ ധനസ്ഥിതി തൻവർഷം 1,76,13,001/-രൂപ മിച്ചം രേഖപ്പെടുത്തിയിട്ടുണ്ട്. മുൻവർഷത്തെ എക്സ്പെൻഡിച്ചർ പ്രകാരം ഡിപ്രിസിയേഷൻ ഇനത്തിൽ ചെലവായി രേഖപ്പെടുത്തിയിട്ടുള്ളത് 4,87,14,767/-രൂപയും തൻവർഷം രേഖപ്പെടുത്തിയിട്ടുള്ളത് ആകെ 1,80,78,924/-രൂപയുമാണ്. ഏകദേശം മൂന്ന് കോടിയിലധികം രൂപയുടെ കുറവ് തൻവർഷം കാണുന്നു. പ്രസ്തുത ഷെഡ്യൂളിലെ വിവിധ ഹെഡുകൾ ഇൻകം ആന്റ് എക്സ്പെന്റീച്ചർ സ്റ്റേറ്റ്മെന്റിൽ പരിശോധിച്ചതിൽ നിന്നും റോഡ്&ബ്രിഡ്ജസ് ഇനത്തിന് ഡിപ്രിസിയേഷൻ കുറച്ച് കാണിച്ചതാണ് ഇത്തരത്തിൽ വ്യത്യാസം സംഭവിക്കാനിടയായതെന്ന് കാണുന്നു. മുൻവർഷം 4,02,24,950/-രൂപയുടെ ഡിപ്രിസിയേഷൻ കാണിച്ചിട്ടുള്ള റോഡ്&ബ്രിഡ്ജസ് ഇനത്തിന് തൻവർഷം 35,47,264/-രൂപയുടെ ഡിപ്രിസിയേഷൻ മാത്രമാണ് രേഖപ്പെടുത്തിയിട്ടുള്ളത്. ഇത്തരത്തിൽ ഡിപ്രിസിയേഷൻ കുറച്ച് കാണിച്ചതിലൂടെ ധനസ്ഥിതി കമ്മിയിൽ നിന്നും മിച്ചമായതായി കാണുന്നു. ഡിപ്രിസിയേഷൻ ചെയ്തതിന്റെ വർക്ക്ഷീറ്റ് പരിശോധനയ്ക്ക് ലഭ്യമാക്കാത്തതിനാൽ ആയതിന്റെ ആധികാരികത ബോധ്യപ്പെട്ടിട്ടില്ല.

### 1-1-19 ഓഡിറ്റ് റിക്കവറി-ഈടാക്കിയ തുക തനത് ഫണ്ടിൽ സൂക്ഷിക്കുന്നു

ഓഡിറ്റ് റിക്കവറി ഇനത്തിൽ തൻവർഷം ലഭ്യമായിട്ടുള്ള 13,196/-, 11,297/-എന്നീ തുകകൾ യഥാക്രമം SCP, CFC ഫണ്ടുകളിൽ നിന്നും ചെലവഴിച്ചിട്ടുള്ളതാണ്. ഗ്രാന്റിൽ നിന്നുള്ള ചെലവായതിനാൽ ടി തുക ബാധ്യതയായി രേഖപ്പെടുത്തേണ്ടതും കൺസോളിഡേറ്റഡ് ഫണ്ടിൽ അടവാക്കേണ്ടതുമായിരുന്നു. എന്നാൽ ടി തുക തനത്ഫണ്ടിലാണ് സൂക്ഷിച്ചിട്ടുള്ളത്.

### 1-1-20 ദുരിതാശ്വാസനിധി സൂക്ഷിക്കുന്നതിനായി പ്രത്യേകം ബാങ്ക് അക്കൗണ്ട് ആരംഭിച്ചില്ല.

ബാലൻസ് ഷീറ്റിലെ ബി.2 ഷെഡ്യൂൾ പ്രകാരം പഞ്ചായത്തിൽ ദുരിതാശ്വാസ പ്രവർത്തനങ്ങൾക്കായി 4,932/-രൂപയുടെ നീക്കിയിരിപ്പുണ്ട്. ആയതിന് പ്രത്യേകം ബാങ്ക് അക്കൗണ്ട് സൂക്ഷിക്കണമെന്ന് 2003 ലെ കേരള പഞ്ചായത്ത് രാജ് (ദുരിതാശ്വാസനിധി രൂപീകരണവും വിനിയോഗവും) ചട്ടം 3(4)-ൽ നിഷ്കർഷിച്ചിട്ടുണ്ടെങ്കിലും ടി തുക തനത് ഫണ്ട് അക്കൗണ്ടിലാണ് സൂക്ഷിക്കുന്നത്.

## 1-2 ബജറ്റ്

ചങ്ങരോത്ത് ഗ്രാമപഞ്ചായത്തിന്റെ 2024-25 വർഷത്തെ ബജറ്റ് 09.02.2024 തീയതിയിലെ 1/1 നമ്പർ തീരുമാനപ്രകാരവും പുതുക്കിയ ബജറ്റ് 05.03.2025 തീയതിയിലെ 1/1 നമ്പർ തീരുമാനപ്രകാരവും അംഗീകരിച്ചിട്ടുണ്ട്. പുതുക്കിയ ബജറ്റ് പ്രകാരമുള്ള വരവ്-ചെലവ് കണക്കുകൾ താഴെ ചേർക്കുന്നു.

| | |
|---|---:|
| മുന്നിരിപ്പ് | 1,78,05,581 |
| വരവ് | 44,15,69,519 |
| ആകെ | 45,93,75,100 |
| ചെലവ് | 43,98,48,023 |
| നീക്കിയിരിപ്പ് | 1,95,27,077 |

## 1-3 സാമ്പത്തിക വിശകലനം (റസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ് പ്രകാരം)

| | |
|---|---|
| മുന്നിരിപ്പ് | 4,24,57,187 |
| ഓഡിറ്റ് വർഷത്തെ വരവ് | 8,04,42,518 |
| ആകെ | 12,28,99,705 |
| ഓഡിറ്റ് വർഷത്തെ ചെലവ് | 6,03,30,828 |
| നീക്കിയിരിപ്പ് | 6,25,68,877 |

## 1-4 ഫണ്ട് വിനിയോഗം

| ഫണ്ടിനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | ചെലവഴിക്കാത്ത തുക |
|---|---|---|---|---|---|
| വികസന ഫണ്ട്-ജനറൽ | 0 | 2,85,37,000 | 2,85,37,000 | 2,79,70,028 | 5,66,972 |
| വികസന ഫണ്ട്-എസ്.സി.പി | 0 | 81,66,000 | 81,66,000 | 81,66,000 | 0 |
| വികസന ഫണ്ട്-ടി.എസ്.പി | 0 | 2,75,000 | 2,75,000 | 2,75,000 | 0 |
| മെയിന്റനൻസ്-റോഡ് | 0 | 2,50,64,000 | 2,50,64,000 | 1,66,77,970 | 83,86,030 |
| മെയിന്റനൻസ്-നോൺ റോഡ് | 0 | 83,81,000 | 83,81,000 | 67,11,462 | 16,69,538 |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് - അൺടൈഡ് | 27,88,803 | 52,03,138 (48,08,391 + പലിശ 3,94,747) | 79,91,941 | 38,73,585 | 41,18,356 |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ - ടൈഡ് ഗ്രാന്റ് | 59,30,830 | 99,92,500 | 1,59,23,330 | 33,51,634 | 1,25,71,696 |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് -ടൈഡ് (ട്രഷറി മുഖേന) | 0 | 18,09,651 | 18,09,651 | 10,24,433 | 7,85,218 |

## 1-5 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | നടപ്പാക്കാത്തവ (എണ്ണം) | നടപ്പാക്കിയ പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|
| 263 | 23,14,81,095 | 182 | 8,75,30,261 | 81 | 69.2 % |

### 1-6 ക്ഷേമ പദ്ധതികൾ

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമപദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമ പദ്ധതിയുടെ പേര് | ചെലവഴിച്ച തുക |
|---|---:|
| കർഷകതൊഴിലാളി പെൻഷൻ | 1,59,00,800 |
| വിധവാപെൻഷൻ | 1,99,96,200 |
| വാർദ്ധക്യകാലപെൻഷൻ | 3,81,27,100 |
| വികലാംഗപെൻഷൻ | 64,47,900 |
| 50 വയസ്സ കഴിഞ്ഞ അവിവാഹിതരായ സ്ത്രീകൾക്കുള്ള പെൻഷൻ | 3,82,200 |

### 1-7 ക്യാഷ് ബാലൻസ് പരിശോധന

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള കാഷ് ബാലൻസ് പരിശോധന 27.08.2025-ന് സ്ഥാപന തലവന്റെ/ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 3,551/- രൂപ കാഷ് ബാലൻസിന്റെ കൃത്യത ബോധ്യപ്പെട്ടു.

### 1-8 അഡ്വാൻസ്,ഡെപ്പോസിറ്റ് തുകകൾ ക്രമീകരിക്കുന്നില്ല

അഡ്വാൻസ് രജിസ്റ്റർ, ഡെപ്പോസിറ്റ് രജിസ്റ്റർ എന്നിവയുടെ പരിശോധനയിൽ കണ്ടെത്തിയ അപാകതകൾ ചുവടെ ചേർക്കുന്നു.

1.കാലഹരണപ്പെട്ട ഡെപ്പോസിറ്റുകൾ മുതൽ കൂട്ടുന്നില്ല

ഡെപ്പോസിറ്റ് രജിസ്റ്റർ പരിശോധിച്ചതിൽ 2018-19 സാമ്പത്തിക വർഷം മുതൽ വിവിധ ഹെഡ്ഡുകളിലായി ഡെപ്പോസിറ്റ് ഇനത്തിൽ തുകകൾ ക്രമീകരിക്കാൻ അവശേഷിക്കുന്നുണ്ട് (തൻവർഷത്തേത് ഒഴികെ). വിശദാംശം ചുവടെ ചേർക്കുന്നു.

| ഇനം | തുക |
|---|---:|
| Contractors Emd | 35,400 |
| Suppliers Emd | 26,925 |
| Bidders Emd | 33,800 |
| Contractors Retention | 1,76,391 |
| Election Deposit | 47,500 |

നീക്കിയിരിപ്പിൽ നിലനിർത്തേണ്ടവ ഒഴികെ കാലഹരണപ്പെട്ടവ തനത് ഫണ്ടിലേക്ക് മുതൽക്കൂട്ടുന്നില്ല.

2.അഡ്വാൻസ് തുകകൾ ക്രമീകരിക്കുന്നില്ല

അഡ്വാൻസ് രജിസ്റ്റർ പരിശോധിച്ചതിൽ 2019-20 സാമ്പത്തിക വർഷം മുതൽ വിവിധ ഹെഡ്ഡുകളിലായി അഡ്വാൻസ് ഇനത്തിൽ നൽകിയ തുകകൾ ക്രമീകരിക്കാൻ അവശേഷിക്കുന്നുണ്ട്. വിശദാംശം ചുവടെ ചേർക്കുന്നു.

| ക്രമ നം. | ഹെഡ്ഡ് | തുക |
|---|---|---|
| 1 | Advance To Hire Purchase | 193000/- |

| | | |
|---|---|---|
| 2 | Advance To KSEB | 20,40,175/- |
| 3 | Advance To Implementing Agencies | 2285869/- |

ക്രമ നം.(1) പ്രകാരമുള്ള 1,93,000/-രൂപ ക്രമീകരിച്ചതായി മുൻവർഷ ഓഡിറ്റ് റിപ്പോർട്ടിനുള്ള പ്രഥമ മറുപടിയിൽ പറയുന്നുണ്ടെങ്കിലും ടി തുക നാളിതുവരെയും ക്രമീകരിച്ചിട്ടില്ല. പ്രവൃത്തി പൂർത്തീകരിച്ച് വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കുന്ന മുറയ്ക്ക് ക്രമീകരിക്കേണ്ട ടി തുകകൾ പ്രവൃത്തി പൂർത്തീകരിക്കപ്പെട്ട് നാളിതുവരെയും ക്രമീകരിക്കാത്തതിന് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (നം.25/29.8.25) മറുപടി ലഭ്യമാക്കിയിട്ടില്ല.

അപാകതയ്ക്ക് വിശദീകരണം ലഭ്യമാക്കേണ്ടതും കാലഹരണപ്പെട്ട ഡെപ്പോസിറ്റ് തുകകളും അഡ്വാൻസ് തുകകളും ക്രമീകരിച്ച് അറിയിക്കേണ്ടതുമാണ്.

1-9 വസ്തു നികുതി പരിഷ്കരണം പൂർത്തിയാക്കിയില്ല

തദ്ദേശ സ്വയംഭരണ വകുപ്പിന്റെ 22-03-2023 ലെ സ.ഉ(കൈ)നം.77/2023/LSGD നമ്പർ ഉത്തരവ് പ്രകാരം ഗ്രാമപഞ്ചായത്തുകളിൽ 01-04-2023 മുതൽ വസ്തുനികുതി പുതുക്കി നിശ്ചയിക്കുന്നതിനുള്ള മാർഗ്ഗ നിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിട്ടുണ്ട്. ഈ ഉത്തരവ് പ്രകാരം 2022-23 വർഷം വരെ വസ്തുനികുതി നിർണ്ണയിച്ചിട്ടുള്ള മുഴുവൻ കെട്ടിടങ്ങളുടെയും വാർഷിക വസ്തുനികുതിയോടൊപ്പം, 2023-24 മുതൽ ഓരോ വർഷവും, തൊട്ട് മുൻവർഷത്തിൽ പ്രാബല്യത്തിലുള്ള നികുതിയുടെ 5% വീതം വർദ്ധനവ് വരുത്തി ഗ്രാമപഞ്ചായത്തുകൾ അടുത്ത അഞ്ച് വർഷത്തേക്കുള്ള വസ്തുനികുതി പുതുക്കി നിശ്ചയിക്കേണ്ടതാണ് എന്ന് നിഷ്കർഷിച്ചിട്ടുണ്ട്.

ഗ്രാമപഞ്ചായത്തിൽ 01-04-2023 പ്രാബല്യത്തിൽ പുതുക്കിയ വസ്തു നികുതി അന്തിമ വിജ്ഞാപനം ചെയ്തത് 19-09-2023 നാണ് (തീരുമാനം നം. 4/1 തിയ്യതി- 19-08-2023). ഇതിൻ പ്രകാരം പുതുക്കിയ വസ്തുനികുതി നിരക്കുകൾ സഞ്ചയ സോഫ്റ്റ്‌വെയറിൽ ഉൾപ്പെടുത്തിയതും പുതിയ കെട്ടിടങ്ങൾക്ക് പുതുക്കിയ നിരക്കിലുള്ള വസ്തു നികുതി ഈടാക്കി തുടങ്ങിയതും 23-09-2023 മുതലാണ്.

ഗ്രാമപഞ്ചായത്തിലെ മുഴുവൻ കെട്ടിടങ്ങളുടെയും വിവരശേഖരണം 2022-23 വർഷത്തിൽ സാങ്കേതിക യോഗ്യതയുള്ള ആളുകളെ ഉപയോഗിച്ച് നടത്തുകയും പാർപ്പിടാവശ്യങ്ങൾക്കുള്ള കെട്ടിടങ്ങളുടെ നികുതി സഞ്ചയയിൽ പുനർ നിർണ്ണയിക്കുകയും ചെയ്തിട്ടുണ്ട് . എന്നാൽ പാർപ്പിടേതര കെട്ടിടങ്ങളുടെ (Non-Residential) വസ്തു നികുതി നാളിതുവരെയായി പുനർ നിർണ്ണയിച്ച് പുതുക്കിയ നിരക്കിൽ നികുതി ഈടാക്കുന്നില്ല. വസ്തു നികുതി പരിഷ്കരണ നടപടികൾ പൂർത്തീകരിക്കുന്നത് തനത് വരുമാനം വർദ്ധിപ്പിക്കുന്നതിന് സഹായകമാകുമെന്നതിനാൽ ഇത് അടിയന്തിരമായി പൂർത്തീകരിക്കേണ്ടത് പഞ്ചായത്തിനെ സംബന്ധിച്ച് അത്യാവശ്യമാണ്. സമയബന്ധിതമായി പരിഷ്കരണ നടപടികൾ പൂർത്തീകരിക്കാത്തതിനാൽ നികുതിയിനത്തിൽ വരുമാന നഷ്ടം സംഭവിക്കുന്നു. ഡാറ്റാ കളക്ഷൻ സമയബന്ധിതമായി പൂർത്തീകരിക്കാത്തതിന് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (നം-19/24-25 തിയ്യതി-29.08.2025) മറുപടി ലഭ്യമാക്കിയിട്ടില്ല. അപാകത പരിഹരിച്ച് വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

1-10 ഒക്യുപ്പൻസിയ്ക്ക് ശേഷം കെട്ടിടത്തിൽ മാറ്റം വരുത്തി

ശ്രീ.ഷംസുദ്ദീൻ, ബിലാൽ, നജ്മത്തുല്ലൈല്‍ എന്നിവരുടെ ഉടമസ്ഥതയിലുള്ളതും B1-105855/2022 Dtd 23-03-2022 നമ്പർ കെട്ടിട നിർമ്മാണ പെർമിറ്റ് നൽകിയതുമായ വാണിജ്യ കെട്ടിടത്തിന്റെ ഒക്യുപ്പൻസിയ്ക്കായുള്ള അപേക്ഷ പ്രകാരം കെട്ടിടത്തിന് 16/86B, 16/86C എന്നിങ്ങനെ കെട്ടിട നമ്പർ നൽകി 2024-25 മുതൽ നികുതി ഈടാക്കിയിട്ടുണ്ട്. കെട്ടിട നിർമ്മാണ പെർമിറ്റ് പ്രകാരം ആകെ 1277.65 $M^2$ നിർമ്മാണ അനുമതി ഉള്ള ഈ കെട്ടിടം 1281.46 $M^2$ ൽ ആണ് നിർമ്മാണം പൂർത്തിയാക്കിയത്. കെട്ടിടത്തിന് ഒക്യുപ്പൻസി നൽകിയതിന്റെ കൃത്യത പരിശോധിക്കുന്നതിനായി 27-08-2025 ന് ഓഡിറ്റ്

നടത്തിയ സ്ഥല പരിശോധനയിൽ കണ്ട അപാകതകൾ ചുവടെ കൊടുക്കുന്നു.

1). കെട്ടിടത്തിൽ ഇരുചക്ര വാഹനങ്ങൾക്ക് പാർക്കിങ്ങിനായി കാണിച്ചിരിക്കുന്ന മുഴുവൻ ഭാഗങ്ങളും നിലവിൽ കോൺക്രീറ്റ് ചെയ്ത് കെട്ടിടത്തിന്റെ ഭാഗമായി രൂപമാറ്റം വരുത്തിയിട്ടുണ്ട്.

2). ഭിന്നശേഷിക്കാർക്കുള്ള റാമ്പ് എടുത്തുമാറ്റിയിട്ടുണ്ട്.

അതായത് ഒക്യുപ്പൻസി ലഭ്യമായ ശേഷം കെട്ടിടത്തിന്റെ പാർക്കിംഗ് ഏരിയ മാറ്റം വരുത്തിയതിനാൽ , കെട്ടിട നിർമ്മാണ ചട്ടം പാലിക്കുന്നില്ല എന്ന് വ്യക്തമാണ്. അപാകതകൾ സൂചിപ്പിച്ച് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (നം- 18/24-25 തിയ്യതി-29.08.25) മറുപടി ലഭ്യമാക്കിയിട്ടില്ല. അപാകതയ്ക്ക് വിശദീകരണം നൽകേണ്ടതും ചട്ടപ്രകാരമുള്ള നടപടികൾ സ്വീകരിച്ച് വിശദ വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതുമാണ്.

## 1-11 ട്യൂട്ടോറിയൽ സ്ഥാപനങ്ങൾ രജിസ്ട്രേഷൻ ഇല്ലാതെ പ്രവർത്തിക്കുന്നു

1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം, വകുപ്പ് 266, 1999ലെ കേരള പഞ്ചായത്ത് രാജ് (ട്യൂട്ടോറിയൽ സ്ഥാപനങ്ങളുടെ രജിസ്ട്രേഷൻ) ചട്ടങ്ങൾ, ചട്ടം3(1) പ്രകാരം രജിസ്ട്രേഷൻ ഇല്ലാതെ പഞ്ചായത്ത് പരിധിക്കുള്ളിൽ ട്യൂട്ടോറിയൽ സ്ഥാപനങ്ങൾ പ്രവർത്തിക്കാൻ പാടില്ല. ഒരു സ്ഥാപനം പ്രവർത്തിക്കുന്നതിന് മുൻപുതന്നെ രജിസ്ട്രേഷനുള്ള അപേക്ഷയും ചട്ടം 3(2) പ്രകാരമുള്ള രജിസ്ട്രേഷൻ ഫീസും പഞ്ചായത്തിൽ ഒടുക്കേണ്ടതും, ചട്ടം3(3) പ്രകാരം പഞ്ചായത്ത് ഉദ്യോഗസ്ഥർ കെട്ടിടത്തിന്റെ സൗകര്യങ്ങൾ പരിശോധിച്ച് രജിസ്ട്രേഷൻ സർട്ടിഫിക്കറ്റ് നൽകേണ്ടതുമാണ്. ചങ്ങരോത്ത് ഗ്രാമപഞ്ചായത്തിലെ 2024-25 വർഷത്തെ ട്യൂട്ടോറിയൽ സ്ഥാപനങ്ങളുടെ രജിസ്ട്രേഷൻ പരിശോധിച്ചതിൽ ഒരു സ്ഥാപനവും രജിസ്ട്രേഷൻ എടുത്തിട്ടില്ല എന്ന് കാണുന്നു. വാർഷിക കണക്ക് പ്രകാരം ടി ഇനത്തിൽ തൻവർഷം വരവൊന്നുമില്ല. എന്നാൽ പഞ്ചായത്ത് പരിധിയിലുള്ള ട്യൂട്ടോറിയൽ സ്ഥാപനങ്ങളുടെ വിവരം ബന്ധപ്പെട്ട സെക്ഷനിൽ നിന്നും ലഭ്യമായതനുസരിച്ച് Right Study Circle, Leads Study Center, Focus Academy എന്നീ സ്ഥാപനങ്ങൾ പഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്നുണ്ട്. രജിസ്ട്രേഷൻ എടുത്തിട്ടില്ലാത്ത ട്യൂട്ടോറിയൽ സ്ഥാപനങ്ങളെ രജിസ്ട്രേഷൻ എടുപ്പിക്കുന്നതിന് സ്വീകരിച്ച നടപടികൾ ആരാഞ്ഞ് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നം.28/29.8.25)മറുപടി ലഭ്യമാക്കിയിട്ടില്ല. സ്ഥാപന പരിധിയിലെ മുഴുവൻ ട്യൂട്ടോറിയൽ സ്ഥാപനങ്ങൾക്കും രജിസ്ട്രേഷൻ ലഭ്യമാക്കി അറിയിക്കേണ്ടതാണ്.

## 1-12 വളർത്തുനായകൾക്ക് ലൈസൻസ് നൽകൽ-അപാകതകൾ

1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം വകുപ്പ് 254 , കേരള പഞ്ചായത്ത് രാജ് (പന്നികൾക്കും പട്ടികൾക്കും ലൈസൻസ് നൽകൽ) ചട്ടങ്ങൾ, ചട്ടം 4 എന്നിവ പ്രകാരം പഞ്ചായത്തിൽ നിന്നും ലഭിക്കുന്ന ലൈസൻസ് കൂടാതെ നായകളെ വളർത്താൻ പാടില്ല. സ്ഥാപനത്തിലെ ബന്ധപ്പെട്ട രജിസ്റ്റർ പരിശോധിച്ചതിൽ നിന്നും തൻവർഷം ആകെ 15 നായകൾക്ക് മാത്രമാണ് ലൈസൻസ് എടുക്കുകയോ പുതുക്കുകയോ ചെയ്തിട്ടുള്ളത്. 2022-23 സാമ്പത്തിക വർഷത്തിൽ 104 നായകൾക്ക് ലൈസൻസ് എടുത്തിട്ടുള്ള പഞ്ചായത്തിൽ തൻവർഷം നാമമാത്രമായ ലൈസൻസ് മാത്രമേ എടുത്തിട്ടുള്ളൂ. വളർത്തുനായകൾക്ക് ലൈസൻസ് നൽകുകയും അലഞ്ഞുനടക്കുന്ന നായകളെ ഇല്ലായ്മ ചെയ്യുകയും ചെയ്യേണ്ടത് അനിവാര്യചുമതലയായിട്ടുള്ള പഞ്ചായത്തിൽ പ്രസ്തുത കർത്തവ്യം നിർവ്വഹിക്കപ്പെടാത്തതായി കാണുന്നു. പഞ്ചായത്ത് പരിധിയിൽ വാക്സിനേഷൻ എടുത്ത വളർത്തുനായകളുടെ കണക്ക് വെറ്ററിനറി സർജനിൽ നിന്നും ലഭ്യമാക്കി പരിശോധിക്കേണ്ടതും മുഴുവൻ വളർത്തുനായകൾക്കും ലൈസൻസ് ലഭ്യമാക്കി അറിയിക്കേണ്ടതുമാണ്.

## 1-13 വാണിജ്യ വ്യാപാര സ്ഥാപനങ്ങൾ ലൈസൻസ് ഇല്ലാതെ പ്രവർത്തിക്കുന്നു

1994 കേരള പഞ്ചായത്ത് രാജ് നിയമത്തിലെ 232ാം വകുപ്പ് പ്രകാരം ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും സംരംഭക പ്രവർത്തനങ്ങൾക്കും മറ്റ് സേവനങ്ങൾക്കും ലൈസൻസ് നൽകൽ

ചട്ടങ്ങളിൽ നിർദ്ദേശിച്ചിട്ടുള്ള ആവശ്യങ്ങൾക്ക് ഗ്രാമപഞ്ചായത്ത് നൽകുന്ന ലൈസൻസ് കൂടാതെ ഏതൊരു സ്ഥലവും ഉപയോഗിക്കുവാൻ പാടില്ലാത്തതാണെന്ന് വ്യവസ്ഥ ചെയ്തിട്ടുണ്ട്. പഞ്ചായത്തിലെ ഹരിതകർമസേന വിഭാഗം വിവിധ കെട്ടിടങ്ങളിൽ പതിച്ച ക്യൂആർ കോഡുകൾ ഹരിതമിത്രം ആപ്പിൽ പരിശോധിച്ചതിൽ നിന്നും പഞ്ചായത്തിൽ ആകെ 610 സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നതായി കാണുന്നു. എന്നാൽ ലൈസൻസ് രജിസ്റ്റർ പരിശോധിച്ചതിൽ നിന്നും ആകെ 561 സ്ഥാപനങ്ങൾ മാത്രമേ ലൈസൻസ് എടുത്തതായി കാണുന്നുള്ളൂ. ആയതിൽ നിന്നും നിരവധി സ്ഥാപനങ്ങൾ ലൈസൻസ് ഇല്ലാതെയാണ് പഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്നതെന്ന് വ്യക്തമാണ്. മുഴുവൻ കെട്ടിടങ്ങളെയും ലൈസൻസ് പരിധിയിൽ ഉൾപ്പെടുത്താത്തതിന് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (നം.26/29.8.25) മറുപടി ലഭ്യമാക്കിയിട്ടില്ല. പഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന മുഴുവൻ വാണിജ്യ സ്ഥാപനങ്ങൾക്കും നിയമവിധേയമായ വ്യവസ്ഥകൾക്കനുസൃതമായി യഥാസമയം ലൈസൻസ് നൽകുന്നതുവഴി പരിസ്ഥിതി/ആരോഗ്യ സംരക്ഷണത്തിനും പഞ്ചായത്തിന്റെ തനത് ഫണ്ടിലേയ്ക്ക് ധനം എത്താനും ആയത് പഞ്ചായത്തിന്റെ വികസനപ്രക്രിയയ്ക്ക് ആക്കം കൂട്ടുന്നതിനും സഹായമാകുന്നതാണ്. ഓരോ വർഷവും വാർഡ് തലത്തിൽ ഫീൽഡ് തല പരിശോധന നടത്തി വാർഡ് തല ട്രേഡേഴ്സ് ലിസ്റ്റ് തയ്യാറാക്കി വാണിജ്യ സ്ഥാപനങ്ങൾക്ക് ലൈസൻസ് നൽകേണ്ടതാണ്. മുഴുവൻ സ്ഥാപനങ്ങൾക്കും ലൈസൻസ് ലഭ്യമാക്കി അറിയിക്കേണ്ടതാണ്.

### 1-14 പാരാമെഡിക്കൽ സ്ഥാപനങ്ങൾ രജിസ്ട്രേഷൻ പുതുക്കുന്നില്ല

1997-ലെ കേരള പഞ്ചായത്ത് രാജ് (സ്വകാര്യ ആശുപത്രികളുടേയും സ്വകാര്യ പാരാമെഡിക്കൽ സ്ഥാപനങ്ങളുടേയും രജിസ്ട്രേഷൻ) ചട്ടങ്ങൾ 3, 4, 5 എന്നിവ പ്രകാരം ഒരു ഗ്രാമപഞ്ചായത്ത് പ്രദേശത്തിന്റെ അതിർത്തിക്കുള്ളിൽ ഈ ചട്ടങ്ങൾ പ്രകാരം മുൻകൂട്ടി രജിസ്റ്റർ ചെയ്യാതെ ഏതൊരു സ്വകാര്യ ആശുപത്രിയും സ്വകാര്യ പാരാമെഡിക്കൽ സ്ഥാപനവും സ്ഥാപിക്കുവാൻ പാടുള്ളതല്ല. സ്ഥാപനത്തിൽ 2023-24 വർഷത്തിൽ 15ഓളം സ്ഥാപനങ്ങൾ രജിസ്ട്രേഷൻ എടുത്തിട്ടുണ്ടെങ്കിലും തൻവർഷം ആകെ 6 സ്ഥാപനങ്ങൾ മാത്രമേ രജിസ്ട്രേഷൻ എടുക്കുകയോ പുതുക്കുകയോ ചെയ്തിട്ടുള്ളൂ. ബാക്കിയുള്ള സ്ഥാപനങ്ങൾ രജിസ്ട്രേഷൻ പുതുക്കാതെയാണ് പ്രവർത്തിക്കുന്നതെന്ന് ഇതിൽ നിന്നും വ്യക്തമാണ്.പഞ്ചായത്ത് പരിധിയിലെ മുഴുവൻ പാരാമെഡിക്കൽ സ്ഥാപനങ്ങളുടെയും കണക്ക് തയ്യാറാക്കേണ്ടതും രജിസ്ട്രേഷൻ എടുക്കാതെയോ പുതുക്കാതെയോ പ്രവർത്തിക്കുന്ന മുഴുവൻ സ്ഥാപനങ്ങൾക്കും രജിസ്ട്രേഷൻ ലഭ്യമാക്കി അറിയിക്കേണ്ടതുമാണ്.

### 1-15 മഹാത്മാ ഗാന്ധി തൊഴിലുറപ്പ് പദ്ധതി - വിജിലൻസ് റിപ്പോർട്ടിന്റെ തുടർനടപടികൾ ലഭ്യമല്ല

2021-22 വർഷം തൊഴിലുറപ്പ് പദ്ധതിയിൽ ഉൾപ്പെടുത്തി നടപ്പിലാക്കിയ മിനി എം.സി.എഫ് നിർമ്മാണത്തിന് മെറ്റീരിയൽ സപ്ലൈ ചെയ്യുന്നതിന് വെണ്ടറായ ശ്രീ.എ.കെ സദാനന്ദൻ എന്നവർക്ക് സപ്ലൈ ഓർഡർ നൽകുകയും 2020-21, 2021-22 വർഷങ്ങളിലായി പ്രവൃത്തി പൂർത്തീകരിക്കുകയും ചെയ്തിരുന്നു. എന്നാൽ എം.സി.എഫ് നിർമ്മാണം സംബന്ധിച്ച പരാതിയുടെ അടിസ്ഥാനത്തിൽ 27.7.2021 ന് വിജിലൻസ് ഉത്തരമേഖല കോഴിക്കോട് യൂണിറ്റ് പ്രവൃത്തി സ്ഥലത്ത് മിന്നൽ പരിശോധന നടത്തുകയുണ്ടായി. മിന്നൽ പരിശോധന റിപ്പോർട്ട് ലഭിക്കാത്ത സാഹചര്യത്തിൽ 2/3/23 ലെ 3(1) നം ഭരണസമിതി തീരുമാനം പ്രകാരം NREGA എഞ്ചിനീയറുടെ മെഷർമെന്റിന്റെ അടിസ്ഥാനത്തിൽ 19 എം .സി.എഫ് ന്റെ മെറ്റീരിയൽ തുകയായ 410598/ രൂപ വെണ്ടർക്ക് നൽകുകയും ചെയ്തിരുന്നു. വിജിലൻസ് പരിശോധനാ റിപ്പോർട്ട് അഡീഷണൽ ചീഫ് സെക്രട്ടറിയുടെ 23/5/22 ലെ ഡി.ഡി.2/23/22 ത.സ്വ.ഭ.വ നം. കത്ത് പ്രകാരം പഞ്ചായത്തിന് അയച്ചു നൽകിയിട്ടുണ്ട്. പ്രസ്തുത കത്ത് സെക്രട്ടറിയ്ക്ക് ലഭ്യമാകുന്നത് 12.1.24 നാണ്.

വിജിലൻസ് റിപ്പോർട്ടിൽ എസ്റ്റിമേറ്റിൽ പറഞ്ഞിരിക്കുന്ന മെറ്റീരിയൽ ഉപയോഗിച്ചാണ് എം.സി.എഫ് നിർമ്മിച്ചത് എന്ന് ഉറപ്പുവരുത്തിയതിനു ശേഷമേ തുക നൽകാവൂ എന്ന് നിർദ്ദേശിച്ചിരുന്നു. പ്രസ്തുത റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ പ്രവൃത്തിയുടെ വാല്വേഷൻ തയ്യാറാക്കുന്നതിന് പഞ്ചായത്ത്

അസി.എഞ്ചിനീയറെ ചുമതലപ്പെടുത്തിക്കൊണ്ട് 22/5/24 ന് കത്ത് നൽകുകയും ആയതിന്റെ അടിസ്ഥാനത്തിൽ പഞ്ചായത്തിൽ സ്ഥാപിച്ച മിനി എം.സി.എഫ് കളിൽ റാൻഡമായി 3 എണ്ണം ളുക്കം എടുത്ത് വാലേഷൻ തയ്യാറാക്കി നൽകുകയും ചെയ്തിട്ടുണ്ട്. അതുപ്രകാരം 19 മിനി എം.സി.എഫിന് (19 X 19742.10 ) = 332349.90 രൂപയാണ് നൽകാൻ ഉണ്ടാവുക. അധികം നൽകിയ തുകയായ 78249/ രൂപ വെണ്ടറിൽ നിന്ന് തിരികെ ഈടാക്കാൻ 19.06.2024 ലെ 15(1) നമ്പർ പ്രകാരം ഭരണസമിതി തീരുമാനമെടുത്തിട്ടുണ്ട്. 21.8.24 ലെ 18(1)/24 ഭരണസമിതി തീരുമാനപ്രകാരം മേൽ വ്യക്തിയ്ക്ക് തുക നൽകാനുള്ള വടക്കമ്പാട് നടപ്പാത വാർഡ് 19 , റോഡ് പ്രവൃത്തിയുടെ 101867/ രൂപ തൽക്കാലം തടഞ്ഞ് വയ്ക്കാനും അടവാക്കാനുള്ള തുക തിരിച്ചടയ്ക്കുന്ന മുറയ്ക്ക് നിലവിൽ തടഞ്ഞ് വച്ചിരിക്കുന്ന പ്രവൃത്തിയുടെ തുക അനുവദിക്കുന്നതിനും തീരുമാനിച്ചതായി രേഖപ്പെടുത്തിയിട്ടുണ്ട്. കരാറുകാരൻ തുക തിരിച്ചടച്ചതിന്റെ വിശദാംശങ്ങൾ ഫയലിൽ ലഭ്യമല്ല.

തുക തിരികെ അടവാക്കിയതിന്റെ വിശദാംശങ്ങൾ ലഭ്യമാക്കാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (നം.21/24-25/29.8.25) മറുപടി ലഭ്യമല്ല. അപാകത പരിഹരിക്കാൻ സ്വീകരിച്ച നടപടികളുടെ വിവരം അറിയിക്കേണ്ടതാണ്.

## 1-16 അനുപൂരക പോഷകാഹാരം പദ്ധതി നടത്തിപ്പിലെ അപാകതകൾ

പ്രൊജക്ട് നം,പേര് - 51/25, അങ്കണവാടി പോഷകാഹാരം
വകയിരുത്തിയ തുക - 5700000 (2200000– വികസന ഫണ്ട് + 3500000 – കേന്ദ്രാവിഷ്കൃതം )
ചെലവ് തുക- 5698370 (2200000 – വികസന ഫണ്ട് + 3498370 – കേന്ദ്രാവിഷ്കൃതം)

ഐ.സി.ഡി.എസ് സൂപ്പർവൈസർ നിർവ്വഹണ ഉദ്യോഗസ്ഥയായ അനുപൂരക പോഷകാഹാരം പദ്ധതിയിൽ താഴെ കൊടുത്തിരിക്കുന്ന അപാകതകൾ കാണുന്നു.

### 1. ന്യൂട്രിമിക്സ് ഉത്പന്നം - ബിൽ തുകയിൽ നിന്ന് ടി.ഡി.എസ് ആയി ജി.എസ്.ടി ഈടാക്കിയില്ല

അനുപൂരക പോഷകാഹാരം പദ്ധതിയിൽ ഹൈജീനിക് ഫുഡ് പ്രോഡക്ട് മൊയിലോത്തറ എന്ന സ്ഥാപനത്തിൽ നിന്നാണ് താഴെ പറയും പ്രകാരം 'അമൃതം ഫുഡ്' 2.5% CGST യും, 2.5% SGST യും ഉൾപ്പെടെ നല്കി വാങ്ങിയിട്ടുള്ളത്. എന്നാൽ പ്രസ്തുത പദ്ധതി നടപ്പിലാക്കിയപ്പോൾ ഉത്പന്നത്തിന്റെ ആകെ മൂല്യം 2.5 ലക്ഷത്തിൽ അധികരിക്കുന്നുവെങ്കിലും സ്രോതസിൽ നിന്നും ടി.ഡി.എസ് ആയി 2% ജി.എസ്.ടി ഈടാക്കി സർക്കാരിലേക്ക് അടവാക്കിയിട്ടില്ല.

ഓഡിറ്റ് വർഷം അമൃതം ഫുഡ് വാങ്ങിയതിന്റെ വിശദാംശം ചുവടെ ചേർക്കുന്നു.

| ഇൻവോയ്സ് നം/തിയ്യതി | ന്യൂട്രിമിക്സിന് CGST,SGST (5%) ഉൾപ്പെടെ അനുവദിച്ച ബിൽ തുക | ടി.ഡി.എസ് ആയി ഈടാക്കേണ്ട തുക(2%) |
|---|---|---|
| 283/5-1-24 | 1,55,136.93 | 2,955 |
| 292/22-1-24 | 1,60,668.56 | 3,060 |
| 154/1-3-24 | 1,57,148.43 | 2,993 |
| 170/ 12.4.24 | 1,60,668.56 | 3,060 |
| 179/9-5-24 | 1,23,707.25 | 2,356 |
| 204/21-7-24 | 1,36,782.00 | 2,605 |
| 223/29-8-24 | 1,07,363.81 | 2,045 |
| 232/7-10-24 | 1,47,090.93 | 2,802 |
| 241/5-11-24 | 1,49,605.31 | 2,850 |

| | | |
|---|---|---|
| 101/5-12-25 | 1,44,828.00 | 2,759 |
| 116/24-12-25 | 1,40,553.56 | 2,679 |
| 538/18.2.25 | 1,45,582.31 | 2,773 |
| 596/11.3.25 | 1,43,570.81 | 2,735 |
| 101/20.3.25 | 1,42,313.62 | 2,711 |
| 649/21.3.25 | 1,42,313.62 | 2,711 |
| | | 41,092 |

മേൽ കാണിച്ചിരിക്കുന്ന ഇൻവോയ്സുകളിൽ നിന്നും 5% നിരക്കിൽ GST ഇനത്തിൽ ഹൈജീനിക് ഫുഡ് പ്രോഡക്ട്. മൊയിലോത്തറ എന്ന സ്ഥാപനം വിവിധ മാസങ്ങളിലായി ഗ്രാമ പഞ്ചായത്തിൽ നിന്നും ഈടാക്കിയിട്ടുണ്ട്. CGST ആക്ട് 2017ലെ വകുപ്പ് 51(1) പ്രകാരം വിതരണത്തിന്റെ ആകെ മൂല്യം 2.5 ലക്ഷത്തിൽ അധികരിക്കുന്ന സാധനങ്ങളുടെ ബില്ലിൽ നിന്നും 1% ടിഡിഎസ് പിടിക്കണമെന്ന് നിഷ്കർഷിച്ചിട്ടുള്ളതാണ്. SGST ആക്ട് 2017ലെ വകുപ്പ് 51(1) ലും സമാനമായ നിർദ്ദേശമുള്ളതാണ്. ആയതിനാൽ ആകെ മൂല്യം 2.5 ലക്ഷത്തിൽ അധികരിക്കുന്ന ബില്ലുകളിൽ നിന്നും SGST, CGST ഇനങ്ങളിൽ 1% വീതം ആകെ 2% നികുതി സ്രോതസിൽ നിന്നും ഈടാക്കേണ്ടതാണ്. ഒരു വർഷത്തിൽ സ്ഥാപനം വിതരണം ചെയ്യുന്ന ഉത്പന്നത്തിന്റെ ആകെ മൂല്യം 2.5 ലക്ഷത്തിൽ അധികരിക്കുന്ന സാഹചര്യത്തിലും (ചെറിയ തുകയുടെ ബില്ലുകളായിട്ടാണ് പെയ്മെന്റുകൾ നടത്തിയിരിക്കുന്നത്) ബില്ലുകളിൽ നിന്നും SGST, CGST ഇനങ്ങളിൽ ടി.ഡി.എസ് ആയി 2% നികുതി ഈടാക്കിയിട്ടില്ല.

2.അങ്കണവാടികളിൽ വാണിജ്യാവശ്യത്തിനുള്ള ഗ്യാസ് കണക്ഷൻ

പഞ്ചായത്തിൽ 28 അങ്കണവാടികളാണുള്ളത്. അനുപൂരക പോഷകാഹാര വിതരണത്തിന്റെ ഭാഗമായി നടന്നിട്ടുള്ള പാചകവാതക ചെലവു വിശദാംശം പരിശോധിച്ചതിൽ അങ്കണവാടികളിൽ വാണിജ്യാവശ്യത്തിനുള്ള ഗ്യാസ് കണക്ഷനാണുള്ളത് എന്ന് കാണുന്നു. വാണിജ്യാവശ്യത്തിനുള്ള കണക്ഷനും ഗാർഹികാവശ്യത്തിനുള്ള കണക്ഷനും തമ്മിൽ താരതമ്യം ചെയ്യുമ്പോൾ വാണിജ്യാവശ്യത്തിനുള്ള ഗ്യാസിന് ഒരു കി.ഗ്രാമിൽ തന്നെ ഏകദേശം 30 രൂപയോളം അധികം നൽകേണ്ടി വരുന്നതിനാൽ ഈയിനത്തിൽ വലിയൊരു തുക ഓരോ വർഷവും അധികം ചെലവഴിക്കേണ്ടി വരുന്നുണ്ട്. ലാഭേച്ഛയില്ലാതെ പഞ്ചായത്ത് പരിധിയിലെ അമ്മമാരുടെയും കുട്ടികളുടെയും ക്ഷേമം മാത്രം ലക്ഷ്യമാക്കി പ്രവർത്തിക്കുന്ന അങ്കണവാടികളിലും ഗാർഹിക കണക്ഷൻ ഏർപ്പെടുത്താൻ ഇതുവരെയും നടപടി സ്വീകരിച്ചിട്ടില്ല.

മേൽ അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (നം.23/24-25/29.8.25) മറുപടി ലഭ്യമല്ല. അപാകത പരിഹരിക്കാൻ സ്വീകരിച്ച നടപടികൾ അറിയിക്കേണ്ടതാണ്

1-17 വാഹന വാടക- സ്രോതസ്സിൽ നിന്നും ആദായ നികുതി കുറവ് ചെയ്തില്ല

ഹരിത കർമ്മസേന ശേഖരിക്കുന്ന പ്ലാസ്റ്റിക് മാലിന്യം എം.സി.എഫിൽ എത്തിക്കുന്നതിന് ശ്രീ രാജേഷ് ചാലിൽ, കടിയങ്ങാട് എന്നവരുമായി സെക്രട്ടറി കരാറിലേർപ്പെടുകയും KL 56 C 1528 എന്ന വാഹനത്തിന്റെ വാടക ഇനത്തിൽ 2024-25 വർഷത്തിൽ 2,96,100 രൂപ തനത് ഫണ്ടിൽ നിന്നും കരാറുകാരന് അനുവദിക്കുകയും ചെയ്തിട്ടുണ്ട്.

1961 ലെ ആദായ നികുതി നിയമത്തിലെ സെക്ഷൻ 194 സി പ്രകാരം സാമ്പത്തിക വർഷത്തിൽ ഒരു ലക്ഷത്തിൽ അധികരിക്കുന്ന കരാർ സേവനങ്ങൾക്ക് വ്യക്തികളിൽ നിന്നും ഒരു ശതമാനം നികുതി സ്രോതസ്സിൽ നിന്നും കുറവ് ചെയ്ത് അടക്കേണ്ടതുണ്ട്. 2023-24 വർഷ ഓഡിറ്റ് റിപ്പോർട്ടിൽ ഖണ്ഡിക 1-22

ആയി ഇതേ വിഷയം ഓഡിറ്റ് ചൂണ്ടിക്കാണിച്ചെങ്കിലും അപാകത ആവർത്തിച്ചത് ഗൗരവത്തോടെ കാണുന്നു. തൻവർഷം 2,96,100 രൂപ കരാറുകാരന് കൈമാറിയ സാഹചര്യത്തിലും ടി.ഡി.എസ് ഈടാക്കിയതായി കാണുന്നില്ല. ടി.ഡി.എസ് ഈടാക്കിയിട്ടുണ്ടെങ്കിൽ വിശദാംശങ്ങൾ ലഭ്യമാക്കുന്നതിനും അല്ലാത്ത പക്ഷം ഈടാക്കാത്തതിന്റെ കാരണം വ്യക്തമാക്കുന്നതിനും ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണ കുറിപ്പിന് (നം.9/24-25 തീയതി 29-8-25) സ്ഥാപനം മറുപടി ലഭ്യമാക്കിയിട്ടില്ല. ആദായ നികുതി സ്രോതസ്സിൽ നിന്നും കുറവ് ചെയ്യുന്നതിലുണ്ടായ വീഴ്ച വിശദീകരിക്കേണ്ടതും കരാറുകാരൻ വാടക ഇനത്തിലെ വരുമാനം ഉൾപ്പെടുത്തി ആദായ നികുതി റിട്ടേൺ സമർപ്പിച്ചിട്ടുണ്ടോ എന്ന് പരിശോധിച്ച് ഉറപ്പാക്കി രേഖാമൂലം വിവരം അറിയിക്കേണ്ടതുമാണ്.

## 1-18 ധനകാര്യ കമ്മീഷൻ ഗ്രാന്റ് ഉപയോഗിച്ച് പഞ്ചായത്തിന്റെ ഇലക്ട്രിസിറ്റി ചാർജ്ജ് അടച്ചു.

പ്രോജക്ട് നം/പേര് - 122/25 ഗ്രാമപഞ്ചായത്ത് ഓഫീസിന്റെ വൈദ്യുതി ചാർജ്ജ് അടവാക്കൽ

ചെലവ് തുക - 71638/- രൂപ (ധനകാര്യ കമ്മീഷൻ ഗ്രാന്റ് )

ബിൽ സാങ്ഷൻ നം - 556/5-3-25

മേൽ ബില്ല് പ്രകാരം ഗ്രാമ പഞ്ചായത്ത് ഓഫീസിലെ 2024-25 വർഷത്തെ വൈദ്യുതി ചാർജ്ജ് ഇനത്തിൽ അടവാക്കിയ 71,638/- രൂപ ധനകാര്യ കമ്മീഷൻ ഗ്രാന്റിൽ നിന്നും പിൻവലിച്ച് ചങ്ങരോത്ത് ഗ്രാമപഞ്ചായത്ത് സെക്രട്ടറിയുടെ പേരിലുള്ള തനത് ഫണ്ട് അക്കൗണ്ടിലേക്ക് വരവ് വച്ചിട്ടുണ്ട്. സ.ഉ (കൈ) നം 84/2022/ തസ്വഭവ തീയ്യതി 10-4-22 പതിനാലാം പഞ്ചവത്സര പദ്ധതി രൂപീകരണ മാർഗ്ഗരേഖ ഖ 6.7 പ്രകാരം വികസന ഫണ്ട് വിനിയോഗിക്കാവുന്ന ആവശ്യങ്ങൾക്കെല്ലാം ബേസിക് ഗ്രാന്റ് വിനിയോഗിക്കാം . മേൽ മാർഗ്ഗരേഖ പ്രകാരം സർക്കാർ നിർദ്ദേശിച്ച വിവിധ വികസന പ്രവർത്തനങ്ങൾക്ക് വേണ്ടി ചെലവഴിക്കേണ്ട ബേസിക് ഗ്രാന്റ് ആവർത്തന ചെലവായ കറണ്ട് ചാർജ്ജ് അടവാക്കുന്നതിനായി വിനിയോഗിച്ചത് ശരിയായ നടപടിയല്ല. റവന്യൂ ചെലവുകൾക്ക് തനതു ഫണ്ടിൽ നിന്നും തുക ചെലവഴിക്കേണ്ടതിന് പകരമായി വികസന പ്രവർത്തനങ്ങൾക്കായി ലഭിച്ച സി.എഫ്.സി ഫണ്ട് റവന്യൂ ചെലവുകൾക്ക് വിനിയോഗിക്കുന്നത് പഞ്ചവത്സര പദ്ധതി മാർഗ്ഗരേഖയ്ക്ക് വിരുദ്ധമാണ്.

അപാകതയ്ക്ക് വിശദീകരണം നൽകേണ്ടതും ഇപ്രകാരം കറണ്ട് ചാർജ്ജ് അടവാക്കുന്നതിന് ബേസിക് ഗ്രാന്റ് ഉപയോഗിക്കുന്നതിന് സർക്കാരിൽ നിന്നും ഉത്തരവ് ലഭ്യമായിട്ടുണ്ടെങ്കിൽ ആയത് പരിശോധനയ്ക്ക് ലഭ്യമാക്കേണ്ടതുമാണെന്നാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണ കുറിപ്പിന് (നം.2/24-25 തീയതി 27-8-25) സ്ഥാപനം മറുപടി ലഭ്യമാക്കിയിട്ടില്ല. മേൽ ആവശ്യപ്പെട്ട പ്രകാരം കറണ്ട് ചാർജ്ജ് അടവാക്കുന്നതിന് സർക്കാരിൽ നിന്നും ഉത്തരവ്/അനുമതി ലഭ്യമായിട്ടുണ്ടെങ്കിൽ പരിശോധനയ്ക്ക് ലഭ്യമാക്കേണ്ടതാണ്.

## 1-19 പ്രൊവിഷൻ രേഖപ്പെടുത്താതെയും മുൻപ് ചെലവ് ചെയ്തതാണോ എന്ന് ഉറപ്പാക്കാതെയും തുക നൽകി

വൗച്ചർ നം.22401014/21-12-24 പ്രകാരം 2021-22 കോവിഡ് കാലത്ത് കോവിഡ് രോഗികൾക്കും കിടപ്പു രോഗികൾക്കും വസ്ത്രം നൽകിയ വകയിൽ ഗ്രാന്റ് ഹൗസ്, പേരാമ്പ്രയ്ക്ക് നൽകാനുള്ള 16,096 രൂപ ശ്രീ. പ്രകാശൻ, ഗ്രാന്റ് ഹൗസ്, പേരാമ്പ്ര എന്നവരുടെ അക്കൗണ്ടിലേക്ക് അനുവദിച്ചിട്ടുണ്ട്. 15-7-2024 ലെ 44ാം നമ്പർ ഭരണസമിതി തീരുമാന പ്രകാരമാണ് തുക അനുവദിച്ചിരിക്കുന്നത്. വാർഷിക കണക്കിലെ ബി-9 സ്റ്റേറ്റ്മെന്റിൽ ബാധ്യതാ ഹെഡ്ഡിൽ ഇപ്രകാരം തുക നൽകാനുള്ള പ്രൊവിഷൻ രേഖപ്പെടുത്താതെയാണ് തുക ചെലവഴിച്ചിരിക്കുന്നത്. കൂടാതെ മുൻ വർഷങ്ങളിൽ ഈയിനത്തിൽ തുക ചെലവഴിച്ചിട്ടുണ്ടോ എന്ന് ഉറപ്പാക്കിയതായും ഫയൽ പ്രകാരം വ്യക്തമല്ല.

അപാകതയ്ക്ക് വിശദീകരണം നൽകേണ്ടതാണെന്നാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണ കുറിപ്പിന് (നം. 10/24-25 തീയതി 29-8-25) സ്ഥാപനം മറുപടി ലഭ്യമാക്കിയിട്ടില്ല. മേൽ അപാകതയ്ക്ക് വിശദീകരണം നൽകേണ്ടതും മുൻവർഷങ്ങളിൽ ഈ ചെലവ് നടത്തിയിട്ടില്ലെന്ന് ഉറപ്പാക്കി ആയതിന്റെ രേഖകൾ സഹിതം മറുപടി നൽകേണ്ടതുമാണ്. അതുവരെ 16,096 രൂപയുടെ ചെലവ് തടസ്സത്തിൽ വയ്ക്കുന്നു.

## 1-20 പട്ടികജാതി വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് - പ്രോജക്ട് നിർവ്വഹണത്തിലെ അപാകതകൾ

പ്രോജക്ട് നം-163/25(സ്പിൽ ഓവർ) പട്ടികജാതി വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ്

ചെലവ് തുക – 290000(പട്ടികജാതി വികസന ഫണ്ട്)

ബിൽ സാങ്ഷൻ നം- 211/9-5-24

ഹെഡ്മിസ്ട്രസ്സ് നിർവ്വഹണ ഉദ്യോഗസ്ഥയായി നടപ്പിലാക്കിയ മേൽ പ്രോജക്ട് പ്രകാരം തൻ വർഷം വിവിധകോഴ്സകളിൽ പഠിക്കുന്ന 14 വിദ്യാർത്ഥികൾക്ക് മെറിറ്റോറിയസ് സ്കോളർഷിപ്പ് നൽകിയിട്ടുണ്ട്. പ്രോജക്ട് ഫയൽ പരിശോധിച്ചതിൽ താഴെ കൊടുത്തിരിക്കുന്ന അപാകതകൾ കാണുന്നു.

1. ശ്രീ.അഭിഷേക് .വി.എം, S/O രാജേഷ്,വാഴയിൽ മീത്തൽ ഹൗസ് എന്ന കുട്ടിക്ക് ഡിഗ്രി കോഴ്സിന് പഠിക്കുന്നതിനായി നൽകുന്ന 20,000 രൂപ സ്കോളർഷിപ്പ് നൽകിയിട്ടുണ്ട്. പേരാമ്പ്ര മേഴ്സി കോളേജ് പ്രിൻസിപ്പാൾ നൽകിയ തീയ്യതി രേഖപ്പെടുത്താത്ത സർട്ടിഫിക്കറ്റ് പ്രകാരം അഭിഷേക്.വി.എം, തങ്ങളുടെ സ്ഥാപനത്തിൽ ബി.കോം ഡിഗ്രി കോഴ്സ് ചെയ്യുന്നു എന്ന് സാക്ഷ്യപ്പെടുത്തിയിട്ടുണ്ട്. ഏതു സെമസ്റ്റർ ആണെന്നോ, ഏതു വർഷം മുതൽ ഏതുവർഷം വരെയാണ് കോഴ്സ് എന്നോ സർട്ടിഫിക്കറ്റിൽ രേഖപ്പെടുത്തിയിട്ടില്ല. ആയതിനാൽ വിദ്യാർത്ഥി 2023-24 വർഷം കോഴ്സ് ചെയ്തു് സ്കോളർഷിപ്പിന് അർഹതയുള്ളയാളാണോ എന്ന് പരിശോധിക്കാനായിട്ടില്ല.

2. 14 വിദ്യാർത്ഥികൾകളുടെയും സ്കോളർഷിപ്പിനുള്ള അപേക്ഷ പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല.

3. സ്കോളർഷിപ്പ് അനുവദിച്ച താഴെ കൊടുത്തിരിക്കുന്ന വിദ്യാർത്ഥികൾ 2023-24 വർഷം കോഴ്സ് ചെയ്യുന്ന / കാലാവധി പൂർത്തിയാക്കുന്ന വിദ്യാർത്ഥികളാണോ എന്ന് പരിശോധിച്ച് ഉറപ്പാക്കിയിട്ടില്ല.

A. അഹന.എം. D/O ശ്രീധരൻ, പാലേരി - ഗവൺമെന്റ് കമേഴ്സ്യൽ ഇൻസ്റ്റിറ്റ്യൂട്ട്, കൊയിലാണ്ടി എന്ന സ്ഥാപനത്തിൽ നിന്നും ഡിപ്ളോമ ഇൻ സെക്രട്ടേറിയൽ പ്രാക്ടീസ് എന്ന ദ്വിവൽസര കോഴ്സ് 8-8-2023 ന് പൂർത്തിയാക്കിയതായി 8-8-2023 തീയ്യതിയിൽ ഇഷ്യൂ ചെയ്ത സർട്ടിഫിക്കറ്റ് പ്രകാരം രേഖപ്പെടുത്തിയിട്ടുണ്ട്. ആയത് പ്രകാരം 15,000 രൂപ സ്കോളർഷിപ്പ് അനുവദിച്ചിട്ടുണ്ട്.

B. ശ്രീ.വിഷ്ണു.എൻ.വി, ആവട്ടക്ക എന്ന ഗുണഭോക്താവ് ഗവൺമെന്റ് ഐ.ടി.ഐ, കുറുവങ്ങാട് എന്ന സ്ഥാപനത്തിൽ 2021-23 വർഷം ട്രെയിനിയായി സർവ്വെയർ ട്രേഡ് ജൂലൈ 2023 ന് പൂർത്തിയാക്കിയതായി 15-2-2024 ൽ ഇഷ്യൂ ചെയ്ത സർട്ടിഫിക്കറ്റിൽ രേഖപ്പെടുത്തിയിട്ടുണ്ട്. ആയത് പ്രകാരം 20000 രൂപ സ്കോളർഷിപ്പ് അനുവദിച്ചിട്ടുണ്ട്. 2021-23 അക്കാദമിക് വർഷത്തിൽ പൂർത്തിയാക്കിയ കോഴ്സിന് 2023-24 കാലയളവിൽ സ്കോളർഷിപ്പ് അനുവദിച്ച നടപടി വിശദീകരിക്കേണ്ടതാണ്.

മേൽ അപാകതകൾക്ക് വിശദീകരണം നൽകേണ്ടതാണെന്നാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണ കുറിപ്പിന് (നം. 3/24-25 തീയതി 27-08-2025) സ്ഥാപനം മറുപടി ലഭ്യമാക്കിയിട്ടില്ല. അപാകതകൾക്ക് വ്യക്തമായ വിശദീകരണം നൽകേണ്ടതും ആവശ്യപ്പെട്ട രേഖകൾ പരിശോധനയ്ക്ക് ഹാജരാക്കേണ്ടതുമാണ്.

## 1-21 കോക്ലിയാർ ഇംപ്ലാന്റ് മെയിന്റനൻസ് - തെറ്റായ അക്കൗണ്ടിലേക്ക് തുക കൈമാറിയതും മറ്റ് അപാകതകളും

നിർവ്വഹണ ഉദ്യോഗസ്ഥൻ -സെക്രട്ടറി

പ്രൊജക്റ്റ് നം - 6/25

വകയിരുത്തിയ തുക - 100000 (വികസന ഫണ്ട്)

ചെലവ് - 100000

ബിൽ നമ്പർ - 444/31-12-24-വികസന ഫണ്ട്

സെക്രട്ടറി നടപ്പാക്കിയ മേൽ പ്രൊജക്ട് പ്രകാരം കോക്ലിയർ ഇംപ്ലാന്റേഷൻ ശസ്ത്രക്രിയ നടത്തിയതിനുള്ള തുടർ ചെലവായി പഞ്ചായത്ത് പരിധിയിലെ രണ്ടു കുട്ടികൾക്ക് 50,000 രൂപ വീതം 1,00,000 രൂപ കേരള സോഷ്യൽ സെക്യൂരിറ്റി മിഷനിൽ അടവാക്കിയിട്ടുണ്ട്. പ്രോജക്ട് നിർവ്വഹണത്തിലെ അപാകതകൾ താഴെ കൊടുക്കുന്നു.

1.സ.ഉ (കൈ) നം. 162/2023/തസ്വഭവ/SJD തീയ്യതി 26-7-2023 പ്രകാരം കോക്ലിയർ ഇംപ്ലാന്റേഷൻ ശസ്ത്രക്രിയയെ തുടർന്നുള്ള അനുബന്ധ ഉപകരണങ്ങളുടെ മെയിന്റനൻസ് പദ്ധതി 2023-24 സാമ്പത്തിക വർഷം മുതൽ കേരള സ്റ്റേറ്റ് ഹെൽത്ത് ഏജൻസി മുഖേന നടപ്പിലാക്കുന്നതിനായി ഉത്തരവായിട്ടുണ്ട്. 9-11-23 ലെ ഡിഎ1/284/2023 തസ്വഭവ സർക്കുലർ പ്രകാരം സ്റ്റേറ്റ് ഹെൽത്ത് ഏജൻസിയുടെ 301005800000015 എന്ന അക്കൗണ്ടിലേക്കാണ് ഒരു കുട്ടിക്ക് 50,000 രൂപ എന്ന നിരക്കിൽ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ പണം നൽകേണ്ടതെന്നും നിർദ്ദേശിക്കുന്നുണ്ട്. എന്നാൽ മേൽ പദ്ധതി മുഖേന 1,00,000 രൂപ പഞ്ചായത്ത് നിക്ഷേപിച്ചിരിക്കുന്നത് കേരള സോഷ്യൽ സെക്യൂരിറ്റി മിഷന്റെ 701011400000134 എന്ന അക്കൗണ്ടിലേക്കാണ്.

2. പ്രസ്തുത തുക പഞ്ചായത്ത് പരിധിയിലെ ഏതൊക്കെ കുട്ടികളുടെ തുടർ ചികിത്സക്കാണ് നൽകിയതെന്ന് ഫയൽ പ്രകാരം വ്യക്തമല്ല.

3. പഞ്ചായത്ത് പരിധിയിലെ 2 കുട്ടികളുടെ കോക്ലിയർ ഇംപ്ലാന്റേഷൻ ശസ്ത്രക്രിയ നടത്തിയതിനുള്ള തുടർ ചികിത്സക്കായി തുക വിനിയോഗിച്ചതിന്റെ വിശദാംശം കേരള സോഷ്യൽ സെക്യൂരിറ്റി മിഷനിൽ നിന്നും ലഭ്യമാക്കി പരിശോധനയ്ക്ക് നൽകിയിട്ടില്ല.

4. മേൽ സർക്കുലർ പ്രകാരം കേരള സോഷ്യൽ സെക്യൂരിറ്റി മിഷനിൽ ഈ പദ്ധതിക്കായി തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ ലഭ്യമാക്കിയതിൽ പദ്ധതിക്കായി ചെലവഴിക്കാത്ത തുക ഗുണഭോക്തൃ പട്ടികയും അപേക്ഷകളും സഹിതം കേരള സ്റ്റേറ്റ് ഹെൽത്ത് ഏജൻസിക്ക് കൈമാറേണ്ടതാണെന്ന് നിർദ്ദേശിക്കുന്നുണ്ട്. ഇപ്രകാരം തുക കൃത്യമായി ഗുണഭോക്താക്കൾക്ക് ലഭ്യമായിട്ടുണ്ടോ എന്ന് ഉറപ്പാക്കുന്നതിനായി പഞ്ചായത്ത് സ്വീകരിച്ച നടപടികളുടെ വിശദാംശങ്ങൾ ലഭ്യമല്ല.

മേൽ അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കേണ്ടതും ആവശ്യപ്പെട്ട രേഖകൾ പരിശോധനയ്ക്ക ഹാജരാക്കേണ്ടതുമാണെന്നറിയിച്ചുകൊണ്ട് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (നം. 4/2024-25 തീയതി 27-8-25 )മറുപടി നൽകിയിട്ടില്ല. മേൽ രേഖകളും തുക വിനിയോഗിച്ചതിന്റെ വിശദാംശങ്ങളും പരിശോധനയ്ക്ക് ലഭ്യമാക്കുന്നതു വരെ 1,00,000 രൂപയുടെ ചെലവ് തടസ്സത്തിൽ വയ്ക്കുന്നു.

1-22 പൊതുമരാമത്ത് വകുപ്പിൽ തുക ഡെപ്പോസിറ്റ് ചെയ്തു - പ്രവൃത്തികൾ നാളിതുവരെ ആരംഭിച്ചിട്ടില്ല.

2024-25 വർഷം സെക്രട്ടറി നടപ്പിലാക്കിയ പദ്ധതികൾ വഴി താഴെ കൊടുത്ത പ്രകാരം പി.ഡബ്ള്യൂ.ഡി ഇലക്ട്രോണിക്സ് വിഭാഗത്തിൽ തുക ഡെപ്പോസിറ്റ് ചെയ്തിട്ടുണ്ട്.

| ക്രമ നം | പദ്ധതിയുടെ നമ്പർ/പേര് | ചെലവ് തുക/ ഫണ്ടിനം | ബിൽ സാങ്ഷൻ നമ്പർ, തിയതി | റിമാർക്സ് |
|---|---|---|---|---|
| 1 | 239/25 പഞ്ചായത്ത് മീറ്റിംഗ് ഹാൾ ലാൻ നെറ്റ് വർക്കിംഗ് സൗണ്ട് സിസ്റ്റം സ്ഥാപിക്കൽ | 4,65,000 (സി.എഫ്.സി ഗ്രാന്റ് ) | 629/20-3-25 | തുക പി.ഡബ്ള്യൂ.ഡി ഇലക്ട്രോണിക്സ് വിഭാഗം കോഴിക്കോടിന് കൈമാറി. പ്രവൃത്തി നാളിതുവരെ ആരംഭിച്ചിട്ടില്ല. പി.ഡബ്ള്യൂ.ഡിയുടെ എസ്റ്റിമേറ്റ് ലഭ്യമല്ല. |

| | | | | |
|---|---|---|---|---|
| 2 | 121/25 പഞ്ചായത്ത് ഓഫീസ് നെറ്റ് വർക്ക് വയറിംഗ് പുതുക്കൽ | 4,99,700 (സി.എഫ്.സി ഗ്രാന്റ്) | 628/20-3-25 | തുക പി.ഡബ്ള്യ.ഡി ഇലക്ട്രോണിക്സ് വിഭാഗം കോഴിക്കോടിന് കൈമാറി. പ്രവൃത്തി നാളിതുവരെ ആരംഭിച്ചിട്ടില്ല. |
| 3 | 312/25 മുതുവണ്ണാച്ച കുടിവെള്ള പദ്ധതിക്ക് ലൈൻ നീട്ടൽ | 1,15,000 (തനത് ഫണ്ട്) | 678/24-3-25 | തുക പി.ഡബ്ള്യ.ഡി ഇലക്ട്രിക്കൽ സെക്ഷൻ, പേരാമ്പ്ര നോർത്തിന് കൈമാറി. പ്രവൃത്തി പൂർത്തീകരിച്ചതിന്റെ വിശദാംശം ലഭ്യമല്ല. വിനിയോഗ സർട്ടിഫിക്കറ്റ് ലഭ്യമാക്കിയിട്ടില്ല. |
| | ആകെ | 10,79,700രൂപ | | |

1. ഡെപ്പോസിറ്റ് പ്രവൃത്തികൾക്ക് ബന്ധപ്പെട്ട ഏജൻസിയുമായി കരാറിൽ ഏർപ്പെട്ടതിനു ശേഷം മാത്രമേ മുൻകൂർ തുക നൽകാവൂ. എന്നാൽ മേൽ പ്രവൃത്തികൾക്ക് തുക ഡെപ്പോസിറ്റ് ചെയ്തപ്പോൾ സെക്രട്ടറി പൊതുമരാമത്ത് വകുപ്പുമായി കരാറിൽ ഏർപ്പെട്ടിട്ടില്ല.

2.ഡെപ്പോസിറ്റ് വർക്കുകൾ സമയബന്ധിതമായി പൂർത്തീകരിക്കാൻ വേണ്ട തുടർ പ്രവർത്തനങ്ങൾ തദ്ദേശഭരണ സ്ഥാപന സെക്രട്ടറി സ്വീകരിക്കേണ്ടതാണ്. എന്നാൽ അപ്രകാരം പ്രവൃത്തി പൂർത്തീകരിക്കാൻ വേണ്ട തുടർ പ്രവർത്തനങ്ങൾ തദ്ദേശഭരണ സ്ഥാപന സെക്രട്ടറി സ്വീകരിച്ചതായ വിവരങ്ങൾ ഫയൽ പ്രകാരം ലഭ്യമല്ല. ക്രമ നം 1,2 എന്നീ പ്രവൃത്തികൾ നാളിതുവരെ ആരംഭിച്ചിട്ടില്ല.

അപാകതയ്ക്ക് വിശദീകരണം ലഭ്യമാക്കേണ്ടതും മേൽ പ്രവൃത്തികൾ പൂർത്തീകരിക്കാൻ നടപടികൾ സ്വീകരിച്ച് അറിയിക്കേണ്ടതുമാണെന്നാവശ്യപ്പെട്ടുകൊണ്ട് നൽകിയ ഓഡിറ്റ് അന്വേഷണകുറിപ്പിന് (നം.6/24-25 തീയതി 27-8-25) സ്ഥാപനം മറുപടി ലഭ്യമാക്കിയിട്ടില്ല. അപാകതയ്ക്ക് വിശദീകരണം നൽകേണ്ടതും പ്രവൃത്തി പൂർത്തിയാക്കി വിനിയോഗ സർട്ടിഫിക്കറ്റ് ലഭ്യമാക്കേണ്ടതുമാണ്. അതുവരെ 10,79,700 രൂപയുടെ ചെലവ് തടസ്സത്തിൽ വയ്ക്കുന്നു.

1-23 എം.സി.എഫ് കെട്ടിടത്തിന് വാടക നൽകൽ -വാടക നിരക്ക് നിശ്ചയിച്ചതിന്റെ രേഖകൾ ലഭ്യമല്ല.

നിർവ്വഹണ ഉദ്യോഗസ്ഥൻ -സെക്രട്ടറി

പ്രൊജക്റ്റ് നം - 7/25

വകയിരുത്തിയ തുക - 1,27,284 (വികസന ഫണ്ട്)

ചെലവ് - 1,27,284

| ബിൽ സാങ്ഷൻ നമ്പർ/തിയ്യതി | തുക |
|---|---|
| 1. 109/30.08.2024 | 31,821 |
| 2. 130/06.09.2024 | 21,214 |
| 3. 215/12.12.2024 | 21,214 |
| 4. 299/28.01.2025 | 21,214 |
| 5. 410/15.03.2025 | 21,214 |
| 6. 488/20.03.2025 | 10,607 |

സെക്രട്ടറി നിർവ്വഹണ ഉദ്യോഗസ്ഥനായി മേൽ പ്രോജക്ട് പ്രകാരം പാർവ്വതി അമ്മ മാണിക്കാം കണ്ടി വീട്, ചങ്ങരോത്ത് എന്നവരുടെ ഉടമസ്ഥതയിലുള്ള CP V 60A നം കെട്ടിടത്തിന് എം.സി.എഫായി ഉപയോഗിക്കുന്നതിന് 10,607 രൂപ മാസ വാടക നിരക്കിൽ തൻവർഷം 12 മാസത്തെ വാടകയായി 1,27,284 രൂപ നൽകിയിട്ടുണ്ട്. എന്നാൽ മേൽ കെട്ടിടത്തിന് അസിസ്റ്റന്റ് എഞ്ചിനീയർ വാടക നിശ്ചയിച്ച് നൽകിയ രേഖ പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല. വാടക കരാറിനു പകരമായി ഫയലിൽ നിബന്ധനകൾ എഴുതി ചേർക്കാത്ത 200 രൂപയുടെ ഒരു മുദ്രപത്രം വച്ചിട്ടുണ്ട്. ആയതിനാൽ എന്ന് മുതൽ എന്നുവരെയാണ് കെട്ടിടം വാടകയ്ക്ക് നൽകിയിരിക്കുന്നത് എന്ന് വ്യക്തമല്ല.

അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കേണ്ടതും ബന്ധപ്പെട്ട രേഖകൾ പരിശോധനയ്ക്ക് ഹാജരാക്കേണ്ടതുമാണെന്നാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണ കുറിപ്പിന് (നം.11/24-25 തീയതി 29-8-25) സ്ഥാപനം മറുപടി ലഭ്യമാക്കിയിട്ടില്ല. മേൽ അപാകതയ്ക്ക് രേഖകൾ സഹിതം വ്യക്തമായ വിശദീകരണം നൽകേണ്ടതാണ്. അതുവരെ 1,27,284 രൂപയുടെ ചെലവ് തടസ്സത്തിൽ വയ്ക്കുന്നു.

1-24 ക്ഷീര കർഷകർക്ക് ഇൻസെന്റീവ്- രേഖകൾ ലഭ്യമല്ല

പ്രൊജക്റ്റ് നം. 38/25 , ക്ഷീരകർഷകർ അളക്കുന്ന പാലിന് ഇൻസെന്റീവ്- പദ്ധതി നടത്തിപ്പിലെ അപാകതകൾ

അടങ്കൽ - 11,00,000 (ധനകാര്യ കമ്മീഷൻ അവാർഡ് 600000, ബ്ലോക്ക് പഞ്ചായത്ത് 200000, ജില്ലാ പഞ്ചായത്ത് 300000)

ചെലവ് തുക-9,02,005

നിർവ്വഹണം - ഡയറി എക്സ്റ്റൻഷൻ ഓഫീസർ

ബിൽ സാങ്ഷൻ നം.1. 632/ 20-03-2025 Rs.186867

2.534/ 15-02-2025 Rs. 252000

3.548/22-02-2025 Rs. 411969

4. 658/22-03-2025 Rs. 1169

5. 571/07-03-2025 Rs. 50000

ഡയറി എക്സ്റ്റൻഷൻ ഓഫീസർ നിർവ്വഹണം നടത്തിയ മേൽ പ്രൊജക്റ്റിന്റെ വൗച്ചറുകൾ പരിശോധിച്ചപ്പോൾ കണ്ടെത്തിയ അപാകതകൾ താഴെ കൊടുക്കുന്നു.

1. മിൽക്ക് ഇൻസെന്റീവ് അനുവദിച്ചതിന്റെ അർഹത പരിശോധിക്കുന്നതിനായി ബന്ധപ്പെട്ട സഹകരണസംഘങ്ങളിൽ പാൽ അളന്നതിന്റെ രേഖകളൊന്നും പരിശോധനയ്ക്കായി ഹാജരാക്കിയിട്ടില്ല.

2. ഗുണഭോക്താക്കളുടെ അക്കൗണ്ടിലേക്ക് തന്നെയാണോ ഇൻസെന്റീവ് ലഭിച്ചത് എന്ന് പരിശോധിക്കുന്നതിനായി Payment Successful Details പരിശോധനയ്ക്കായി ലഭ്യമാക്കിയിട്ടില്ല.

മേൽ അപാകതകൾ സംബന്ധിച്ച് രേഖകളും വിശദീകരണവും ലഭ്യമാക്കണമെന്ന് ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക്(നം.07/27-08-25) ഇതുവരെ മറുപടി ലഭ്യമാക്കിയിട്ടില്ല. അപാകത പരിഹരിക്കാൻ നടപടികൾ സ്വീകരിക്കേണ്ടതാണ്

1-25 പ്രൊജക്ടുകൾ പ്രകാരം തുക കൈമാറി - കെ.എം.എസ്.സി.എൽ/ഹോംകോ എന്നിവയിൽ നിന്നും മരുന്ന് , ഉപകരണങ്ങൾ എന്നിവ ലഭ്യമായില്ല.

പ്രൊജക്ട് നം. -1. 272/25 ഹോമിയോ ആശുപത്രിക്ക് അനുബന്ധ ഉപകരണങ്ങൽ വാങ്ങൽ

2. 241/25 ഹോമിയോ ആശുപത്രിക്ക് മരുന്ന് വാങ്ങൽ

നിർവ്വഹണം- മെഡിക്കൽ ഓഫീസർ, ആയുർവേദം.

അടങ്കൽ- 1,50,000, 3,00,000 (മൊത്തം 450000)(തനത് ഫണ്ട് 150000, മെയിന്റനൻസ് ഫണ്ട്

റോഡിതരം-300000)

ചെലവ് – 4,48,351 (1,48,351,+,3,00,000)

മെഡിക്കൽ ഓഫീസർ ആയുർവേദം നിർവ്വഹണ ഉദ്യോഗസ്ഥനായി തൻ വർഷം നടപ്പിലാക്കിയ താഴെ കൊടുക്കുന്ന പ്രൊജക്ടുകൾ പ്രകാരം ചങ്ങരോത്ത് കുടുംബാരോഗ്യ കേന്ദ്രത്തിലെ രോഗികൾക്കുള്ള മരുന്ന്, ഉപകരണങ്ങൾ എന്നിവ ലഭ്യമാക്കുന്നതിനായി പ്രൊഫോർമ ഇൻവോയ്സ് പ്രകാരം കെ.എം.എസ്.സി.എൽ/ഹോംകോ എന്നീ സ്ഥാപനങ്ങൾക്ക് തുക കൈമാറിയെങ്കിലും മരുന്നുകൾ, ഉപകരണങ്ങൾ എന്നിവ നാളിതുവരെ ലഭ്യമായില്ല. വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്രമ നം | പ്രൊജക്ട് നം/ പേര് | കൈമാറിയ തുക | ബിൽ നം | ഓഡിറ്റ് തിയ്യതി വരെ ലഭ്യമായ മരുന്നിന്റെ/ ഉപകരണങ്ങളുടെ വില | ലഭ്യമാകുവാൻ അവശേഷിക്കുന്ന മരുന്നിന്റെ/ ഉപകരണങ്ങളുടെ വില |
|---|---|---|---|---|---|
| 1 | 272/25 ഹോമിയോ ആശുപത്രിക്ക് അനുബന്ധ ഉപകരണങ്ങൾ വാങ്ങൽ | 26,826 | 555/04-03-25 | 2,903 | 23,923 |
| 2 | 241/25 , ഹോമിയോ ആശുപത്രിക്ക് മരുന്ന് വാങ്ങൽ | 3,00,000 | 392/08-12-24 | 2,93,368 | 6,632 |
| | | | | ആകെ | 30,555 |

30,555 രൂപയുടെ ഉപകരണങ്ങൾ, മരുന്നുകൾ എന്നിവ കെ.എം.എസ്സ്.സി.എല്ലിൽ/ഹോംകോയിൽ നിന്നും ലഭ്യമാക്കാൻ സ്വീകരിച്ച നടപടികൾ അറിയിക്കണമെന്ന് ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം. 14/24-25, തിയ്യതി 29-08-25) ഇതുവരെ മറുപടി ലഭ്യമാക്കിയിട്ടില്ല. മരുന്ന്/ ഉപകരണങ്ങൾ ലഭ്യമാക്കി സ്റ്റോക്കിലെടുത്ത് അറിയിക്കുന്നതുവരെ 30,555 രൂപ തടസ്സത്തിൽ വെക്കുന്നു.

1- 26 അജൈവ മാലിന്യം കയറ്റി അയക്കൽ- തൂക്കം പരിശോധിച്ച് ഉറപ്പ് വരുത്തിയില്ല

പ്രൊജക്റ്റ് നം. 253/25 , അജൈവ മാലിന്യം ശേഖരിച്ച് കയറ്റി അയക്കൽ

അടങ്കൽ - 752200 ( ധനകാര്യ കമ്മീഷൻ അവാർഡ് 752200 )

ചെലവ് തുക-307125

നിർവ്വഹണം – വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ

ബിൽ സാങ്ഷൻ നം.353/ 19-10-2024 Rs. 307125

ഹരിതകർമ്മസേന ശേഖരിക്കുന്ന പാഴ് വസ്തുക്കൾ നീക്കം ചെയ്യുന്നതുമായി ബന്ധപ്പെട്ട് ചങ്ങരോത്ത് ഗ്രാമപഞ്ചായത്ത് സെക്രട്ടറിയും, പാഴ് വസ്തുക്കൾ നീക്കം ചെയ്യുന്ന കോണാരീസ് എന്ന

കമ്പനിയുടെ മാനേജിങ്ങ് പാർട്ട്ണറുമായ റസാഖുമായി 01-03-2024 ൽ ഒപ്പിട്ട കരാർ പ്രകാരം, കയറ്റി കൊണ്ടുപോകുന്ന വസ്തുക്കളുടെ തൂക്കം നിർവ്വഹണ ഉദ്യോഗസ്ഥൻ പരിശോധിച്ച് ഉറപ്പു വരുത്തണമെന്ന് വ്യവസ്ഥ ചെയ്തിട്ടുണ്ട്. എന്നാൽ മൊത്തം 45500 കിലോ വസ്തുക്കൾ കയറ്റി അയച്ചപ്പോൾ തൂക്കം അളന്ന ബന്ധപ്പെട്ട വേ ബ്രിഡ്ജ് ബില്ലിൽ നിർവഹണ ഉദ്യോഗസ്ഥ പരിശോധിച്ച് സാക്ഷ്യപ്പെടുത്തിയിട്ടില്ല. ടി അപാകത സംബന്ധിച്ച് വിശദീകരണം ലഭ്യമാക്കണം എന്ന് ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ 29/08/2025 ൽ ലഭ്യമാക്കിയ മറുപടിയിൽ അറിവില്ലായ്മ കൊണ്ടാണ് വേ ബ്രിഡ്ജ് ബില്ല് പരിശോധിച്ച് സാക്ഷ്യപ്പെടുത്താതിരുന്നത് എന്ന് വ്യക്തമാക്കിയിട്ടുണ്ട്. മറുപടി തൃപ്തികരമല്ല. ഭാവിയിൽ ഇത്തരം അപാകതകൾ ആവർത്തിക്കാതിരിക്കാൻ നടപടികൾ സ്വീകരിക്കേണ്ടതാണ്.

1-27 കൃത്യമായ പരിശോധന നടത്താതെ വർഷം തോറും പൊതു ടാപ്പുകളുടെ വെള്ളക്കരമിനത്തിൽ ഭീമമായ സംഖ്യ ചെലവഴിക്കുന്നു.

പ്രതിമാസം 1,49,230 രൂപ നിരക്കിൽ 123 പൊതു ടാപ്പുകളുടെ വെള്ളക്കരമിനത്തിൽ 2024-25 സാമ്പത്തിക വർഷം 17,90,760 രൂപയാണ് ഗ്രാമപഞ്ചായത്ത് വാട്ടർ അതോറിറ്റിയിൽ അടച്ചത്. 14-10-2024 ലെ ഭരണസമിതി മീറ്റിംഗിൽ കുടിവെള്ളക്കരം ക്രമീകരിക്കുന്നതിനായി ഭരണ സമിതിയുടെ നേതൃത്വത്തിൽ വാട്ടർ അതോറിറ്റിയുമായി ചേർന്ന് സംയുക്ത പരിശോധന നടത്താൻ തീരുമാനിച്ചിട്ടുണ്ട്. (5/1 നം തീരുമാനം). കൂടാതെ ഓരോ വാർഡിലേയും പൊതുടാപ്പുകളുടെ എണ്ണം , അവ സ്ഥിതി ചെയ്യുന്ന കൃത്യമായ സ്ഥലം എന്നീ വിവരങ്ങൾ ശേഖരിക്കുന്നതിനും നിർദ്ദേശിച്ചിട്ടുണ്ട്. ഇക്കാര്യത്തിൽ സ്വീകരിച്ച തുടർനടപടികൾ ലഭ്യമല്ല. 6-6-2024ലെ വികേന്ദ്രീകൃതാസൂത്രണ കോ-ഓർഡിനേഷൻ കമ്മറ്റി ഖ-3-8(iii) തീരുമാന പ്രകാരം 2024 ജൂലൈ 31-നകം സംയുക്ത പരിശോധന നടത്തി ഇപ്പോഴുള്ള പൊതുടാപ്പുകളുടെ എണ്ണത്തിന്റെ അടിസ്ഥാനത്തിൽ ചാർജ്ജ് ഈടാക്കുന്ന രീതി നടപ്പിലാക്കണം. ഇപ്രകാരം ജൂലൈ 31-നകം സംയുക്ത പരിശോധന പൂർത്തിയാക്കാൻ കഴിഞ്ഞില്ലെങ്കിൽ തദ്ദേശ ഭരണ സ്ഥാപനം സ്വന്തമായി പരിശോധന നടത്തി ആവശ്യമില്ലാത്തതും പ്രവർത്തനക്ഷമമല്ലാത്തതുമായ പൊതുടാപ്പുകൾ കണ്ടെത്തി കേരള വാട്ടർ അതോറിറ്റിയെ അറിയിക്കണം. വാട്ടർ അതോറിറ്റി കഴിവതും വേഗം ഇത് ക്രോസ് ചെയ്ത് തദ്ദേശഭരണ സ്ഥാപനത്തെ അറിയിക്കണം. ഇങ്ങനെ അറിയിച്ചില്ലെങ്കിൽ തദ്ദേശഭരണ സ്ഥാപനം സ്വന്തമായി പരിശോധന നടത്തി കണ്ടെത്തിയ പ്രകാരമുള്ള ടാപ്പുകളുടെ എണ്ണം അനുസരിച്ച് കുടിവെള്ള ചാർജ്ജ് അടക്കുന്ന രീതി സ്വീകരിക്കാവുന്നതാണ് എന്നും തീരുമാനിച്ചിട്ടുണ്ട്. പ്രസ്തുത തീരുമാനം ഗ്രാമ പഞ്ചായത്ത് നടപ്പിലാക്കിയിട്ടില്ല.

വികേന്ദ്രീകൃതാസൂത്രണത്തിന്റെ ഭാഗമായി കഴിഞ്ഞ 25 വർഷക്കാലം നിരവധി കുടിവെള്ള പദ്ധതികൾ സ്ഥാപനത്തിൽ പ്രവർത്തനക്ഷമമായിട്ടുണ്ട്. കൂടാതെ ജൽജീവൻ മിഷന്റെ ഭാഗമായി സ്ഥാപനത്തിലെ മിക്കവാറും വീടുകളിലേക്കും കുടിവെള്ള കണക്ഷൻ ലഭ്യമാകുന്ന പ്രവർത്തനങ്ങൾ നടന്നു വരുന്നു. ഇതിലൊക്കെ ഉപരിയായി വേനൽക്കാലത്ത് വൻതുക ചെലവഴിച്ച് കുടിവെള്ള വിതരണം സ്ഥാപനം നടത്തി വരുന്നുണ്ട്. ഓഡിറ്റ് വർഷം ഇതിനായി 9/25 പ്രോജക്ട് പ്രകാരം 2 ലക്ഷം രൂപ തനതു ഫണ്ട് വിനിയോഗിച്ചിട്ടുണ്ട്. ഈ സാഹചര്യത്തിൽ വൻ തുക പ്രതിമാസം ചെലവു വരുത്തി സ്ട്രീറ്റ് ടാപ്പുകൾ നിലനിർത്തേണ്ട സാഹചര്യം വ്യക്തമാക്കേണ്ടതാണ്. 2025 ആഗസ്റ്റ് മാസത്തെ വാട്ടർ അതോറിറ്റിയുടെ ഡിമാന്റ് നോട്ടീസ് പരിശോധിച്ചപ്പോൾ നിലവിലും 123 പൊതു ടാപ്പുകളുടെ വെള്ളക്കരം അടയ്ക്കുന്നതായി കാണുന്നു.

ഇക്കാര്യത്തിൽ സ്ഥാപനത്തിന്റെ/ഭരണ സമിതിയുടെ അഭിപ്രായവും കുടിവെള്ളക്കരം കുറച്ചു കൊണ്ടുവരുന്നതിന് സ്ഥാപനം സ്വീകരിച്ച നടപടികളും ജോയിന്റ് ഇൻസ്പെക്ഷൻ നടത്തിയിട്ടുണ്ടെങ്കിൽ ആയതിന്റെ വിശദാംശവും പരിശോധനയ്ക്ക് ലഭ്യമാക്കേണ്ടതാണെന്ന് ആവശ്യപ്പെട്ടുകൊണ്ട് നൽകിയ എൻക്വയറിക്ക് (നം.12/24-25 തീയതി 29-8-25) സ്ഥാപനം മറുപടി ലഭ്യമാക്കിയിട്ടില്ല. കുടിവെള്ളക്കരം കുറച്ച് കൊണ്ടുവരുന്നതിന് സ്ഥാപനം സ്വീകരിച്ച തുടർ നടപടികൾ അറിയിക്കേണ്ടതാണ്.

1-28 സ്ട്രക്ചറൽ ഡിസൈനിങ്ങിന് തുക നൽകൽ - പണം മുടക്കിയെങ്കിലും നിർമ്മാണങ്ങൾ ആരംഭിച്ചിട്ടില്ല.

| | |
|---|---|
| പ്രോജക്ട് നം | 292/25 എം.സി.എഫ് & എഫ്.എച്ച്. സി കെട്ടിട നിർമ്മാണം സോയിൽ ടെസ്റ്റും സ്ട്രക്ചറൽ ഡിസൈനിംഗും |
| നിർവ്വഹണം | സെക്രട്ടറി |
| ചെലവു തുക | ബിൽ സാങ്ഷൻ നമ്പർ/ തിയതി |
| 400000(തനതുഫണ്ട്) | 524/10-2-25 |

ചങ്ങരോത്ത് ഗ്രാമപഞ്ചായത്തിൽ പുതുതായി വാർഡ് 15-ൽ ആയുർവേദ ആശുപത്രിക്ക് പിറകിലായി എം.സി.എഫ് നിർമ്മാണവും വാർഡ് 12-ൽ നിലവിലുള്ള എഫ്.എച്ച്.സി കെട്ടിടത്തിന്റെ കോമ്പൗണ്ടിൽ പുതുതായി എഫ്.എച്ച്.സി കെട്ടിടം നിർമ്മിക്കുന്നതുമായും ബന്ധപ്പെട്ട് സോയിൽ ടെസ്റ്റും സ്ട്രക്ചറൽ ഡിസൈനും നടത്തുന്നതിനായിട്ടാണ് പദ്ധതി രൂപീകരിച്ചത്. ഇതിനായി കോഴിക്കോട് ഗവ. എഞ്ചിനീയറിങ് കോളേജിന്റെ പ്രൊഫോർമാ ഇൻവോയിസുകൾ പ്രകാരം(തീയ്യതിയും നമ്പരും സൂചിപ്പിക്കാത്ത) എം.സി.എഫ് കെട്ടിടത്തിന് 2,20,660 രൂപയും എഫ്.എച്ച്.സി കെട്ടിടത്തിന് 2,29,321 രൂപയും ഉൾപ്പെടെ ആകെ 4,00,000 രൂപ (ജി.എസ്.ടി ഉൾപ്പെടെ) ഗവ. എഞ്ചിനീയറിങ് കോളേജിന് നൽകിയിട്ടുണ്ട് . പ്രോജക്ട് നിർവ്വഹണത്തിലെ അപാകതകൾ താഴെ കൊടുക്കുന്നു.

1. ചീഫ് എഞ്ചിനീയറുടെ 12.03.21 ലെ ഡി.ബി.6/8463/2020/സി.ഇ/ത.സ്വ.ഭ.വ നമ്പർ സർക്കുലർ, പൊതുമരാമത്ത് വകുപ്പിന്റെ ജി.ഒ(ആർ.ടി)241/2014/PWD തിയതി 17.02.14 ഉത്തരവ് എന്നിവ പ്രകാരം ഇത്തരത്തിലുള്ള ഇൻവെസ്റ്റിഗേഷൻ നിരക്കുകൾക്കുള്ള എസ്റ്റിമേറ്റുകൾ പ്രൈസ് സോഫ്റ്റ്‌വെയർ മുഖാന്തിരമാണ് തയ്യാറാക്കേണ്ടതെന്ന് നിഷ്കർഷിക്കുന്നുണ്ട്. എന്നാൽ സ്ഥാപനം ഡിസൈനിങ്ങിന്റെ എസ്റ്റിമേറ്റ് പ്രൈസ് സോഫ്റ്റ്‌വെയറിൽ തയ്യാറാക്കാതെ ഓരോ ഇനത്തിനും നിശ്ചിത നിരക്ക് രേഖപ്പെടുത്തുകയാണ് ചെയ്തത്. ഗ്രാമപഞ്ചായത്ത്, എഞ്ചിനീയറിങ് കോളേജിന്റെ കത്തിന്റെ അടിസ്ഥാനത്തിൽ മാത്രം തുക നൽകുകയാണുണ്ടായത്.

2. എഞ്ചിനീയറിങ് കോളേജ് നാളിതുവരെയായി എഫ്.എച്ച്.സി കെട്ടിടത്തിന്റെ സ്ട്രക്ചറൽ ഡിസൈനും സോയിൽ ടെസ്റ്റ് റിപ്പോർട്ടും ഗ്രാമപഞ്ചായത്തിന് നൽകിയിട്ടില്ല. നിലവിൽ എഞ്ചിനീയറിംഗ് കോളേജിൽ നിന്നും പ്രസ്തുത സ്ഥലത്ത് സോയിൽ ടെസ്റ്റ് മാത്രം നടത്തിയതായി അന്നത്തെ അസിസ്റ്റന്റ് എഞ്ചിനീയറുടെ ചാർജ്ജുള്ള ഓവർസിയർ അറിയിച്ചു. കെട്ടിടത്തിന്റെ പ്ലാൻ ഭരണസമിതി അംഗീകരിച്ച് നൽകാതിരുന്നതിനാലാണ് എഞ്ചിനീയറിങ് കോളേജ് സ്ട്രക്ചറൽ ഡിസൈനും സോയിൽ ടെസ്റ്റ് റിപ്പോർട്ടും നൽകാതിരിക്കുന്നത് എന്നാണ് ഓവർസിയർ അറിയിച്ചത്. നിലവിലും പ്രസ്തുത കെട്ടിടത്തിന്റെ പ്ലാൻ ഭരണസമിതി അംഗീകരിച്ചിട്ടില്ല. എഫ്.എച്ച്.സി കെട്ടിടത്തിന്റെ പ്ലാൻ അംഗീകരിച്ച് നൽകാതെ സ്ട്രക്ചറൽ ഡിസൈനിനും സോയിൽ ടെസ്റ്റ് റിപ്പോർട്ടിനും തുക അടച്ചതെങ്ങിനെയെന്നത് വ്യക്തമാക്കേണ്ടതാണ്.

3. 12-3-25 ലെ GECK/1462/2024 - CCE നം കത്ത് പ്രകാരം എം.സി.എഫിന്റെ സ്ട്രക്ചറൽ ഡിസൈനും സോയിൽ ടെസ്റ്റ് റിപ്പോർട്ടും ലഭ്യമായിട്ടുണ്ട് . 2025-26 വർഷം അസിസ്റ്റന്റ് എഞ്ചിനീയർ നിർവ്വഹണ ഉദ്യോഗസ്ഥനായി 249/26 എം.സി.എഫ് കെട്ടിട നിർമ്മാണം എന്ന പേരിൽ 40,00,000 രൂപ സെൻട്രൽ ഫണ്ടും 20,00,000 രൂപ സി.എഫ്.സി ഗ്രാന്റും ഉൾപ്പെടെ ആകെ 60,00,000 രൂപ വകയിരുത്തിയിട്ടുണ്ട്. 20-7-2025 ലെ അസിസ്റ്റന്റ് എഞ്ചിനീയറുടെ കത്ത് പ്രകാരം പ്രസ്തുത കെട്ടിടം നിർമ്മിക്കുന്നതിന് 1.5 കോടിയോളം രൂപ ആവശ്യമായി വരുമെന്നും ആയത് റിവിഷനിൽ ഉൾപ്പെടുത്താൻ നടപടി സ്വീകരിക്കണമെന്നും സെക്രട്ടറിയെ അറിയിച്ചിട്ടുണ്ട്. സ്ട്രക്ചറൽ ഡിസൈനും സോയിൽ ടെസ്റ്റ് റിപ്പോർട്ടും ലഭ്യമായിട്ടും ഇതുവരെയും നിർമ്മാണത്തിനുള്ള നടപടികൾ ആരംഭിച്ചിട്ടില്ല.

മേൽ അപാകതകൾക്ക് വിശദീകരണം നൽകേണ്ടതാണെന്ന് ആവശ്യപ്പെട്ടുകൊണ്ട് നൽകിയ

എൻക്വയറിക്ക് (നം.5/24-25 തീയതി 27-8-25) സ്ഥാപനം മറുപടി ലഭ്യമാക്കിയിട്ടില്ല. എഫ്.എച്ച്.സിയുടെ നിർമ്മാണ പ്ളാൻ തയ്യാറാക്കി സമർപ്പിച്ച് സ്ട്രക്ചറൽ ഡിസൈനും സോയിൽ ടെസ്റ്റ് റിപ്പോർട്ടും ലഭ്യമാക്കേണ്ടതും എം.സി.എഫ്, എഫ്.എച്ച്.സി എന്നിവയുടെ നിർമ്മാണം എത്രയും പെട്ടെന്ന് ആരംഭിക്കാനുള്ള നടപടികൾ സ്വീകരിച്ച് അറിയിക്കേണ്ടതുമാണ്.

## 1-29 സബ്സെന്റർ നിർമ്മാണ പ്രവൃത്തി ആരംഭിക്കാത്തതിനാൽ ഹെൽത്ത് ഗ്രാന്റ് തിരിച്ചടവാക്കി.

ഫയൽ നംപർ - SC2-6693/24

ബിൽ സാങ്ഷൻ നം- 714/31-3-25

2024-25 വർഷം സെക്രട്ടറി നടപ്പിലാക്കിയ ഫാമിലി വെൽനസ്സ് സെന്റർ ചങ്ങരോത്ത് കെട്ടിടം നിർമ്മാണം തുക എൻ.എച്ച്.എം-ന് കൈമാറൽ എന്ന പ്രോജക്ട് പ്രകാരം (320/25) 27,75,000 രൂപ എൻ.എച്ച്.എം സ്റ്റേറ്റ് മിഷൻ ഓഫീസിന് കൈമാറിയിട്ടുണ്ട്. 16-9-2023-നാണ് പഞ്ചായത്തിന് സബ്സെന്റർ ആരംഭിക്കുന്നതിന് ഹെൽത്ത് ഗ്രാന്റിനത്തിൽ മേൽ തുക ലഭിച്ചത്. നിലവിൽ 19 വാർഡുകളുള്ള പഞ്ചായത്തിന് വാർഡ് അടിസ്ഥാനത്തിൽ 4 സബ്സെന്ററുകളാണ് അനുവദിച്ചിരിക്കുന്നത്. അതിൽ 5,6,7,8,9 വാർഡുകളിലായി 9-ാം വാർഡിൽ ഒറ്റക്കണ്ടം എന്ന സ്ഥലത്തും, 1, 2, 3, 4, 18 എന്നീ വാർഡുകളിലായി വാർഡ് 1-ൽ പാലേരി എന്ന സ്ഥലത്തും സബ്സെന്ററുകളുണ്ട്. 10,12,13,14,15 എന്നീ വാർഡുകളിലായി കല്ലൂർ സബ് സെന്റർ 11,16,17,19 എന്നീ വാർഡുകളിലായി ചങ്ങരോത്ത് സബ്സെന്റർ എന്നിവയാണ് ഗ്രാമ പഞ്ചായത്തിന് നിർമ്മിക്കേണ്ട സബ്സെന്ററുകൾ. തുക ലഭ്യമായി 2 വർഷത്തോളമായിട്ടും അനുയോജ്യമായ സ്ഥലം കണ്ടെത്താൻ പഞ്ചായത്തിന് സാധിച്ചിട്ടില്ല. 31-1-25 ലെ സ.ഉ (സാധാ) നം. 295/2025/LSGD, 24-2-2025 ലെ LSGD PD 18639/2023 – DPLA1 നമ്പരായി എൽ.എസ്.ജി.ഡി പ്രിൻസിപ്പൽ ഡയറക്ടർ ജോയിന്റ് ഡയറക്ടർമാർക്കയച്ച കത്ത് എന്നിവ പ്രകാരം സബ്സെന്ററുകൾ ആരംഭിക്കാൻ ബുദ്ധിമുട്ടുള്ള ഗ്രാമ പഞ്ചായത്തുകളും പ്രവൃത്തികൾക്കായി ടെണ്ടർ ക്ഷണിക്കുന്നതിനുള്ള നടപടികൾ പോലും സ്വീകരിച്ചിട്ടില്ലാത്ത പഞ്ചായത്തുകളും കെട്ടിട നിർമ്മാണത്തിനായുള്ള ഫണ്ടുകൾ നാഷണൽ ഹെൽത്ത് മിഷന് കൈമാറേണ്ടതാണെന്ന് നിർദ്ദേശിച്ചിട്ടുണ്ട്. ഇതിന്റെയടിസ്ഥാനത്തിലാണ് തുക നാഷണൽ ഹെൽത്ത് മിഷന് കൈമാറിയത്.

തുക ലഭ്യമായി നിശ്ചിത സമയത്തിനുള്ളിൽ അനുയോജ്യമായ സ്ഥലം കണ്ടെത്തി നിർമ്മാണം ആരംഭിക്കാതെ പണം തിരിച്ചടക്കാനിടയാക്കിയ സാഹചര്യം വിശദീകരിക്കേണ്ടതാണെന്ന് ആവശ്യപ്പെട്ടുകൊണ്ട് നൽകിയ എൻക്വയറിക്ക് (നം. 13/24-25 തീയതി 29-8-25) സ്ഥാപനം മറുപടി ലഭ്യമാക്കിയിട്ടില്ല. നഷ്ടമായ ഹെൽത്ത് ഗ്രാന്റ് തിരികെ ലഭ്യമാക്കി സബ്സെന്റർ നിർമ്മാണം ആരംഭിക്കാൻ സ്വീകരിച്ച നടപടികൾ അറിയിക്കേണ്ടതാണ്.

## 1-30 ആർ ട്രാക്ക് പദ്ധതി നടപ്പിലാക്കിയില്ല

നിർവ്വഹണ ഉദ്യോഗസ്ഥൻ - അസിസ്റ്റന്റ് എഞ്ചിനീയർ

പദ്ധതി - 216/25 (So)

ഗ്രാമപഞ്ചായത്തിന്റെ അധീനതയിലുള്ള ആസ്തികൾ ഡിജിറ്റലൈസ് ചെയ്ത് കാലികമാക്കുന്നതിനാണ് പദ്ധതി. 2022-23 വർഷത്തിൽ 22,800/- രൂപ ബിൽ നം. 345/ 27.3.23 പ്രകാരം ചെലവ് വന്നിട്ടുണ്ട്. തുടർന്ന് പദ്ധതി സ്പിൽ ഓവറായി 2024-25 വർഷത്തിൽ ഉൾപ്പെടുത്തിയെങ്കിലും നടപ്പിലാക്കിയിട്ടില്ല. ഫയലിൽ എഗ്രിമെന്റിന്റെ വിശദാംശങ്ങൾ ലഭ്യമല്ല. ആസ്തി ഡിജിറ്റലൈസേഷൻ പൂർത്തിയാക്കി KSREC (Kerala State Remote Sensing And Enviornment Centre) തയ്യാറാക്കിയ ഓൺലൈൻ പ്ലാറ്റ്ഫോമിലേക്ക് ലഭ്യമാക്കിയതിന്റെ വിശദാംശങ്ങൾ ലഭ്യമല്ല. പദ്ധതി പൂർത്തിയാക്കാത്തതിന് വിശദീകരണം നൽകാൻ ആവശ്യപ്പെട്ട് നൽകിയ എൻക്വയറിയ്ക്ക് നൽകിയ (നം.മറുപടി 22/24-25/29.8.25) മറുപടിയിൽ ഗ്രാമപഞ്ചായത്തിലെ 482 റോഡുകൾ സർവ്വേ ചെയ്ത് R-Track വെബ്സൈറ്റിൽ ഉൾപ്പെടുത്തിയെന്നും വാർഡിലെ മുഴവൻ റോഡുകളും ലിസ്റ്റിൽ വന്നിട്ടില്ലാത്തതിനാൽ റോഡുകൾ ട്രാക്ക് ചെയ്ത്

ഡിജിറ്റലൈസേഷൻ പൂർത്തിയാക്കുമെന്നും അറിയിച്ചിട്ടുണ്ട്. പദ്ധതി പൂർത്തിയാക്കിയതിന്റെ വിവരങ്ങൾ അറിയിക്കേണ്ടതാണ്.

## 1-31 ചെറിയകുമ്പളം ജി .എൽ. പി സ്കൂൾ - മേൽക്കൂര മാറ്റൽ പദ്ധതി നടത്തിപ്പിലെ അപാകതകൾ

File No. 127396

പ്രോജക്ട് നം. – 165/24-25

അടങ്കൽ - 979800

ചെലവ് തുക – 966746

ബിൽനം - 37/ 9.5.24 - 6,40,619

– 88/17.8.24 – 3,26,127

മേൽ പദ്ധതി പ്രകാരം ചെറിയ കുമ്പളം ജി.എൽ.പി സ്കൂൾ മേൽക്കൂര മാറ്റുന്ന പ്രവൃത്തിയാണ് ലക്ഷ്യമിട്ടത്. 14.2.24ന് 50/23-24 നമ്പർ എഗ്രിമെന്റ് പ്രകാരം ശ്രീ. മുജിബ്.പി.പി എന്ന കരാറുകാരൻ എസ്റ്റിമേറ്റ് നിരക്കിനേക്കാളും 3.2% കുറവ് നിരക്കിൽ പ്രവൃത്തി ഏറ്റെടുത്ത് നടപ്പിലാക്കിയിട്ടുണ്ട്. എസ്റ്റിമേറ്റ്, E-M Book എന്നിവ പരിശോധിച്ചതിൽ ഐറ്റം നം 1,2 ആയി ഡിസ്മാന്റലിംഗ് പ്രവൃത്തി അനുസരിച്ച് 195 Sqm അളവിൽ ആസ്ബറ്റോസ് ഷീറ്റ് ഡിസ്മാന്റിലിംഗ് നടത്തുകയും പ്രസ്തുത ഇനത്തിൻ 9,165/ രൂപ കരാറുകാരന് അനുവദിക്കുകയും ചെയ്തിട്ടുണ്ട്. എന്നാൽ ഇവയുടെ സ്റ്റാക്ക് രേഖപ്പെടുത്തുകയോ, പുനരുപയോഗപ്രദമാക്കിയ വിവരമോ, ലേലം ചെയ്ത വിവരമോ ഫയലിൽ ലഭ്യമല്ല. അപാകതയ്ക്ക് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ എൻക്വയറിയ്ക്ക് (നം.20/29.8.25) നൽകിയ മറുപടിയിൽ, അവ സ്റ്റാക്ക് ചെയ്ത് സർവ്വേ റിപ്പോർട്ട് തയ്യാറാക്കി സെക്രട്ടറിയ്ക്ക് നൽകിയതായി അറിയിച്ചിട്ടുണ്ട്. അവ ലേലം ചെയ്തതിന്റെ വിവരങ്ങളും തുടർ നടപടികളും ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 1- 32 അഗതി -ആശ്രയ അനർഹരെ കണ്ടെത്തുന്നതിന് നടപടികൾ സ്വീകരിച്ചില്ല

ഗ്രാമപഞ്ചായത്തിൽ അഗതി -ആശ്രയ ലിസ്റ്റിൽ നിലവിൽ 65 പേരാണുള്ളത്. 2024-25 വർഷം അഗതി-ആശ്രയ ഭക്ഷണ വിതരണത്തിന് ജനറൽ വിഭാഗത്തിൽ 2,00,000/-രൂപയാണ് ചെലവഴിച്ചിട്ടുള്ളത്.

നിലവിൽ 2017-18 ൽ ഫീൽഡ് വിസിറ്റ് നടത്തി തയ്യാറാക്കിയ ലിസ്റ്റ് പ്രകാരമാണ് ഗുണഭോക്താക്കൾക്ക് ഭക്ഷണവിതരണം ഉൾപ്പെടെയുള്ള ആനുകൂല്യങ്ങൾ വിതരണം ചെയ്യുന്നത്. ഡി.പി.ആർ പ്രകാരം 2019-20 വർഷം പ്രോജക്ട് പൂർത്തിയാക്കേണ്ടതായിരുന്നുവെങ്കിലും കാലികമാക്കാത്ത ലിസ്റ്റിൽ നിന്നുമാണ് 2024-25 വർഷത്തിലും ആനുകൂല്യങ്ങൾ നൽകി വരുന്നത്. ലിസ്റ്റ് കാലികമാക്കാത്തതിനാൽ അനർഹർക്ക് ആനുകൂല്യം വിതരണം ചെയ്യുന്നതിന് സാധ്യതയുണ്ട്. കൂടാതെ അഗതി-ആശ്രയ പദ്ധതി വിലയിരുത്തുന്നതിന് ഉപസമിതി രൂപീകരിച്ച് പ്രോജക്ട് മോണിറ്ററിംഗ് നടത്തുകയും ലിസ്റ്റിലുൾപ്പെട്ട അനർഹരെ കണ്ടെത്തുന്നതിന് നടപടി സ്വീകരിക്കുകയും ചെയ്തിട്ടില്ല.

അപാകതകൾ സൂചിപ്പിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല (നം- 16/24-25 തിയ്യതി-29.08.2025). അപാകതക്ക് മറുപടി ലഭ്യമാക്കേണ്ടതാണ്.

## 1-33 ബഡ്സ് റിഹാബിലിറ്റേഷൻ സെന്റർ മതിയായ രജിസ്ട്രേഷൻ ഇല്ലാതെ പ്രവർത്തിക്കുന്നു.

ഗ്രാമപഞ്ചായത്തിലെ 12-ാം വാർഡിൽ തന്തമല അംഗൻവാടിക്ക് സമീപം സ്വന്തം കെട്ടിടത്തിലാണ് ബഡ്സ് റിഹാബിലിറ്റേഷൻ സെന്റർ പ്രവർത്തിച്ചുവരുന്നത്. സ്ഥാപനത്തിൽ 18 പേർ സ്ഥിരമായി ക്ലാസിൽ വരുന്നുണ്ട്. ഇവരുടെ ശാരീരിക – മാനസിക വികാസത്തിനും, വൊക്കേഷണൽ ട്രെയിനിങ്ങിനും ആവശ്യമായ പ്രവർത്തനങ്ങൾ സംഘടിപ്പിക്കുന്നതിനും, സൗകര്യങ്ങൾ ഒരുക്കുന്നതിനും നടപടികൾ സ്വീകരിച്ചിട്ടില്ല. പദ്ധതി വർഷം ഈ സ്ഥാപനത്തിന്റെ നടത്തിപ്പുമായി ബന്ധപ്പെട്ട് അസി.സെക്രട്ടറി

നിർവ്വഹണോദ്യോഗസ്ഥനായി "ബഡ്സ് സ്കൂൾ -അനുബന്ധചെലവുകൾ (പ്രൊ.നം.21/24-25)" എന്ന പദ്ധതി നടപ്പിലാക്കിയിട്ടുണ്ട്. നിലവിൽ സ്ഥാപനം സാമൂഹ്യനീതി വകുപ്പിൽ രജിസ്റ്റർ ചെയ്യാതെയാണ് പ്രവർത്തിക്കുന്നത്. അപാകത സൂചിപ്പിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം-17/24-25 തിയ്യതി-29.08.25)മറുപടി ലഭ്യമാക്കിയിട്ടില്ല.

ബഡ്സ് റിഹാബിലിറ്റേഷൻ സെന്റർ പ്രവർത്തനം കാര്യക്ഷമമാക്കുന്നതിനും സാമൂഹ്യ നീതി വകുപ്പിൽ രജിസ്റ്റർ ചെയ്യുന്നതിനുമുള്ള നടപടികൾ സ്വീകരിച്ച് അറിയിക്കേണ്ടതാണ്.

### 1-34 ജലജീവൻ മിഷൻ

ഇന്ത്യയിലെ എല്ലാ വീടുകളിലും വ്യക്തിഗത ഫംഗ്ഷണൽ ഹൗസ്ഹോൾഡ് ടാപ്പ് കണക്ഷനുകൾ (FHTCs) വഴി സുരക്ഷിതമായതും ആവശ്യത്തിനുമുള്ള കുടിവെള്ളം എത്തിക്കുക എന്നതാണ് ജൽ ജീവൻ മിഷൻ (JJM) വിഭാവനം ചെയ്തിരിക്കുന്നത്. പദ്ധതി നടത്തിപ്പിനായി ഇംപ്ലിമെന്റ് സപ്പോർട്ട് ഏജൻസിയായ സെന്റ് തോമസ്സ് അസോസിയേഷൻ ഫോർ റൂറൽ സർവ്വീസുമായി 16.10.21-ന് ത്രികക്ഷി കരാർ ചമച്ചിട്ടുണ്ട്. കേരള വാട്ടർ അതോറിറ്റി Site പ്രകാരം ആകെ 7028 റൂറൽ ഹൗസ് ഹോൾഡിലുള്ളതായും നിലവിൽ 3383 F.H.T.C കണക്ഷൻ നൽകിയതായും ബാലൻസായി 3645 കണക്ഷൻ നൽകാൻ ഉള്ളതായും കാണിക്കുന്നു. ആകെ 48.14% വീടുകളാണ് കവർ ചെയ്തത് എന്നു കാണുന്നു. നിലവിൽ റെഡ് സ്റ്റാറ്റസ്സാണ് പഞ്ചായത്തിനുള്ളത്. ഗ്രാമപഞ്ചായത്തിൽ ജലജീവൻ പ്രോജക്ടിന്റെ ഭാഗമായി 2021 മുതൽ 2024-25 വരെയുള്ള കണക്കുകൾ ലഭിക്കാനായി നൽകിയ വിവരശേഖരണ പ്രകാരം മേൽ കാലയളവിൽ പഞ്ചായത്ത് ഫണ്ട് വകയിരുത്തുകയോ ഗുണഭോക്തൃവിഹിതം പിരിക്കുകയോ ചെയ്തിട്ടില്ല എന്നു കാണുന്നു. പഞ്ചായത്തിന്റെ കീഴിലുള്ള ജലജീവൻ കണക്ഷനുകളെ കുറിച്ചുള്ള ഡാറ്റകളൊന്നും പഞ്ചായത്തിൽ ലഭ്യമല്ല. അതുകൊണ്ട് തന്നെ ജലജീവൻ പദ്ധതികളുടെ പുരോഗമനം, ഫലപ്രാപ്തി എന്നിവ പരിശോധിക്കാൻ സാധിച്ചിട്ടില്ല.

### 1- 35 ഹെൽത്ത് ഗ്രാന്റ് അവലോകനം

പ്രാഥമിക ആരോഗ്യ പരിരക്ഷാ സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനായാണ് പതിനഞ്ചാം ധനകാര്യ കമ്മീഷൻ 2021-22 മുതൽ 2025-26 വരെ ഹെൽത്ത് ഗ്രാന്റ് അനുവദിച്ചിട്ടുള്ളത്. ആരോഗ്യ സ്ഥാപനങ്ങളുടെ ഭൗതിക സൗകര്യം മെച്ചപ്പെടുത്തുന്നതിനും പൊതുജനങ്ങൾക്ക് മികച്ച സേവനം നൽകുന്നതിനുമുള്ള ശ്രമങ്ങൾ നവകേരളം കർമ്മപദ്ധതിയുടെ ഭാഗമായി കേരളമൊട്ടാകെ നടന്നുവരികയായതിനാൽ മേൽപ്പറഞ്ഞ പ്രവർത്തനങ്ങൾക്കായി ആർദ്രം മിഷനിലൂടെ ആരോഗ്യ മേഖലാ ഗ്രാന്റ് ഉപയോഗപ്പെടുത്തുക എന്ന സമീപനമാണ് കേരളത്തിൽ സ്വീകരിച്ചിട്ടുള്ളത്. ഹെൽത്ത് ഗ്രാന്റിന്റെ നോഡൽ മന്ത്രാലയമായ കേന്ദ്ര ആരോഗ്യ കുടുംബക്ഷേമ മന്ത്രാലയം പുറപ്പെടുവിച്ച മാർഗ്ഗ നിർദ്ദേശങ്ങളെ അടിസ്ഥാനമാക്കിയാണ് കർമ്മപദ്ധതി തയ്യാറാക്കിയിട്ടുള്ളത്. ആരോഗ്യമേഖലാ ഗ്രാന്റ് വിനിയോഗത്തിനാധാരമായിട്ടുള്ള സർക്കാർ ഉത്തരവുകളും സർക്കുലറുകളും ചുവടെ ചേർക്കുന്നു .

| ക്രമ നമ്പർ | മാർഗരേഖയുടെ നമ്പർ, തീയതി |
|---|---|
| 1 | G.O(Rt) No. 2132/2022/LSGD Dated 31.08.2022 |
| 2 | G.O(Rt) No. 2156/2022/LSGD Dated 01.09.2022 |
| 3 | G.O(Rt) No. 3157/2022/LSGD Dated 21.12.2022 (Urban Local Bodies) |
| 4 | G.O(Rt) No. 1078/2022/LSGD Dated 20.05.2023 (Urban Local Bodies) |
| 5 | Circular No. FM3/138/2023/LSGD Dated 23.05.2023 |
| 6 | G.O(Rt) No. 1625/2023/LSGD Dated 09.08.2023 |

കുടുംബാരോഗ്യകേന്ദ്രത്തിലും സബ്സെന്ററുകളിലും രോഗ നിർണ്ണയ സൗകര്യങ്ങൾ ഏർപ്പെടുത്തുന്നതിനും, ആരോഗ്യ സ്ഥാപനങ്ങൾ മുഖേന ഹെൽത്ത് & വെൽനെസ്സ് പ്രവർത്തനങ്ങൾ നടപ്പാക്കുന്നതിനും കെട്ടിടമില്ലാത്ത കുടുംബാരോഗ്യ/ഉപകേന്ദ്രങ്ങൾക്ക് കെട്ടിട നിർമ്മാണത്തിനുമായി ഹെൽത്ത് ഗ്രാന്റ് ഉപയോഗിക്കേണ്ടതാണ്. ഇത് ധനകാര്യ കമ്മീഷൻ നിർദ്ദേശിച്ചിട്ടുള്ള വിവിധ സ്കീമുകൾ വഴിയാണ് നടപ്പാക്കേണ്ടത്. സ്കീമുകൾ താഴെ നൽകുന്നു.

സ്കീം-1 കെട്ടിടങ്ങൾ ഇല്ലാത്ത കുടുംബാരോഗ്യ ഉപകേന്ദ്രങ്ങൾക്ക് കെട്ടിടം നിർമ്മിക്കാൻ സഹായം

കെട്ടിടങ്ങൾ ഇല്ലാത്ത കുടുംബാരോഗ്യ ഉപകേന്ദ്രങ്ങൾക്ക് ഗ്രാമപഞ്ചായത്തിലെ അസിസ്റ്റന്റ് എഞ്ചിനീയർ നിർവ്വഹണ ഉദ്യോഗസ്ഥനായി കെട്ടിടം നിർമ്മിക്കാൻ ധനസഹായം നൽകുന്നു. കേന്ദ്ര ആരോഗ്യ കുടുംബ ക്ഷേമ മന്ത്രാലയം 31.08.2021 ന് പുറപ്പെടുവിച്ച സാങ്കേതിക മാർഗ്ഗരേഖയുടെ അനുബന്ധം-3.3 പ്രകാരമുള്ള ലേ-ഔട്ട് പ്ലാൻ കെട്ടിട നിർമ്മാണ മാതൃക പ്രകാരമാണ് കെട്ടിടങ്ങൾ നിർമ്മിക്കേണ്ടത്.

സ്കീം-2 ബ്ലോക്ക് പൊതുജനാരോഗ്യ കേന്ദ്രങ്ങൾക്ക് സഹായം

ബ്ലോക്ക് കുടുബാരോഗ്യങ്ങൾക്ക് വിവിധ പ്രവർത്തനങ്ങൽക്ക് സഹായം നൽകൽ

സ്കീം-3 ഗ്രാമപ്രദേശങ്ങളിലെ ആരോഗ്യ സ്ഥാപനങ്ങളിൽ രോഗ നിർണ്ണയ സൗകര്യങ്ങൾ ഏർപ്പെടുത്തൽ

പ്രാഥമികാരോഗ്യ പരിരക്ഷ നൽകുന്ന എല്ലാ ആരോഗ്യ സ്ഥാപനങ്ങളിലും രോഗനിർണ്ണയ സൗകര്യങ്ങൾ ഏർപ്പെടുത്തുകയാണ് ഈ സ്കീമിന്റെ ലക്ഷ്യം. ഉപകേന്ദ്രങ്ങളിൽ രോഗനിർണ്ണയം സൗകര്യങ്ങൾ ഏർപ്പെടുത്തൽ, കുടുംബാരോഗ്യ കേന്ദ്രങ്ങളിലും പ്രാഥമികാരോഗ്യ പരിരക്ഷ നൽകുന്ന മറ്റ് ആരോഗ്യ സ്ഥാപനങ്ങളിലും രോഗ നിർണ്ണയ സൗകര്യങ്ങൾ ഏർപ്പെടുത്തൽ എന്നീ രണ്ട് ഘടകങ്ങളിലായി പ്രവർത്തനം നടത്തുന്നു.

സ്കീം-4 ഗ്രാമപ്രദേശങ്ങളിലെ കുടുംബാരോഗ്യ കേന്ദ്രങ്ങളിലും ഉപകേന്ദ്രങ്ങളിലും ഹെൽത്ത് ആൻഡ് വെൽനസ് പ്രവർത്തനങ്ങൾ നടപ്പാക്കൽ.

ഗ്രാമപ്രദേശങ്ങളിൽ ആരോഗ്യ വർദ്ധക സേവനങ്ങൾ, ആരോഗ്യകരമായ ഭക്ഷണശീലം, വ്യായാമം, ശുചിത്വം മുതലായവ പ്രോത്സാഹിപ്പിക്കൽ, രോഗ പ്രതിരോധ പ്രവർത്തനങ്ങൾ, അസുഖങ്ങൾ പ്രാരംഭ ഘട്ടത്തിൽ തന്നെ കണ്ടുപിടിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ, ദീർഘകാല രോഗികൾക്ക് മാനസിക സാമൂഹ്യ പിന്തുണ നൽകൽ, പാലിയേറ്റീവ് പ്രവർത്തനങ്ങൾ തുടങ്ങിയവ ഉൾപ്പെടുന്നു.

സ്കീം-5 നഗരപ്രദേശങ്ങളിലെ പ്രാഥമികാരോഗ്യ കേന്ദ്രങ്ങളിലും ഉപകേന്ദ്രങ്ങളിലും രോഗ നിർണ്ണയ സൗകര്യങ്ങൾ ഏർപ്പെടുത്തൽ.

മെഡിക്കൽ ഉപകരണങ്ങൾ വാങ്ങുന്നതിനും കേരളാ മെഡിക്കൽ സർവ്വീസ് കോർപ്പറേഷനിൽ പരിശീലനവും ഉൾപ്പെടുന്നു.

സ്കീം- 6 അർബൻ ഹെൽത്ത് & വെൽനസ് കേന്ദ്രങ്ങൾ.

അർബൻ ഹെൽത്ത് & വെൽനസ് കേന്ദ്രങ്ങൾ, അർബൻ പോളിക്ലിനിക്കുകൾ സ്ഥാപിക്കൽ എന്നീ രണ്ട് ഘടകങ്ങൾ ഉൾപ്പെടുന്നു.

ഫണ്ട് വിശകലനം

ചങ്ങരോത്ത് ഗ്രാമപഞ്ചായത്തിൽ 2021-22 മുതൽ 2024-25 വരെ ലഭ്യമായ വിവിധയിനം ഹെൽത്ത് ഗ്രാന്റ് വിശദാംശം ചുവടെ ചേർക്കുന്നു.

| ക്രമ നം | സ്കീം & പ്രോജക്റ്റ് | 2021-22 | 2022-23 | 2023-24 | 2024-25 | ആകെ | ആകെ ചെലവഴിച്ച തുക | നീക്കിയിരിപ്പ് |
|---|---|---|---|---|---|---|---|---|

| | | | | | | | | |
|---|---|---|---|---|---|---|---|---|
| 1 | (Scheme-1) നിർമ്മാണ പ്രവൃത്തികൾ | 0 | | 27,75,000 | 0 | 27,75,000 | 27,75,000 | 0 |
| 2 | (Scheme-3) - ഡയഗ്നോസ്റ്റിക് | 2,36,447 | 10,41,000 | 4,35,000 | 0 | 17,12,447 | 12,77,376 | 4,35,071 |
| 3 | (Scheme-4) - ഹെൽത്ത് & വെൽനെസ് | 1,10,000 | 4,29,000 | 6,83,000 | 0 | 12,22,000 | 5,20,388 | 7,01,612 |
| | ആകെ | 3,46,447 | 14,70,000 | 38,93,000 | 0 | 57,09,447 | 45,72,764 | 11,36,683 |

(നോട്ട്- സ്കീം-1 പ്രകാരം ലഭ്യമായ തുക 2775000/-രൂപ ചെലവഴിക്കാത്തതിനാൽ സർക്കാർ നിർദ്ദേശ പ്രകാരം എൻ.എച്ച്.എം-ലേക്ക് 31.03.25 തിയ്യതിയിൽ തിരികെ അടവാക്കുകയാണുണ്ടായത്.)

സ്കീം 1,3,4 എന്നിവ പ്രകാരം ഗ്രാമ പഞ്ചായത്തുകളിൽ ഹെൽത്ത് ഗ്രാന്റ് ഉപയോഗിച്ച് വിഭാവനം ചെയ്ത പദ്ധതികളുടെ നിലവിലെ വിവരം ചുവടെ കൊടുക്കുന്നു.

<u>സ്കീം-1 (കെട്ടിടങ്ങൾ ഇല്ലാത്ത കുടുംബാരോഗ്യ ഉപകേന്ദ്രങ്ങൾക്ക് കെട്ടിടം നിർമ്മിക്കാൻ സഹായം- നടപ്പായ പദ്ധതികൾ)</u>

സ്കീം-1 പ്രകാരം ലഭ്യമായ തുക 2775000/-രൂപ ചെലവഴിക്കാത്തതിനാൽ സർക്കാർ നിർദ്ദേശ പ്രകാരം എൻ.എച്ച്.എം-ലേക്ക് 31.03.25 തിയ്യതിയിൽ തിരികെ അടവാക്കി.

<u>സ്കീം-3 ഗ്രാമപ്രദേശങ്ങളിലെ ആരോഗ്യ സ്ഥാപനങ്ങളിൽ രോഗ നിർണ്ണയ സൗകര്യങ്ങൾ ഏർപ്പെടുത്തൽ - നടപ്പിലാക്കിയ പദ്ധതികൾ</u>

| ക്രമ നം | വർഷം | പ്രോജ.നം. | പദ്ധതി | അടങ്കൽ തുക ₹ | ചെലവ് തുക ₹ |
|---|---|---|---|---|---|
| 1 | 2022-23 | (167/22-23) | ആരോഗ്യസ്ഥാപനങ്ങളിൽ രോഗ നിർണ്ണയ സൗകര്യം ഏർപ്പെടുത്തൽ | 2,36,447 | 2,03,447 |
| 2 | 2023-24 | (227/23-24 - SO) | ആരോഗ്യസ്ഥാപനങ്ങളിൽ രോഗ നിർണ്ണയ സൗകര്യം ഏർപ്പെടുത്തൽ | 10,41,000 | 8,64,151 |
| 3 | 2024-25 | (269/24-25) | " | 33,000 | 32,932 |
| 4 | 2024-25 | (268/24-25) | " | 1,76,849 | 1,76,846 |

<u>സ്കീം-4 ഗ്രാമപ്രദേശങ്ങളിലെ കുടുംബാരോഗ്യ കേന്ദ്രങ്ങളിലും ഉപകേന്ദ്രങ്ങളിലും ഹെൽത്ത് ആൻഡ് വെൽനസ് പ്രവർത്തനങ്ങൾ നടപ്പാക്കൽ - നടപ്പായ പദ്ധതികൾ</u>

| ക്രമ നം | വർഷം | പ്രോജ.നം | പദ്ധതി | അടങ്കൽ തുക ₹ | ചെലവ് തുക ₹ |
|---|---|---|---|---|---|
| 1 | 2023-24 | (219/23-24) | വെൽനസ് സെന്ററുകളുടെ പ്രവർത്തനം മെച്ചപ്പെടുത്തൽ | 110000 | 77900 |
| 2 | 2023-24 | (228/23-24) | ആരോഗ്യകേന്ദ്രങ്ങളിൽ ഹെൽത്ത് & വെൽനസ് പ്രവർത്തനങ്ങൾ മെച്ചപ്പെടുത്തൽ | 429000 | 61600 |

| | | | | | |
|---|---|---|---|---|---|
| 3 | 2024-25 | 267/24-25 | വെൽനസ് സെന്ററുകളുടെ പ്രവർത്തനം മെച്ചപ്പെടുത്തൽ(SO) | 32100 | 32080 |
| 4 | 2024-25 | 270/24-25 | ആരോഗ്യകേന്ദ്രങ്ങളിൽ ഹെൽത്ത് & വെൽനസ് പ്രവർത്തനങ്ങൾ മെച്ചപ്പെടുത്തൽ(SO) | 367400 | 348808 |

*ഗ്രാമപഞ്ചായത്തിന് ഹെൽത്ത് ഗ്രാന്റ് ഇനത്തിൽ നാളിതുവരെ ലഭിച്ച തുകയിൽ ബാങ്ക് അക്കൗണ്ടിൽ ലഭ്യമായ പലിശ 1,70,660/- ഉൾപ്പെടെ 13,07,343/- രൂപ 31.03.25 വരെ ചെലവഴിക്കാതെ അവശേഷിക്കുന്നു.

ഗ്രാന്റ് തുകയുടെ വിനിയോഗത്തിനായി കനറാ ബാങ്കിന്റെ കുത്താളി ശാഖയിൽ താഴെപ്പറയും പ്രകാരം മൂന്ന് അക്കൗണ്ടുകൾ ആരംഭിച്ചിട്ടുണ്ട്.

| ഇനം | അക്കൗണ്ട് നം. | 31.03.2025 പ്രകാരം നീക്കിയിരിപ്പ് തുക |
|---|---|---|
| സ്കീം 1 - കെട്ടിടങ്ങൾ ഇല്ലാത്ത കുടുംബാരോഗ്യ ഉപകേന്ദ്രങ്ങൾക്ക് കെട്ടിടം നിർമ്മിക്കുവാൻ സഹായം | 110042516198 | 1,25,597 |
| സ്കീം 3 - ഗ്രാമപ്രദേശങ്ങളിലെ ആരോഗ്യസ്ഥാപനങ്ങളിൽ രോഗനിർണ്ണയ സൗകര്യങ്ങൾ ഏർപ്പെടുത്തൽ | 110042507160 | 4,61,162 |
| സ്കീം 4 – ഗ്രാമപ്രദേശങ്ങളിലെ കുടുംബാരോഗ്യ കേന്ദ്രങ്ങളിലും ഉപകേന്ദ്രങ്ങളിലും ഹെൽത്ത് ആന്റ് വെൽനസ് പ്രവർത്തനങ്ങൾ നടപ്പാക്കൽ | 110042516350 | 7,20,584 |

അതത് സ്കീമുകളുടെ പ്രവർത്തനങ്ങൾക്കായി മാർഗ്ഗരേഖയിൽ നിർദ്ദേശിച്ച പ്രകാരമുള്ള നിർവ്വഹണ ഉദ്യോഗസ്ഥരാണ് ഗ്രാന്റ് തുകയുടെ വിനിയോഗം നിർവ്വഹിക്കുന്നത്. കെട്ടിട നിർമ്മാണ പ്രവർത്തനങ്ങൾ അസിസ്റ്റന്റ് എഞ്ചിനീയറും രോഗനിർണ്ണയ സൗകര്യങ്ങൾ ഏർപ്പെടുത്തൽ, ഹെൽത്ത് ആന്റ് വെൽനസ് പ്രവർത്തനങ്ങൾ എന്നിവ മെഡിക്കൽ ഓഫീസറുമാണ് നിർവ്വഹിക്കുന്നത്. 2022-23, 2023-24, 2024-25 വർഷങ്ങളിലായി ആകെ 11 പ്രോജക്ടുകൾ വിഭാവനം ചെയ്തിട്ടുണ്ടെങ്കിലും 8 പദ്ധതികളിൽ മാത്രമാണ് മുഴുവൻ തുകയും ചെലവഴിച്ചിട്ടുള്ളത്.

ഓരോ സാമ്പത്തിക വർഷവും അവസാനത്തെ ആഴ്ചകളിലാണ് തൻവർഷത്തെ ഗ്രാന്റുകൾ ഗ്രാമപഞ്ചായത്തിൽ ലഭ്യമാകുന്നത്. ആയതിനാൽ പദ്ധതികൾ സ്പിൽ ഓവറായി അടുത്ത വർഷങ്ങളിലേക്ക് നീണ്ടുപോകുന്നു. യഥാസമയം ഗ്രാന്റ് ലഭ്യമാകുന്ന സാഹചര്യമുണ്ടായാൽ പദ്ധതികൾ യഥാവിധി നടപ്പിലാക്കുവാൻ സാധിക്കുന്നതാണ് . PHC/CHC കളിൽ ലാബ് അടിസ്ഥാന സൗകര്യ വിപുലീകരണതിനുള്ള മാനദണ്ഡങ്ങൾ കൂടി പുതിയതായി ഉൾപ്പെടുത്തുന്നത് ഉപകാരപ്രദമാവുന്നതാണ്. SCHEME-3,4 ഇവയിലെല്ലാം ഓരോ സ്ഥാപനങ്ങളുടെയും സാഹചര്യമനുസരിച്ചുള്ള പൊതുജനാരോഗ്യ രംഗത്തെ നവീന പദ്ധതികൾ തുടങ്ങാനുള്ള നിർദേശം ഗൈഡ് ലൈനിൽ ഉൾപ്പെടുത്തുന്നത് ഉചിതമായിരിക്കും.

ആരോഗ്യകേന്ദ്രങ്ങളുടെ അടിസ്ഥാനസൗകര്യവികസനത്തിനും ചികിത്സാ സൗകര്യങ്ങൾക്കുമായി ഗ്രാന്റ് ഇനത്തിൽ ലഭിച്ച തുക സമയബന്ധിതമായി ഉപയോഗിക്കാത്ത പക്ഷം ആയത് ലാപ്സാകുന്നതാണ്. ആയതിനാൽ തുടർന്നുള്ള വാർഷിക പദ്ധതിയിൽ ഹെൽത്ത് ഗ്രാന്റ് ഇനത്തിലെ തുക കാര്യക്ഷമമായി പ്രയോജനപ്പെടുത്തുന്നതിനാവശ്യമായ പദ്ധതികൾ സമയബന്ധിതമായി നടപ്പിലാക്കി റിപ്പോർട്ട് ചെയ്യേണ്ടതാണ്. പഞ്ചായത്തിന് കീഴിലുള്ള ആരോഗ്യ സ്ഥാപനങ്ങളുടെ അടിസ്ഥാന സൗകര്യം, രോഗനിർണ്ണയ സൗകര്യം എന്നിവ മെച്ചപ്പെടുത്തുന്നതിന് ആരോഗ്യമേഖലാ വർക്കിംഗ് ഗ്രൂപ്പും ആരോഗ്യ

സ്റ്റാൻഡിംഗ് കമ്മറ്റിയും ആരോഗ്യ സ്ഥാപനങ്ങൾ സന്ദർശിച്ച് സൗകര്യങ്ങൾ വിലയിരുത്തി നിർദ്ദേശങ്ങൾ ഭരണസമിതിയെ അറിയിക്കേണ്ടതാണ്. ആവശ്യകതയ്ക്കനുസരിച്ച് പ്രോജക്ടുകൾക്ക് രൂപം നൽകുന്നതിന് ടി നിർദ്ദേശങ്ങൾ സഹായകമാകുന്നതാണ്. പ്രോജക്ടുകൾക്ക് അന്തിമ രൂപം നൽകുന്നതിൽ ആരോഗ്യമേഖലാ വർക്കിംഗ് ഗ്രൂപ്പ്, ആരോഗ്യത്തിന്റെ ചുമതലയുള്ള സ്റ്റാന്റിംഗ് കമ്മിറ്റി, ഭരണസമിതി എന്നീ തലങ്ങളിൽ ക്രിയാത്മകമായ ഇടപെടലുകൾ ഉണ്ടാവേണ്ടതാണ്.

## ഭാഗം -2

## വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -3

## ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

### 4-1 മെഡിസെപ് പ്രീമിയം ഒടുക്ക് സംബന്ധിച്ച പരിശോധന

2024-25 വർഷം ഗ്രാമപഞ്ചായത്തിലെ റഗുലർ ജീവനക്കാരിൽ നിന്നും ഈടാക്കിയ മെഡിസെപ് പ്രീമിയം സംബന്ധിച്ച വിവരങ്ങൾ താഴെ കൊടുക്കുന്നു.

1) മെഡിസെപ് പ്രീമിയം ഒടുക്ക് - റഗുലർ ജീവനക്കാർ

| ഓഡിറ്റ് വർഷത്തിലെ ജീവനക്കാരുടെ എണ്ണം* | മെഡിസെപ് പ്രീമിയം ഇനത്തിൽ ഈടാക്കിയ തുക | മെഡിസെപ് പ്രീമിയം ഇനത്തിൽ ഒടുക്കിയ തുക | ഒടുക്കാൻ ബാക്കി നിൽക്കുന്ന തുക | റിമാർക്സ് |
|---|---|---|---|---|
| 15 | 87,000 | 87,000 | ഇല്ല | |
| | 4,500** | 4,500 | ഇല്ല. | |

* 01.04.2024 മുതൽ 31.03.2025 നുള്ളിൽ സർവീസിൽ പ്രവേശിച്ചിട്ടുള്ളവരുടേത് ഒഴികെ

** ശ്രീ. വിഷ്ണു.ജി.മോഹൻ,ഓഫീസ് അറ്റന്റന്റ് 2023 ജനുവരിയിൽ ചങ്ങരോത്ത് ഗ്രാമ പഞ്ചായത്തിൽ സേവനത്തിൽ പ്രവേശിച്ചിട്ടുള്ളയാളാണ്. ടിയാന്റെ 7/2022 മുതൽ 3/2023 വരെയുള്ള കുടിശ്ശിക തുകയായ 4500 രൂപയും തൻ വർഷം ഈടാക്കി അടച്ചിട്ടുണ്ട്.

2) മെഡിസെപ് പ്രീമിയം ഒടുക്ക് - ( 01.04.2024 മുതൽ 30.06.2024 നള്ളിൽ സർവീസിൽ പ്രവേശിച്ചിട്ടുള്ള റഗുലർ ജീവനക്കാർ )

| ജീവനക്കാരുടെ എണ്ണം | സർവീസിൽ പ്രവേശിച്ച മാസം | മെഡിസെപ് പ്രീമിയം ഇനത്തിൽ ഈടാക്കിയ തുക (07/2022 മുതൽ അല്ലെങ്കിൽ 07/2023 മുതലുള്ള കുടിശ്ശിക ഉൾപ്പടെ)** | മെഡിസെപ് പ്രീമിയം ഇനത്തിൽ ഒടുക്കിയ തുക | ഒടുക്കാൻ ബാക്കി നിൽക്കുന്ന തുക | റിമാർക്സ് |
|---|---|---|---|---|---|
| ഇല്ല | | | | | |

3) മെഡിസെപ് പ്രീമിയം ഒടുക്ക് - (01.07.2024 ൽ സർവീസിൽ പ്രവേശിച്ചിട്ടുള്ള റഗുലർ ജീവനക്കാർ)

| ജീവനക്കാരുടെ എണ്ണം | മെഡിസെപ് പ്രീമിയം ഇനത്തിൽ ഈടാക്കിയ തുക (07/2022 മുതലുള്ള കുടിശ്ശിക ഈടാക്കിയിട്ടുണ്ടെങ്കിൽ ആയത് ഉൾപ്പടെ) | മെഡിസെപ് പ്രീമിയം ഇനത്തിൽ ഒടുക്കിയ തുക | ഒടുക്കാൻ ബാക്കി നിൽക്കുന്ന തുക | റിമാർക്സ് |
|---|---|---|---|---|
| ഇല്ല | | | | |

4) മെഡിസെപ് പ്രീമിയം ഒടുക്ക് - (01.08.2024 മുതൽ 31.03.2025നള്ളിൽ സർവീസിൽ പ്രവേശിച്ചിട്ടുള്ള റഗുലർ ജീവനക്കാർ )

| ജീവനക്കാരുടെ എണ്ണം | സർവീസിൽ പ്രവേശിച്ച മാസം | മെഡിസെപ് പ്രീമിയം ഇനത്തിൽ ഈടാക്കിയ തുക (07/2022 മുതൽ അല്ലെങ്കിൽ 07/2024 മുതലുള്ള കുടിശ്ശിക ഉൾപ്പടെ)*** | മെഡിസെപ് പ്രീമിയം ഇനത്തിൽ ഒടുക്കിയ തുക | ഒടുക്കാൻ ബാക്കി നിൽക്കുന്ന തുക | റിമാർക്സ് |
|---|---|---|---|---|---|
| ഇല്ല. | | | | | |

## 4-2 വാർഷിക ധനകാര്യ പത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ/ തീയതി |
|---|---|---|
| 2024-25 | 25.08.2025, 26.08.2025 | ഈ റിപ്പോർട്ടിനോടൊപ്പം പുറപ്പെടുവിച്ച |

## 4-3 സംയുക്ത പ്രൊജക്ടുകൾക്ക ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക | പ്രൊജക്ടിന്റെ പേര് | ചെലവ് |
|---|---|---|---|---|
| ബ്ലോക്ക് പഞ്ചായത്ത് | 2024-25 | 3,22,800 | ഭിന്നശേഷി വിദ്യാർഥികൾക്ക് സ്കോളർഷിപ്പ് | 3,22,800 |
| | 2024-25 | 50,000 | ക്ഷീര കർഷകർക്ക് പാലിന് സബ്സിഡി | 50,000 |
| | 2024-25 | 1,50,000 | കറവപ്പശുക്കൾക്ക് കാലിത്തീറ്റ വിതരണം | 1,50,000 |
| ജില്ലാ പഞ്ചായത്ത് | 2024-25 | 2,39,000 | ഭിന്നശേഷി വിദ്യാർഥികൾക്ക് | 2,39,000 |

| | | | | |
|---|---|---|---|---|
| | | | സ്കോളർഷിപ്പ് | |
| | 2024-25 | 2,52,000 | ക്ഷീര കർഷകർക്ക് പാലിന് സബ്സിഡി | 2,52,000 |
| | 2024-25 | 50,000 | കറവപ്പശുക്കൾക്ക് കാലിത്തീറ്റ വിതരണം | 50,000 |
| | 2024-25 | 2,60,000 | ലൈഫ് ഭവന പദ്ധതി-പട്ടിക ജാതി | 2,60,000 |
| | 2024-25 | 1,00,000 | ലൈഫ് ഭവന പദ്ധതി-പട്ടിക വർഗം | 1,00,000 |

4-4 മൊബിലൈസേഷൻ അഡ്വാൻസ്

ഇല്ല

4-5 ഡെപ്പോസിറ്റ് വർക്കുകൾക്ക് നൽകിയ തുകയുടെ വിവരം

| നിർവ്വഹണ ഏജൻസി | പ്രവൃത്തിയുടെ പേര് | ബിൽ നം, തീയതി | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക | ചെലവഴിക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|
| കെ.എസ്.ഇ.ബി | മുളവണ്ണാച്ച കുടിവെള്ള പദ്ധതിയ്ക്ക് ലൈൻ വലിക്കൽ | 678/24.03.2025 | 1,15,000 | - | 1,15,000 |
| പി.ഡബ്ല്യൂ.ഡി-ഇലക്ട്രോണിക്സ് | പഞ്ചായത്ത് ഓഫീസിൽ നെറ്റ് വർക്ക് വയറിങ് പുതുക്കൽ | 628/20.03.2025 | 4,99,700 | - | 4,99,700 |
| | പഞ്ചായത്ത് മീറ്റിംഗ് ഹാളിൽ നെറ്റ് വർക്ക് സൌണ്ട് സിസ്റ്റം സ്ഥാപിക്കൽ | 629/20.03.2025 | 4,65,000 | - | 4,65,000 |

4-6 വായ്പ / വായ്പ തിരിച്ചടവ്

ഓഡിറ്റ് വർഷം വായ്പ എടുത്തതിന്റെയും, തിരിച്ചടച്ചതിന്റെയും, വർഷാവസാനം തിരിച്ചടയ്ക്കാൻ അവശേഷിക്കുന്ന വായ്പ തുകയുടെയും വിശദവിവരം താഴെ കൊടുക്കുന്നു.

| വായ്പയുടെ ഉദ്ദേശം | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക | തൻവർഷം എടുത്ത വായ്പാ തുക | ആകെ | തൻവർഷം തിരിച്ചടച്ച തുക | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|
| ലൈഫ് ഭവന പദ്ധതി | 2,13,53,589 | 27,68,203 | 2,41,21,792 | 27,93,059 | 2,13,28,733 |

4-7 സ്ഥിര നിക്ഷേപം

ഇൻവെസ്റ്റ്മെന്റ് രജിസ്റ്റർ, വാർഷിക ധനകാര്യപത്രികയിലെ ബി-12 ഷെഡ്യൂൾ എന്നിവ പ്രകാരം ചങ്ങരോത്ത് ഗ്രാമപഞ്ചായത്തിന്റെ നിക്ഷേപ വിവരങ്ങൾ താഴെ ചേർക്കുന്നു.

| | |
|---|---|
| വർഷാരംഭത്തിൽ ഉണ്ടായിരുന്ന സ്ഥിരനിക്ഷേപം | 1,06,81,832 |

| | |
|---|---|
| തൻവർഷം നിക്ഷേപിച്ച തുക | 9,63,828 (പലിശ) |
| ആകെ | 1,16,45,660 |
| തന്നാണ്ടിൽ പിൻവലിച്ച തുക | 0 |
| വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപം | 1,16,45,660 |

സ്ഥിരനിക്ഷേപങ്ങൾ – ബാങ്കുകൾ

| ക്രമ നം. | ഇൻവെസ്റ്റ്മെന്റ് നം | സ്ഥാപനത്തിന്റെ പേര് (ബാങ്ക്/ ട്രഷറി/ പോസ്റ്റ് ഓഫീസ്) | തുക |
|---|---|---|---|
| 1 | 1426 | ഇ എം എസ് കോപ്പറേറ്റീവ് ഷെയർ | 10,000 |
| 2 | 001002014289 | ചങ്ങരോത്ത് സർവ്വീസ് കോപ്പറേറ്റീവ് ബാങ്ക് | 10,85,000 |
| 3 | 001002014290 | | 10,85,000 |
| 4 | 001002014291 | | 10,85,000 |
| 5 | 001002014292 | | 10,85,000 |
| 6 | 001002014293 | | 10,85,000 |
| 7 | 001002009866 | | 6,21,759 |
| 8 | 001002009867 | | 6,21,759 |
| 9 | 001002009868 | | 6,21,759 |
| 10 | 001002009869 | | 6,21,759 |
| 11 | 001002009870 | | 6,21,759 |
| 12 | 001002009871 | | 6,21,759 |
| 13 | 001002009872 | | 6,21,759 |
| 14 | 001002009873 | | 6,21,759 |
| 15 | 001002009874 | | 6,21,759 |
| 16 | 001002009875 | | 6,14,829 |
| | | ആകെ | 1,16,45,660 |

## 4-8 ഓഡിറ്റ് റിക്കവറി

| റിപ്പോർട്ട് വർഷം | ഭാഗം/ ഖണ്ഡിക | ഈടാക്കിയ തുക | ഒടുക്കിയ ആളുടെ പേരും ഉദ്യോഗപ്പേരും | രശീത് നം/ തീയതി |
|---|---|---|---|---|
| 2023-24 | ഖണ്ഡിക- 1-25 | 11,297/- | സോണി എം. അസി.എഞ്ചിനീയർ | 1240103750 Dtd 7-2-2025 |
| | ഓഡിറ്റ് എൻക്വയറി നം.6/2023-24 | 13,196/- | | 1240101421 Dtd 19-9-2024 |
| 2018-19 | ഖണ്ഡിക – 1-21 | 7,124/- | ബിജു എം പറശ്ശേരി, കരാറുകാരൻ | 1240101494 Dtd 25-9-2024 |

## 4-9 സമാഹൃത ഓഡിറ്റ് റിപ്പോർട്ട്

പഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടുകളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23-ാം വകുപ്പ് പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം |
|---|---|---|---|
| | 2014-15 (പ്രവർത്തന ക്ഷമതാ റിപ്പോർട്ട്) | 4.2.8 | ആർ.എം.എഫ്. ൽ ഒടുക്കിയ തുക കുറവ് |
| | | 5.7.1 | മൃഗസംരക്ഷണം നീക്കി വെയ്ക്കുന്ന തുകകൾ പരിമിതം |
| | | 5.7.3 | മൃഗസംരക്ഷണ പദ്ധതി നാമമാത്രം, പദ്ധതി നടത്തിപ്പിലെ കാര്യക്ഷമതയില്ലായ്മ |
| | | 5-7.12 | കർഷകർക്ക് പരിശീലനം നൽകിയില്ല, ഗോരക്ഷാ ക്യാമ്പ് നടത്തിയില്ല, സംസ്ഥാന വിഹിതം ലഭ്യമാക്കാത്തതിലെ കാലതാമസം, കാലിത്തീറ്റയുടെ ഗുണനിലവാരം പരിശോധിക്കുന്നില്ല |
| 2-3 | 2016-17 | അനുബന്ധം – 5 | തൊഴിൽ നികുതി അപാകതകൾ |

4-10 ചാർജ് /സർചാർജ് നടപടികളുടെ വിവരം

ഇല്ല

4-11 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് (റസീപ്റ്റ്&പേയ്മെന്റ് സ്റ്റേറ്റ്മെന്റ് പ്രകാരം) | 8,04,42,518 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് (റസീപ്റ്റ്&പേയ്മെന്റ് സ്റ്റേറ്റ്മെന്റ് പ്രകാരം) | 6,03,30,828 |
| വരവിനങ്ങളിലുള്ള നഷ്ടം | 0 |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | 0 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 13,53,635 |

(ബി) പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

-ഇല്ല-

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-19 | 16,096 | ശ്രീ.ഷാജി.എം.സ്റ്റീഫൻ<br>സെക്രട്ടറി |
| 1-21 | 1,00,000 | |
| 1-22 | 10,79,700 | |
| 1-23 | 1,27,284 | |
| 1-25 | 30,555 | ഡോ.സൌമ്യ എം.<br>മെഡിക്കൽ ഓഫീസർ ആയുർവേദം) |
| ആകെ | 13,53,635 | |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല.

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല.

(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന് / തടസ്സത്തിന് ഉത്തരവാദികളായവരുടെ പേരും സ്ഥിരം മേൽവിലാസവും

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ(ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ശ്രീ.ഷാജി.എം.സ്റ്റീഫൻ<br>(സെക്രട്ടറി) | സെക്രട്ടറി, ചങ്ങരോത്ത്<br>ഗ്രാമ പഞ്ചായത്ത് | മടുക്കിയാങ്കൽ (ഹൗസ്),കായണ്ണ<br>പി.ഒ 673526 |
| ഡോ.സൌമ്യ എം.<br>മെഡിക്കൽ ഓഫീസർ<br>(ആയുർവേദം) | മെഡിക്കൽ ഓഫീസർ,<br>ഗവ.ആയുർവേദിക്<br>ഡിസ്പെൻസറി<br>കടിയങ്ങാട് | “ശുഭ”<br>കുഴിപ്പള്ളി വീട്,<br>പന്തീരങ്കാവ് പി.ഒ,<br>പുത്തൂർമഠം,കോഴിക്കോട്-673019 |

4-12 തീർപ്പാക്കാൻ അവശേഷിക്കുന്നഓഡിറ്റ് റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകൾ |
|---|---|---|---|
| 1998-99 | കെ.എസ്.എ.കെ.കെ.ഡി.പി4/ 534/18(4)തീ.5.6.2018 | 3 | 39, 43, 44 |
| 1999-00 | കെ.എസ്.എ.കെ.കെ.ഡി.പി7/ 877/19(4)തീ.08.02.21 | 1 | 36 |

| | | | |
|---|---|---|---|
| 2001-02 | കെ.എസ്.എ.കെ.കെ.ഡി.പി7/<br>172/2022തീ.02.03.23 | 8 | 2-1(എ), 2-1(ബി), 2-2,<br>2-3, 2-4, 2-5, 2-12,2-14 |
| 2001-02<br>പ്ലാൻ | എൽ.എഫ്.കെ.കെ.ഡി.പി2/<br>832/03 തീ-11.11.2005 | 5 | 6, 8, 9, 10, 11 |
| 2006-07 | കെ.എസ്.എ.കെ.കെ.ഡി.പി7/<br>172/2022(5)തീ.03.03.23 | 13 | 2-10, 2-11, 2-12, 2-13,<br>2-14, 3-5, 3-6,3-8,<br>3-11, 3-16, 3-19,<br>3-20, 3-26 |
| 2007-08 | കെ.എസ്.എ.കെ.കെ.ഡി.പി7/<br>172/2022(6)തീ.03.03.23 | 4 | 3-2, 3-7, 3-18,<br>3-19 |
| 2010-11,<br>2011-12 | കെ.എസ്.എ.കെ.കെ.ഡി.പി7/<br>172/2022(9)തീ.07.03.23 | 2 | 3-8, 3-10, |
| 2012-13 | കെ.എസ്.എ.കെ.കെ.ഡി.പി7/<br>172/2022(10)തീ.07.03.23 | 4 | 2-3, 3-1,<br>3-13, 3-15, |
| 2013-14,<br>2014-15 | കെ.എസ്.എ.കെ.കെ.ഡി.പി7/<br>172/2022(11)തീ.08.03.23 | 3 | 3-1, 3-2, 3-6, |
| 2015-16 | *കെ.എസ്.എ.കെ.കെ.ഡി.പി7/<br>172/2022 (12) തീ.08.03.23* | 5 | 2-3(1,2),3-5, 3-7,<br>3-8,3-13 |
| 2016-17 | കെ.എസ്.എ.കെ.കെ.ഡി.പി7/<br>172/2022(13)തീ.08.03.23 | 1 | 3-1 |
| 2017-2018 | കെ.എസ്.എ.കെ.കെ.ഡി.പി7/<br>172/2022(14)തീ.09.03.23 | 14 | 1-6, 1-10(1,3,5,7,9,<br>10,13,14), 1-12, 2-1-1,<br>2-2, 2-3(1,2),<br>2-6, 3-1(2,3,4)<br>3-3(1,2,3,4),<br>3-4, 3-7,<br>3-8, 3-9,3-13 |
| 2018-19 | കെ.എസ്.എ.കെ.കെ.ഡി.പി7/<br>172/2022(15)തീ.09.03.23 | 4 | 1-7, 1-9(1-5), 1-20, 1-21, |
| 2019-20 | കെ.എസ്.എ.കെ.കെ.ഡി.പി.7/<br>1111/2022 തീ-02.06.2023 | 6 | 1-2 (7, 8, 9),<br>1-5 (എ, ബി, സി),<br>1-7 (4, 5),<br>1-9, 1-10, 1-13 |
| 2020-21 | കെ.എസ്.എ.കെ.കെ.ഡി.പി.7/<br>1111/2022 തീ-02.06.2023 | 24 | 1-1-1,1-1-3,1-1-4,1-1-5, 1-2, 1-4<br>മുതൽ 1-15വരെ, 1-17<br>മുതൽ 1-20വരെ , 1-23,<br>1-24, 1-25, 1-27,<br>1-28, ,1-29, 3-1,4-11 |
| 2021-22 | കെ.എസ്.എ.കെ.കെ.ഡി.<br>പി7/781/2024<br>തീ.8.07.24 | 29 | 1-1,1-2-1(1,2,3,4,8,9,10),<br>1-4-1,1-10 മുതൽ 1-17,1-19,1-20,<br>1-21,1-23,1-24,1-26,<br>1-27,1-28,1-30,1-34,1-35, |

| | | | |
|---|---|---|---|
| | | | 1-37,4-8,4-11 |
| 2022-23 | കെ.എസ്.എ.കെ.കെ.ഡി.പി7/ 782/2024തീ.07.05.24 | 28 | 1-1,1-1(1,2,3,4,5,6,7,8,10,11,12), 1-7,1-8,1-9,1-10,1-12, 1-13,1-14,1-15,1-17,1-20,1-21, 1-22,1-24,1-25,4-8 4-11 |
| 2023-24 | കെ.എസ്.എ.കെ.കെ.ഡി.പി7/ 534/2025 തീ.21.04.25 | 46 | 1-1,1-1(1,2,3,4,5,6,7,8,10,12, 13,15,16,17,18), 1-6 മുതൽ 1-9 (1,2,3,4,5,6,7,8) വരെ, 1-10, 1-11, 1-13 മുതൽ 1-18 വരെ, 1-21, 1-22,1-24,1-26 മുതൽ 1-33 വരെ, 1-36(a,C), 1-38(3), 1-40, 3-1, 3-3, 4-8, 4-11 |

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, കോഴിക്കോട്

# Annexure-1
## Audit Certificate

i. I have audited the attached Financial statements approved vide resolution number 1/1 dated 1/1 dated 02-06-2025 and submitted on 03-06-2025 , comprising of Receipt and Payment statement,Income and Expenditure account for the year ended on March 2025 and Balance sheet as on 31-03-2025 , with supporting forms, of the Changaroth Grama Panchayat as per section 215(4) of Kerala Panchayath Raj act 1994, Kerala Panchayath Raj Accounts rules 2011, KSAD Audit Manual chapters 4.2.1 & 11.3 and as per guidelines and compliance instructions issued by State / Central Government, Finance Commission and other funding agencies from time to time. Preparation of these accounts is the responsibility of the PRI's management. My responsibility is to express an opinion on these accounts based on my Financial Audit.
ii. I have conducted my Financial Audit in accordance with auditing standards issued by C&AG of India and Guidelines for Financial Audit of PRIs issued by C&AG. These standards/guidelines require that I plan and perform the audit to obtain reasonable assurance whether the financial statements are free from material misstatements. An audit includes examining evidences supporting the amounts and disclosures in the financial statements. An audit also includes assessing the accounting principles used and significant estimates made, as well as evaluating the overall presentation of accounts. I believe that my audit provides a reasonable basis for my opinion.
iii. On the basis of the information and explanations that I required and have obtained, and according to the best of my information as a result of Financial Audit of the accounts and on consideration of explanations given,
I certify that, subject to my observations in the appended report, except for the matters described in the basis for qualified opinion in the appended report and subject to other observations therein, the Annual Financial Statements give a true and fair view of financial result for the year 2024-2025 and Financial position of Changaroth Grama Panchayat as on 31-03-2025

Date: 07/10/2025 Deputy Director

Kerala State Audit Department

Audit Report appended to the Audit Certificate of Changaroth Grama Panchayat for the Year 2024-2025.

1.Major Observations

NIL

2.Other Observations

1. All statements required as per the accounting regulations are not seen submitted.
2. Cash flow statement does not match as per accounting regulations.
3. Difference in total amount of income and expenditure schedules.

4. Demand entries are not recorded in a timely manner.
5. Provisions have not been recorded in the balance sheet for various expenses.
6. Expenses incurred to create assets are not recorded in the appropriate head.

7. Depreciation exceeds itÂÂs asset value

8. The amount received for the deposit work has not been adjusted to date.

9.The amounts paid for the deposit work were not included in the correct head.

10. Stale cheque Amount not transferred from liability to revenue head.
11. Mismatch of MNREGS & Suchitwa mission grants in Balance sheet with their respective bank accounts.
12. Cheque deposited but not cleared amounts in reconciliation are not adjusted.
13. Directly debited by bank amounts in reconciliation are not adjusted.
14.The authenticity of the auction amounts was not confirmed.
15. Expenditure are being booked under the wrong head.
16. Depreciation made in a wrong manner.
17. Audit recovery amounts are kept in ownfund.
18. seperate bank account is not maintained for distress relief fund

## അനുബന്ധം-2

## ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

കോഴിക്കോട് ജില്ലയിലെ ചങ്ങരോത്ത് ഗ്രാമപഞ്ചായത്തിന്റെ 2024-2025 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, കോഴിക്കോട്
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്